വി.എസ്. അച്യുതാനന്ദൻ, *മുഖ്യമന്ത്രി*

# ജനപക്ഷ വികസനത്തിന് അടിത്തറയൊരുങ്ങി




കേരളപ്പിറവിയുടെ സുവർണജൂബിലി സമാപനാഘോഷവേദിയിൽ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം, ഗവർണർ ആർ.എൽ. ഭാട്യ, മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, മന്ത്രിമാരായ എം.എ. ബേബി, കെ.പി. രാജേന്ദ്രൻ, സ്പീക്കർ കെ.രാധാകൃഷ്ണൻ തുടങ്ങിയവർ.

**തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനലിനും എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റിനും തറക്കല്ലിട്ടുകൊണ്ടാണ് പ്രധാനമന്ത്രി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തത്. അന്ന് ഞാൻ ഒരു കാര്യം പ്രത്യേകം പറഞ്ഞു. ഐക്യകേരളത്തിന്റെ സുവർണ ജൂബിലി കേവലം ആഘോഷമായല്ല സംഘടിപ്പിക്കുക എന്ന്. കേരളത്തിന്റെ വികസനമുന്നേറ്റത്തിന് അടിസ്ഥാനമിടുകയും ആക്കം കൂട്ടുകയുമാണ് ജൂബിലിവേളയിൽ ചെയ്യുകയെന്ന്.**

കേരളപ്പിറവിയുടെ അമ്പതാം വാർഷികം തലസ്ഥാന നഗരിയിൽ പ്രധാനമന്ത്രി മൻമോഹൻസിങ്ങാണ് ഉദ്ഘാടനം ചെയ്തത്. അമ്പതുദിവസം നീണ്ടുനിന്ന വാർഷിക പരിപാടികളുടെ സമാപനം നമ്മുടെ സാംസ്കാരിക തലസ്ഥാനത്ത് നടക്കുമ്പോൾ രാഷ്ട്രപതി എ.പി.ജെ.അബ്ദുൾകലാം മുഖ്യാതിഥിയായി എത്തി എന്നത് ആഹ്ളാദകരമാണ്.

തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനലിനും എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റിനും തറക്കല്ലിട്ടുകൊണ്ടാണ് പ്രധാനമന്ത്രി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തത്. അന്ന് ഞാൻ ഒരു കാര്യം പ്രത്യേകം പറഞ്ഞു. ഐക്യകേരളത്തിന്റെ സുവർണ ജൂബിലി കേവലം ആഘോഷമായല്ല സംഘടിപ്പിക്കുക എന്ന്. കേരളത്തിന്റെ വികസനമുന്നേറ്റത്തിന് അടിസ്ഥാനമിടുകയും ആക്കം കൂട്ടുകയുമാണ് ജൂബിലിവേളയിൽ ചെയ്യുകയെന്ന്. അത് വലിയൊരളവോളം ചെയ്യാൻ കഴിഞ്ഞുവെന്ന കൃതാർത്ഥതയാണ് സർക്കാരിനുള്ളത്. ജൂബിലി ആഘോഷം വികസന-ക്ഷേമ പ്രവർത്തനരംഗത്തെ കുതിപ്പ് കൂടുതൽ ശക്തവും വ്യാപകവുമാക്കാനുള്ള തുടക്കമാക്കിമാറ്റാൻ സർക്കാരിന് കഴിഞ്ഞു.

സംസ്ഥാനത്തെ ഏറ്റവും വലിയ ജീവൽപ്രശ്നമായ കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ആത്മാർത്ഥ പരിശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കാർഷിക കടാശ്വാസകമ്മീഷൻ യാഥാർത്ഥ്യമാക്കാൻ രാപ്പകലില്ലാതെ പ്രവർത്തിക്കുന്നു. 27, 28, 29 തീയതികളിൽ നടന്ന പ്രത്യേക നിയമസഭാ സമ്മേളനം ഇതുസംബന്ധിച്ച ബില്ല് പാസാക്കിക്കഴിഞ്ഞു.

കഴിഞ്ഞ ഏതാനും വർഷമായി വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്നു നമ്മുടെ നാട്. ആ അവസ്ഥ മാറ്റി പൂട്ടിയ വ്യവസായങ്ങൾ തുറക്കാനും രോഗാതുര വ്യവസായങ്ങൾ പുനരുദ്ധരിക്കാനും പുതിയ വ്യവസായങ്ങൾ തുടങ്ങാനും ഈ സുവർണ ജൂബിലി വേളയിൽ നടപടികളുണ്ടായി. പാലക്കാട്ട് പതിനയ്യായിരം തൊഴിലവസരമുള്ള ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് നിർമാണം തുടങ്ങി. മൂന്നുകൊല്ലമായി പൂട്ടിയിട്ട കോഴിക്കോട്ടെ കോട്ടൺമിൽ തുറന്നു. കൊച്ചിയിൽ ടി.സി.സി.യുടെ പുതിയ പ്ലാന്റ് തുടങ്ങി. ഐ.എസ്.ആർ.ഒയുമായി സഹകരിച്ച് ചവറയിൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ സ്പോഞ്ച് ഫാക്ടറി ഉദ്ഘാടനം നടന്നു കഴിഞ്ഞു. ആലപ്പുഴയിലെ ഓട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പ്രതിസന്ധിക്ക് പരിഹാരം കൂടിയായി അവിടെ

**കഴിഞ്ഞ ഏതാനും വർഷമായി വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്നു നമ്മുടെ നാട്. ആ അവസ്ഥ മാറ്റി പൂട്ടിയ വ്യവസായങ്ങൾ തുറക്കാനും രോഗാതുര വ്യവസായങ്ങൾ പുനരുദ്ധരിക്കാനും പുതിയ വ്യവസായങ്ങൾ തുടങ്ങാനും ഈ സുവർണ ജൂബിലി വേളയിൽ നടപടികളുണ്ടായി.**

റെയിൽവേയുമായി സഹകരിച്ച് വാഗൺ നിർമാണശാല സ്ഥാപിക്കാൻ പ്രാഥമിക നടപടികളായി.

കേരളപ്പിറവിയുടെ ഉദ്ഘാടനവേളയിൽ എന്റെ അഭ്യർത്ഥന മാനിച്ച് അപ്പോൾത്തന്നെ പ്രധാനമന്ത്രി വാഗ്ദാനം ചെയ്തതാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് റിസർച്ചും ഐഐടിയും. നമ്മുടെ ചിരകാലാഭിലാഷമായ അവ രണ്ടും യാഥാർത്ഥ്യമാക്കുന്നതിലേക്ക് ഏറെ മുന്നോട്ടു പോകാൻ കഴിഞ്ഞ ഒന്നരമാസത്തിനിടയിൽ സാദ്ധ്യമായി. ഐ.ടി. രംഗത്താണ് സമീപഭാവിയിൽ ഏറ്റവും വലിയ പുരോഗതി നാം പ്രതീക്ഷിക്കുന്നത്. അഞ്ചുവർഷം കൊണ്ട് രണ്ടുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയണമെന്നാണാഗ്രഹം. ലോകത്തെ പ്രമുഖ ഐ.ടി. കമ്പനികളുടെ മേധാവികളുമായി ഞാൻ ചർച്ച നടത്തുകയുണ്ടായി. സ്വതന്ത്ര സോഫ്ട്വെയർ രംഗത്തെ ലോകത്തെ തന്നെ പ്രധാന കമ്പനിയായ റെഡ്ഹാറ്റിന്റെ അധികൃതർ എന്നെ കാണുകയുണ്ടായി. റെഡ്ഹാറ്റുമായി സഹകരിച്ച് വിപുലമായ സംരംഭങ്ങൾ തലസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വളരെ ഫലപ്രദമായ ആ ചർച്ച ഐ.ടി. രംഗത്തെ നമ്മുടെ കുതിപ്പിന് കരുത്ത് പകരും. കൊച്ചിയിൽ ഇൻഫോപാർക്ക് വികസിപ്പിക്കാൻ 136 ഏക്കറും തിരുവനന്തപുരത്ത് ടെക്നോസിറ്റി സ്ഥാപിക്കാൻ 500 ഏക്കറും പൊന്നുംവില കൊടുത്ത് അക്വയർ ചെയ്യുകയാണ്. ടെക്നോപാർക്കും വികസിപ്പിക്കുന്നു.

നമ്മുട ജലഗതാഗതരംഗത്തെ വികസനത്തിൽ രാഷ്ട്രപതി വലിയ താത്പര്യമെടുത്തതായി നിങ്ങൾക്കറിയാം. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയും അതിന്റെ അനുബന്ധമായി കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം സംസ്ഥാന ജലപാതകളും വികസിപ്പിക്കുന്നതിൽ ഇക്കഴിഞ്ഞ അമ്പതുദിവസത്തിനിടയിൽ കൈവരിച്ച നേട്ടം പരക്കെ അറിവുള്ളതാണ്. കൊല്ലത്തു നിന്ന് കായംകുളം വരെ ഞാൻ ബോട്ടിൽ സഞ്ചരിച്ച് പദ്ധതി അവലോകനം ചെയ്യുകയും തടസ്സങ്ങൾ നീക്കി അതിവേഗം പാത കമ്മീഷൻ ചെയ്യാൻ നടപടി തുടങ്ങുകയും ചെയ്തു.

കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട ആശങ്കയാണല്ലോ. ജലനിരപ്പ് 136 അടിയിൽ നിന്നും 142ഉം തുടർന്ന് 152ഉം അടിയായി ഉയർത്താനുള്ള തമിഴ്നാടിന്റെ നീക്കത്തെ തടയാനും നമ്മുടെ വാദത്തിന്റെ വസ്തുനിഷ്ഠത ബോധ്യപ്പെടുത്താനും ഈ കാലയളവിൽ കഴിഞ്ഞുവെന്നത് ചാരിതാർത്ഥ്യജനകമാണ്. ആയിരക്കണക്കിന് ഏക്കർ സ്ഥലം ലീസിന് വാങ്ങി തോട്ടം നടത്തുകയും കാലാവധി കഴിഞ്ഞശേഷം അത് സംസ്ഥാനത്തിന് തിരിച്ചുനൽകാതെ വിറ്റ് കാശാക്കുകയും ചെയ്യുന്നവരുണ്ട്. ചില വൻകിട തോട്ടക്കാർ സർക്കാർ സ്ഥലം കൈയേറിയിട്ടുണ്ട്. ആ കൈയേറ്റങ്ങൾ കണ്ടെത്താൻ അത്യാധുനിക സർവെ നടത്താൻ നടപടിയെടുത്തു. സംസ്ഥാനത്തിന്റെ അന്യാധീനപ്പെട്ട സ്വത്ത് വീണ്ടെടുക്കാൻ നടപടി തുടങ്ങിയിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും വീടുണ്ടാകണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി സമ്പൂർണ ഭവനപദ്ധതിക്ക് ഈ അമ്പതു ദിവസത്തിനകം തുടക്കം കുറിച്ചു. എല്ലാ വിഭാഗം ആളുകൾക്കും ക്ഷേമനിധിയുടെ ആശ്വാസം പകർന്ന് ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്തു. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് അടിസ്ഥാനമിട്ടു.

കഴിഞ്ഞ അമ്പത് ദിവസത്തെ അത്യുജ്ജ്വലമായ നേട്ടങ്ങളിൽ ഏതാനും ചിലതു മാത്രം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നുവെന്നേയുള്ളൂ. ഈ അടിത്തറയിൽ നിന്നുകൊണ്ട് നമുക്ക് തുടങ്ങണം; നമുക്ക് മുന്നേറണം. കേരളത്തിന്റെ ക്ഷേമത്തിനും വളർച്ചയ്ക്കുമായി ലോകത്തെങ്ങുമുള്ള മലയാളികൾ സമർപ്പിതമനസ്കരായി പ്രവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളപ്പിറവിയുടെ അമ്പതുനാൾ നീണ്ടുനിന്ന സുവർണജൂബിലി ആഘോഷം അതിന് പ്രചോദനവും ആവേശവുമായി എന്നതിൽ സന്തോഷമുണ്ട്. ■




**വിവര സാങ്കേതിക മേഖലയുടെ വികസനത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളെ സംബന്ധിച്ച് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ടെക്നോപാർക്കിൽ പ്രമുഖ കമ്പനി മേധാവികളുമായി ചർച്ച നടത്തുന്നു.**



ബി. മനോജ്

# 2006 ഘടികാരങ്ങൾ നിലയ്ക്കുന്നില്ല

**ഭരണമാറ്റത്തിലൂടെ സംസ്ഥാനത്തിന്റെ വികസന നയസമീപനങ്ങളിൽ ഉണ്ടായ വ്യതിയാനം സാധാരണക്കാരുടെ ജീവിതത്തിൽ ഉണർവു വരുത്തിയതാണ് 2006-ലെ ഏറ്റവും ശ്രദ്ധേയമായ കാര്യം.**

കേരളപ്പിറവിയുടെ സുവർണ ജൂബിലി വർഷമായ 2006 ചരിത്രത്തിന്റെ ഏടുകളിലേക്കു മറഞ്ഞു. സംഭവബഹുലമായിരുന്നു 2006. ഘടികാരങ്ങൾ നിലച്ചതേയില്ല. പ്രതീക്ഷകളുംആശങ്കകളും പങ്കുവച്ച ഒട്ടേറെ സംഭവവികാസങ്ങൾക്കു സാക്ഷ്യം വഹിച്ച കാലം. ഭരണമാറ്റത്തിലൂടെ കേരളത്തിന്റെ വികസനനയസമീപനങ്ങളിൽ ഉണ്ടായ വ്യതിയാനം സംസ്ഥാനത്തെ സാധാരണ ജനജീവിതത്തിൽ ഉണർവു വരുത്തിയതാണ് 2006-ൽ കേരളത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട കാര്യം. കടക്കെണിയിൽപ്പെട്ട കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിലും സ്മാർട്ട്സിറ്റി കരാറിൽ ജനകീയ താത്പര്യം ഉൾക്കൊള്ളിച്ച് ചർച്ച തുടരുന്നതിലും സർക്കാർ കാണിക്കുന്ന വ്യഗ്രത പുതിയൊരു സാമൂഹികക്രമം സൃഷ്ടിക്കുന്നതിന്റെ നാന്ദിയാണ്.

പതിവുപോലെ വിവാദങ്ങളും വിയോഗങ്ങളും ഇക്കുറിയും ധാരാളമുണ്ടായി. അസാധാരണമെന്നു വിശേഷിപ്പിക്കാൻ ഏറെയില്ലെങ്കിലും കൈവരിച്ച നേട്ടങ്ങൾ വളർച്ചയുടെ നിർണായക ഘട്ടങ്ങളാണെന്ന കാര്യത്തിൽ സംശയമില്ല. കൃഷിയിലും പാരമ്പര്യ വ്യവസായങ്ങളിലും വന്നുപെട്ട തകർച്ചയുടെ ആഘാതങ്ങൾ ഏറെ അനുഭവിച്ച വർഷമാണ് 2006. രക്ഷയ്ക്ക് ആണ്ടൊടുവിൽ തുടങ്ങിയ ചില ശ്രമങ്ങൾ വിജയം കണ്ടുവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി, വല്ലാർപാടം പദ്ധതി എന്നിവയുടെ മേൽ വീണ ആശങ്ക ഇനിയും മാറിയിട്ടില്ല. മലയാളിയുടെ നെഞ്ചിടിപ്പ് വർദ്ധിപ്പിച്ചുകൊണ്ട് 2006ന്റെ മദ്ധ്യകാലത്ത് സ്വർണ്ണവില കുതിച്ചുയർന്നത് ആശങ്കയ്ക്കും റബറിന്റെ വിലയിലുണ്ടായ വർദ്ധന ആശ്വാസത്തിനും വക നൽകി.

മലയാളിയുടെ ചിന്തകളിലും ചർച്ചകളിലും മാധ്യമങ്ങളുടെ വളച്ചൊടിക്കലുൾപ്പെടെയുള്ള വിചാരണകൾക്കും പാത്രീഭവിച്ച വിവാദങ്ങൾക്ക് 2006ലും പഞ്ഞമില്ലായിരുന്നു. സ്വാശ്രയപ്രൊഫഷണൽ കോളേജ് പ്രവേശനം, ശബരിമല ശ്രീകോവിലിൽ കയറിയതായി നടിയും നർത്തകിയുമായ ജയമാല നടത്തിയ അവകാശവാദം, തന്ത്രി വിവാദം, നാട്ടിലെ കർഷക ആത്മഹത്യ, മുല്ലപ്പെരിയാർ പ്രശ്നം എന്നിവ വിവാദങ്ങളിൽ ഏറ്റവും മുന്നിലായിരുന്നു.





വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ രൂപരേഖ

ഭരണമാറ്റവും പുതിയ രാഷ്ട്രീയ സാഹചര്യവും ഡി. ഐ. സി. (കെ) എൻ. സി. പിയിൽ ലയിച്ചതും തുടർന്ന് ഡി. ഐ. സി. യെ എൽ. ഡി. എഫിൽ നിന്ന് പുറത്താക്കിയതും. മുസ്ലീം ലീഗിനെതിരെ ആര്യാടൻ മുഹമ്മദ് നടത്തിയ പരാമർശം തുടങ്ങിയവ രാഷ്ട്രീയ രംഗത്ത് ഏറെ ചർച്ചകൾക്ക് വഴിവച്ചു. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികളിൽ ധ്രുവീകരണ പ്രക്രിയയുടെ ഭാഗമായി നടന്ന അച്ചടക്ക നടപടികൾ ഏറെ വാർത്താപ്രാധാന്യം നേടി. ഡിസംബറിൽ തിരുവമ്പാടി നിയമസഭാ മണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പിലെ എൽ ഡി എഫ് വിജയവും ഏറെ ശ്രദ്ധേയമായി.

മൺസൂൺ ടൂറിസം, സ്മാർട്ട് സിറ്റി, ടെക്നോസിറ്റി, ലക്കിവാറ്റ്, സ്പോർട്സ് ലോട്ടറി എന്നിവയും രണ്ട് വനിതാ ഉദ്യോഗസ്ഥർ - ചീഫ് സെക്രട്ടറി ലിസി ജേക്കബ്, മുഖ്യമന്ത്രിയുടെ സെക്രട്ടറി ഷീലാ തോമസ് - ഭരണ നിർവ്വഹണ രംഗത്തെ പ്രധാന ചുമതലകളിലെത്തിയതും മാധ്യമശ്രദ്ധ നേടിയ ചില സംഭവങ്ങളാണ്.

ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസായി നിയമിതനായതാണ് 2006ന്റെ ഒടുവിൽ പ്രബുദ്ധ കേരളത്തിനു കിട്ടിയ നല്ലവാർത്തകളിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്ന്.

ചില രാഷ്ട്രീയ സമരങ്ങളൊഴിച്ചാൽ കേരളം ശാന്തമാണ്. എന്നാൽ തെളിഞ്ഞും തെളിയാതെയും സംസ്ഥാനത്ത് അധോലോക സംഘങ്ങളുടെ സാന്നിദ്ധ്യമറിഞ്ഞതും 2006-ൽ ഞെട്ടലുണ്ടാക്കി. ആഗോളവത്കരണത്തിന്റെയും സൈബർ യുഗത്തിന്റെയും പുതിയ കാലഘട്ടത്തിൽ നമ്മുടെ പൈതൃകവും സംസ്കാരവും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ടുള്ള സാമ്പത്തിക-സാമൂഹിക വളർച്ച നേടാനുള്ള കേരളത്തിന്റെ ശ്രമം വിജയിക്കാൻ ഇനിയും നാം ഏറെ കരുതലോടെ മുന്നേറേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ-വ്യവസായ-കാർഷിക മേഖലകളിലെ ശാസ്ത്രീയവും സമഗ്രവുമായ ഉടച്ചുവാർക്കലാണ് ചെയ്യേണ്ടവയിൽ പ്രധാനപ്പെട്ടത്. കേരളത്തിന്റെ പതിനൊന്നാം പദ്ധതി രൂപീകരണ ചർച്ചകൾ അന്തിമഘട്ടത്തിലേക്ക് നീങ്ങുമ്പോൾ ഉത്പാദനമേഖലകൾക്ക് കരുത്തേകുന്ന വികസന സമീപനം സ്വീകരിക്കുന്നത് ഏറെ പ്രതീക്ഷകൾക്ക് വക നൽകുന്നു. അതെ; ചരിത്രം മുന്നോട്ടുതന്നെ നീങ്ങുകയാണ്. ഘടികാരങ്ങൾ നിലയ്ക്കുന്നില്ല. കരുത്തുറ്റ കേരളത്തിനായ് ശുഭപ്രതീക്ഷയോടെ 2007-നെ വരവേല്ക്കാം. ■

# വിയോഗങ്ങൾ, വേർപാടുകൾ

സംസ്കാര കേരളത്തിന് നികത്താനാകാത്ത നഷ്ടം വരുത്തിയ വേർപാടുകൾ 2006 ൽ നിരവധിയുണ്ടായി. പ്രശസ്ത നടി ഫിലോമിനയുടെ മരണം 2006ന്റെ ആദ്യ ദിനത്തിലായിരുന്നു. കഥകളിരംഗത്തെ ഭാവഗായകൻ കലാമണ്ഡലം ഹൈദരാലി, മലയാള നിരൂപണ രംഗത്തെ സൗമ്യസാന്നിദ്ധ്യമായിരുന്ന പ്രൊഫ. എസ്. ഗുപ്തൻനായർ, വിഖ്യാതസാഹിത്യ വിമർശകൻ പ്രൊഫ. എം. കൃഷ്ണൻ നായർ, പ്രശസ്ത ചലച്ചിത്ര-സിനിമ-സീരിയൽ നടൻമാരായ എം.എസ്. തൃപ്പൂണിത്തുറ, ഒടുവിൽ ഉണ്ണികൃഷ്ണൻ, കെ.പി.എ.സി. സണ്ണി, മലയാളിയുടെ ഹൃദയഭാവങ്ങൾക്ക് സംഗീതം പകർന്ന സംഗീത സംവിധായകൻ ജി. ദേവരാജൻ, മലയാളത്തിന്റെ പ്രിയ നടി ശ്രീവിദ്യ, പഴയകാല നടികളിൽ പ്രമുഖയായ പത്മിനി, മലയാള ഭാഷയ്ക്ക് മൊഴിമുത്തുകൾ ചാർത്തിയ കവി കുഞ്ഞുണ്ണി മാഷ്, തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനും മലബാർ കുടിയേറ്റത്തിന്റെ ശില്പിയുമായ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി, നീതിക്കായി ജീവിത യാത്രയിലൂടെ അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ട പ്രതീകമായ പ്രൊഫ. ടി.വി. ഈച്ചരവാര്യർ, മുൻ ഡി.ജി.പി. എം. കെ. ജോസഫ്, പ്രമുഖ യുക്തിവാദിയും പത്രപ്രവർത്തകനുമായിരുന്ന പവനൻ, ജോസഫ് ഇടമറുക്, മാനേജ്മെന്റ് വിദഗ്ധനായ ഡോ. എം. എൻ. വി. നായർ, മലയാളത്തിന്റെ അഭിമാനമായ പ്രിയകവികൾ പ്രൊഫ. തിരുനെല്ലൂർ കരുണാകരൻ, ഡോ. കെ. അയ്യപ്പപ്പണിക്കർ, ഇന്ത്യൻ ഫുട്ബാൾ ടീമിന്റെ മുൻ ക്യാപ്റ്റൻ വി.പി. സത്യൻ, തോമസ് സെബാസ്റ്റ്യൻ, പ്രശസ്ത ശിൽപി എം. ആർ. ഡി . ദത്തൻ, നൂറനാട് ഹനീഫ്, ഭാഷാ പണ്ഡിതനും നിരൂപകനുമായ പ്രൊഫ. കെ.എസ് നാരായണപിള്ള, കടവിൽ ശശി, മംഗളം പ്രസിദ്ധീകരണങ്ങളുടെ സ്ഥാപകനും ചീഫ് എഡിറ്ററുമായ എം.സി. വർഗീസ്, വാഴൂർ വാസുദേവൻ, എം. പി. ശങ്കുണ്ണിനായർ സിനിമാ നിർമാതാവ് കെ. പി. കൊട്ടാരക്കര എന്നിവർ 2006-ൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

രാഷ്ട്രീയ രംഗത്തും വേർപാടുകളിലൂടെയുള്ള നഷ്ടം വ്യഥയായി. സർവാദരണീയനായ കമ്മ്യൂണിസ്റ്റ് നേതാവും സ്വാതന്ത്ര്യസമര നേസാനിയും കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ അമരക്കാരനുമായ സി. കണ്ണൻ, കേരളത്തിലെ കമ്മ്യൂണിസ്റ്റ്, കർഷക പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച മുതിർന്ന സി.പി.ഐ (എം) നേതാവും മുൻമന്ത്രിയുമായ ടി.കെ. രാമകൃഷ്ണൻ, 1967ലെ ഇ.എം.എസ് മന്ത്രിസഭയിലെ അംഗമായിരുന്ന വെല്ലിങ്ടൺ, സ്വാതന്ത്ര്യ സമര നേനാനികളായ കെ. ഗോപാലൻ, ഡോ. ഒ.കെ. മാധവിയമ്മ, എൻ. സുബ്രഹ്മണ്യ ഷേണായി, മുൻ മന്ത്രിയും പ്രശസ്ത അഭിഭാഷകനും സോഷ്യലിസ്റ്റ് നേതാവുമായ കെ. ചന്ദ്രശേഖരൻ, തിരുവമ്പാടി എം. എൽ. എ. ആയിരുന്ന മത്തായി ചാക്കോ, വാഴൂർ മുൻ എം എൽ. എ. എം. കെ. ജോസഫ്, സി. പി. ഐ നേതാവ് എം. നസീർ, പ്രമുഖ നക്സലൈറ്റ് നേതാവ് മന്ദാകിനി നാരായണൻ എന്നിവർ അവരിൽ പ്രമുഖരാണ്.

# 2006 നാൾവഴി

ജനുവരി 04 : ഉമ്മൻചാണ്ടി മന്ത്രിസഭയിൽ എ. സുജനപാൽ പുതിയ മന്ത്രിയായി (വനം, പരിസ്ഥിതി വകുപ്പുകൾ) സത്യപ്രതിജ്ഞ ചെയ്തു.

ജനുവരി 13 : ലോകായുക്തയുടെ പ്രതികൂല പരാമർശത്തെത്തുടർന്ന് ആരോഗ്യമന്ത്രി കെ.കെ. രാമചന്ദ്രൻ മാസ്റ്റർ രാജിവച്ചു.

ജനുവരി 22 : കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് വിനോദ്കുമാർ ബാലി സത്യപ്രതിജ്ഞ ചെയ്തു.

ജനുവരി 29 : വയലാർ രവിയെ കേന്ദ്രപ്രവാസികാര്യ മന്ത്രിയായി നിയമിച്ചു. കേന്ദ്ര ക്യാബിനറ്റ് മന്ത്രിയാകുന്ന 11-ാമത്തെ മലയാളിയാണ് വയലാർ രവി.

ഫെബ്രു 11 : ദേശീയ സീനിയർ ബാൾ ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ കേരളം ജേതാക്കളായി. 62-ാം വയസിൽ ഇൻവിട്രോഫെർട്ടിലൈസേഷൻ (ലബോറട്ടറിയിൽ വച്ച് ബീജസങ്കലനം നടത്തുകയും ഭ്രൂണം ഗർഭപാത്രത്തിൽ നിക്ഷേപിക്കുകയും ചെയ്യുക) എന്ന മാർഗത്തിലൂടെ ഭവാനി അമ്മ ജന്മം നൽകിയ കണ്ണൻ എന്ന 2 വയസ്സുകാരൻ അപകടത്തിൽ (വെള്ളം നിറച്ച കുട്ടുകത്തിൽവീണ്) മരിച്ചു.

ഫെബ്രു 27 : മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിവരെ ഉയർത്താമെന്ന് സുപ്രീംകോടതി വിധിച്ചു.

മാർച്ച് 15 : മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ അണക്കെട്ടുകളുടെ ജലനിരപ്പ് നിജപ്പെടുത്താൻ ഡാം സുരക്ഷാ അതോറിറ്റിക്ക് കൂടുതൽ അധികാരം നൽകുന്ന കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ നിയമസഭ പാസാക്കി.

മാർച്ച് 28 : കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഔദ്യോഗിക വിജ്ഞാപനമിറങ്ങി.

ഏപ്രിൽ 05 : ഒരു കണ്ണ് ചൂഴ്ന്നെടുക്കുന്നതുൾപ്പെടെയുള്ള ശിക്ഷയ്ക്ക് വിധിക്കപ്പെട്ട് സൗദി അറേബ്യയിൽ ജയിലിൽ കഴിയുകയായിരുന്ന അഞ്ചൽ സ്വദേശി നൗഷാദിന് ഷാരിയ കോടതി മാപ്പുനൽകി. (നൗഷാദ് പിന്നീട് നാട്ടിൽ തിരിച്ചെത്തി).

ഏപ്രിൽ 06 : കൊച്ചിയിൽ നടന്ന ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇംഗ്ലണ്ടിനെ നാലു വിക്കറ്റിന് ഇന്ത്യ പരാജയപ്പെടുത്തി. സ്വന്തം നാട്ടിൽ ഇന്ത്യക്ക് വേണ്ടി കളിക്കുന്ന ആദ്യമലയാളിയെന്ന ബഹുമതി ശ്രീശാന്തിന്.

ഏപ്രിൽ 22 : കേരള നിയമസഭയുടെ ഒന്നാം ഘട്ട തിരഞ്ഞെടുപ്പ് നടന്നു.

മേയ് 04 : തൃശൂർപൂരത്തിന് പാറമേക്കാവ് വിഭാഗത്തിനായി വെടിക്കെട്ട് ഒരുക്കവെ വെടിമരുന്നുശാലയിലുണ്ടായ സ്ഫോടനത്തിൽ 7 പേർ മരിച്ചു.

: നിയമസഭാതെരഞ്ഞെടുപ്പിൽ പോളിങ് ശതമാനം 72.25 എന്ന് തെരഞ്ഞെടുപ്പ് കമ്മീഷണർ വ്യക്തമാക്കി. 2001 ലെ തെരഞ്ഞെടുപ്പിൽ ഇത് 72.45 ആയിരുന്നു.

മേയ് 10 : പുന്നയൂർക്കുളത്ത് കുടുംബസ്വത്തായി ലഭിച്ച 17 സെന്റ് സ്ഥലം കമലാസുരയ്യ സാഹിത്യ അക്കാദമിക്ക് സൗജന്യമായി നൽകി.

മേയ് 11 : 12-ാം നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം. എൽ.ഡി.എഫിന് വൻ വിജയം.

മേയ് 18 : വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള 19 അംഗ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേററു.

# ബഹുമതികൾ, പുരസ്കാരങ്ങൾ

പ്രശസ്ത ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ പത്മ വിഭൂഷൺ പുരസ്കാരത്തിന് അർഹനായി. കൊച്ചി സർവകലാശാലാ മുൻ വൈസ് ചാൻസലറും വിദ്യാഭ്യാസ വിദഗ്ദ്ധനുമായ എം.വി. പൈലി, ഗായിക പി. ലീല (മരണാനന്തരം), കണ്ണൂരിലെ വ്യവസായ പ്രമുഖനും കേന്ദ്രത്തിലെ മുൻ ഇലക്ട്രോണിക് സെക്രട്ടറിയുമായ കെ.പി.പി. നമ്പ്യാർ, ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യം തുടങ്ങിയവർക്ക് പത്മഭൂഷണും പ്രശസ്ത കവയിത്രി സുഗതകുമാരി, ചലചിത്രനടി ശോഭന എന്നിവർക്ക് പത്മശ്രീയും ലഭിച്ചു. സംസ്ഥാന സർക്കാർ മലയാള സാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്കു നൽകുന്ന എഴുത്തച്ഛൻ പുരസ്കാരം പ്രശസ്ത സാഹിത്യകാരൻ കോവിലന്. സംസ്ഥാന സർക്കാരിന്റെ 2006-ലെ രാജാരവിവർമ പുരസ്കാരത്തിന് വിഖ്യാത ചിത്രകാരൻ വി.എസ്. വല്യത്താൻ അർഹനായി.മഹാകവി പന്തളം കേരളവർമ്മ പുരസ്കാരത്തിന് പ്രശസ്ത കവി കടമ്മനിട്ടരാമകൃഷ്ണൻ അർഹനായി. പ്രമുഖ സാഹിത്യകാരനും കവിയുമായ ഡോ. കെ. അയ്യപ്പപ്പണിക്കർ 2005-ലെ സരസ്വതി സമ്മാൻ പുരസ്കാരത്തിന് അർഹനായി. കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരത്തിന് ചെമ്മനം ചാക്കോ, ഇ. വാസു, പ്രൊ. കെ.എസ്. നാരായണപിള്ള എന്നിവർ അർഹനായി. മലയാള സാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് കെ. തായാട്ടിന് ലഭിച്ചു. ആശാൻ സ്മാരക കവിതാപുരസ്കാരത്തിന് ഡി.വിനയചന്ദ്രൻ അർഹനായി. വള്ളത്തോൾ പുരസ്കാരത്തിന് ഒ.എൻ.വി. കുറുപ്പ് അർഹനായി 1,11,111 രൂപയും കീർത്തിഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സേതുവിന്റെ അടയാളങ്ങൾ എന്ന നോവലിന് വയലാർ അവാർഡ്. സച്ചിദാനന്ദന്റെ സമ്പൂർണ്ണ കാവ്യ സമാഹാരത്തിന് പ്രഥമ കേരളവർമ്മ സാഹിത്യ അവാർഡ്. 10-ാമത് പത്മപ്രഭാസാഹിത്യ പുരസ്കാരം നോവലിസ്റ്റ് പി. വത്സലയ്ക്ക്. മാതൃഭൂമി സാഹിത്യ പുരസ്കാരം എം. മുകുന്ദന്. മലയാള ഭാഷാ സാഹിത്യ മേഖലയിലെ സമഗ്രസംഭാവനയ്ക്കാണ് ഇത്. എം. സുകുമാരന്റെ ചുവന്ന ചിഹ്നങ്ങൾ എന്ന ചെറുകഥാ സമാഹാരത്തിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്. ഖത്തറിലെ സാംസ്കാരിക സംഘടനയായ പ്രവാസി ദോഹയുടെയും കൊച്ചി പ്രവാസി ട്രസ്റ്റിന്റെയും വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരത്തിന് നാടകനടി നിലമ്പൂർ ആയിഷ അർഹയായി. പ്രശസ്തനടി ആറന്മുള പൊന്നമ്മയ്ക്ക് ജെ.സി.ദാനിയേൽ അവാർഡ്. ചലചിത്രവേദിക്ക് 65 വർഷം നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. തൻമാത്ര മികച്ച ചിത്രം. ബ്ലെസി മികച്ച സംവിധായകൻ, മോഹൻലാൽ മികച്ച നടൻ, നവ്യനായർ മികച്ചനടി, ചിത്ര മികച്ച ഗായിക. എം. ജയചന്ദ്രൻ മികച്ച ഗായകൻ എന്നിങ്ങനെ സംസ്ഥാന ചലചിത്ര അവാർഡ് 2005 പ്രഖ്യാപിച്ചു. 2005-ലെ സംസ്ഥാന ടെലിവിഷൻ അവാർഡിൽ മികച്ച നടൻ സിദ്ദിഖ്, മികച്ചനടി അമ്പിളീദേവി, മികച്ച ടെലിഫിലിം ബി. ഉണ്ണിക്കൃഷ്ണൻ എന്നിവർ നേട്ടം കൊയ്തു (അന്നും മഴയായിരുന്നു.)


അടൂർ ഗോപാലകൃഷ്ണൻ


ശോഭന


അയ്യപ്പപ്പണിക്കർ


എം.വി.പൈലി


കെ.പി.പി.നമ്പ്യാർ


കാവുങ്കൽ


ചെമ്മനം ചാക്കോ


സുഗതകുമാരി


പി.ലീല

| | |
|---|---|
| മേയ് 19 | : റബറിന് കർഷകരുടെ സ്വപ്നവിലയായ 100 രൂപയിൽ എത്തി. ആർ.എസ്.എസ് 4ന് 100 രൂപയും ആർ.എസ്.എസ്. 5ന് 98 രൂപയുമായിരുന്നു അന്നത്തെ വില. |
| മേയ് 24 | : 12-ാം നിയമസഭയിലെ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. |
| | : പ്രതിപക്ഷനേതാവായി ഉമ്മൻചാണ്ടി തെരഞ്ഞെടുക്കപ്പെട്ടു. |
| മേയ് 25 | : സി.പി.എം. നേതാവും മുൻമന്ത്രിയുമായ കെ. രാധാകൃഷ്ണൻ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. |
| മേയ് 29 | : തിരുവമ്പാടിയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മത്തായി ചാക്കോ എറണാകുളം ലേക്ഷോർ ആശുപത്രിയിൽ വച്ച് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. |
| മേയ് 31 | : സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനായി പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധൻ പ്രഭാത് പട്നായിക്കിനെ നിയമിക്കാൻ മന്ത്രിസഭാ തീരുമാനം. |
| ജൂൺ 12 | : സംസ്ഥാനത്തിന്റെ പുതിയ അഡ്വക്കറ്റ് ജനറലായി ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ സി.പി. സുധാകര പ്രസാദ് ചുമതലയേററു. |
| ജൂൺ 15 | : മലയാളിയായ ശശി തരൂരിനെ ഐക്യരാഷ്ട്ര സഭയുടെ അടുത്ത സെക്രട്ടറി ജനറൽ സ്ഥാനാർത്ഥിയായി ഇന്ത്യ പ്രഖ്യാപിച്ചു. |
| ജൂൺ 16 | : വനപാലകർ തളച്ച കൊലകൊല്ലി എന്ന ഒററയാൻ ചരിഞ്ഞു. |
| ജൂൺ 20 | : സി.പി.ഐ.യിലെ ജോസ് ബേബിയെ നിയമസഭാ ഡെപ്യൂട്ടി സെക്രട്ടറിയായി തെരഞ്ഞെടുത്തു. |
| ജൂൺ 21 | : പ്രൊഫഷണൽ കോളേജുകളെ സംബന്ധിക്കുന്ന സ്വാശ്രയബിൽ നിയമസഭയിൽ അവതരിപ്പിച്ചു. |
| ജൂൺ 23 | : നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായി സൈമൺ ബ്രിട്ടോ സത്യപ്രതിജ്ഞ ചെയ്തു. |
| ജൂൺ 24 | : എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഥമ ബഡ്ജററ് നിയമസഭയിൽ അവതരിപ്പിച്ചു. |
| | : (ധനമന്ത്രി തോമസ് ഐസക്കിന്റെ ബജററ് പ്രസംഗം കേരള നിയമസഭയുടെ ചരിത്രത്തിൽ റെക്കോർഡായി. 2 മണിക്കൂർ 25 മിനിററ് 55 സെക്കന്റെടുത്താണ് അദ്ദേഹം ബഡ്ജറ്റ് പ്രസംഗം പൂർത്തിയാക്കിയത്. ) |
| ജൂൺ 26 | : തിരുവിതാംകൂർ ദേവസ്വംബോർഡിലെ നിയമനങ്ങളിൽ 33 ശതമാനം സംവരണം ഏർപ്പെടുത്തി സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. |
| ജൂലായ് 02 | : നിയമസഭ പാസാക്കിയ സ്വാശ്രയ നിയമം ഗവർണർ ആർ.എൽ.ഭാട്ടിയ ഒപ്പുവച്ചു. |
| ആഗസ്റ്റ് 03 | : പെപ്സിയും കൊക്കക്കോളയും ഉൾപ്പെടെയുള്ള ശീതളപാനീയങ്ങളിൽ മാരകമായ അളവിൽ കീടനാശി |

നികൾ അടങ്ങിയിട്ടുണ്ടെന്ന് സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് കണ്ടെത്തി.

ആഗസ്റ്റ് 09 : സംസ്ഥാനത്ത് കൊക്കക്കോളയും പെപ്സിയും നിരോധിക്കാൻ മന്ത്രിസഭാതീരുമാനം.

ആഗസ്റ്റ് 12 : 54-ാമത് നെഹ്റു ട്രോഫി പായിപ്പാടൻ ചുണ്ടന്

ആഗസ്റ്റ് 17 : മനോരമ ന്യൂസ് ചാനൽ സംപ്രേഷണം ആരംഭിച്ചു.

ആഗസ്റ്റ് 16 : പി.എസ്.സി. ചെയർമാനായി കെ.വി. സലാഹുദ്ദീനെ നിയമിക്കാൻ മന്ത്രിസഭാ തീരുമാനം.

ആഗസ്റ്റ് 25 : കൊളംബോയിൽ നടന്ന ദക്ഷിണേന്ത്യൻ ഗെയിംസ് അത്‌ലററിക്സിലെ ലോംഗ് ജംപ് സ്വർണം മലയാളി താരം അഞ്ജു ബോബിജോർജ് നേടി.

സെപ്ത 07 : ശ്രീനാരായണ ഗുരുവിന്റെ രൂപം ആലേഖനം ചെയ്ത (നൂറുരൂപയുടെയും അഞ്ചുരൂപയുടെയും) നാണയങ്ങൾ പുറത്തിറങ്ങി.

സെപ്ത 12 : മുല്ലപ്പെരിയാർ ഡാം അപകടാവസ്ഥയിലാണെന്ന് ഡാം സന്ദർശിച്ച നിയമസഭാ പെററിഷൻസ് കമ്മിററി വിലയിരുത്തി.

സെപ്ത 15 : ടി.യു കരുവിള പൊതുമരാമത്ത് മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.

സെപ്ത 19 : കേരള സ്പോർട്സ് കൗൺസിൽ പ്രസിഡണ്ടായി ടി.പി. ദാസനെ നിയമിച്ചു.

സെപ്ത 22 : സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ കോളനിരോധനം ഹൈക്കോടതി റദ്ദാക്കി.

സെപ്ത 23 : നവരാത്രി മണ്ഡപത്തിലെ നവരാത്രി സംഗീതോത്സവത്തിൽ ആദ്യമായി ഒരു ഗായിക കീർത്തനങ്ങൾ ആലപിച്ചു. ഈ ചരിത്രനിയോഗമുണ്ടായത് പാറശ്ശാല ബി. പൊന്നമ്മാൾ എന്ന മഹാസംഗീതവിദുഷിക്ക്.

സെപ്ത 29 : കേരളത്തിന് 765.24 കോടി രൂപയുടെ കാർഷിക പാക്കേജ് കേന്ദ്രം പ്രഖ്യാപിച്ചു.

ഒക്ടോബർ05 : സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അടുത്ത അധ്യയനവർഷം മുതൽ 4-ാം ക്ലാസുവരെ മാതൃഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവിറക്കി.

: ശിവഗിരി ധർമ സംഘം പ്രസിഡണ്ടായി സ്വാമി പ്രകാശാനന്ദ തിരഞ്ഞെടുക്കപ്പെട്ടു.

ഒക്ടോബർ18 : നെയ്യാർ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്നതിനുള്ള നിയമസഭാ പ്രമേയം അംഗീകരിച്ചു.

ഒക്ടോബർ20 : എം. മുകുന്ദനെ കേരള സാഹിത്യ അക്കാദമി പ്രസിഡന്റായും മുരളിയെ സംഗീത നാടക അക്കാദമി ചെയർമാനായും ഒ.എൻ.വി. കുറുപ്പിനെ കേരള കലാമണ്ഡലം ചെയർമാനായും കെ.ആർ. മോഹനനെ ചലച്ചിത്ര അക്കാദമി ചെയർമാനായും സി.എൻ. കരുണാകരനെ ലളിതകലാ അക്കാദമി ചെയർമാനായും നിയമിച്ചു.

ഒക്ടോബർ22 : സന്തോഷ് ട്രോഫി സെമിഫൈനലിൽ കേരളം ബംഗാളിനോട് തോററു.

ഒക്ടോബർ24 : മുതിർന്ന കോൺഗ്രസ് നേതാവും കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയുമായ എ.കെ. ആന്റണി പ്രതിരോധ മന്ത്രിയായി ചുമതലയേററു.

ഒക്ടോബർ27 : ശ്രീശാന്തിനെ ഇന്ത്യൻ ക്രിക്കററ് ടീമിലേക്ക് തിരിച്ചു വിളിച്ചു.

ഒക്ടോബർ30 : മൂവാററുപുഴ ലോകസഭാ മണ്ഡലത്തിൽ നിന്നുള്ള പി.സി. തോമസിന്റെ തിരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കി.

: ലിസിജേക്കബിനെ ചീഫ് സെക്രട്ടറിയായി നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. പത്മാരാമചന്ദ്രനുശേഷം സംസ്ഥാനത്ത് ചീഫ് സെക്രട്ടറി പദവിയിലെത്തുന്ന വനിതയാണ് ലിസി ജേക്കബ്.

: പ്രഗത്ഭ നയതന്ത്രജ്ഞൻ ശിവശങ്കരൻ മേനോനെ വിദേശകാര്യ സെക്രട്ടറിയായി നിയമിക്കാൻ കേന്ദ്രം തീരുമാനിച്ചു.

നവംബർ01 : പ്രധാനമന്ത്രി മൻമോഹൻ സിങ് കേരളത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള 50 ദിവസത്തെ പരിപാടികൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

നവംബർ 05 : 2 സ്വർണ്ണവും 4 വെള്ളിയും 10 വെങ്കലവുമായി 191 പോയിന്റ് നേടി ആറു വർഷത്തെ ഇടവേളയ്ക്കു ശേഷം കേരളം ദേശീയ സീനിയർ അത്‌ലറ്റിക്സിൽ ചാമ്പ്യൻമാരായി.

നവംബർ 12 : ഡിഐസി (കെ) എൻ സി പിയിൽ ലയിച്ചു.

നവംബർ 14 : മുല്ലപ്പെരിയാർ ജലനിരപ്പ് 136 അടി കവിഞ്ഞ് തമിഴ്നാട് എറിച്ചിപാലം വഴി അധികജലം തുറന്നുവിട്ടതിനെത്തുടർന്ന് ഹൈവേ തകർന്നു.

നവംബർ17 : സംസ്ഥാന സ്പോർട്സ് സൂപ്പർ ബംബർ ലോട്ടറി ഉദ്ഘാടനം ചെയ്തു.

നവംബർ19 : തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ തീപിടുത്തം.

: ജില്ലാതലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാൻ തീരുമാനം

നവംബർ21 : കെ. മുരളീധരനെ എൻ സി പി സംസ്ഥാന പ്രസിഡന്റ് ആയി തിരഞ്ഞെടുത്തു. കെ. കരുണാകരൻ എൻ സി പി മുഴുവൻ സമയപ്രവർത്തക സമിതിയംഗം.

ഡിസം 01 : ചുമട്ടുതൊഴിലാളികൾ അട്ടിമറിക്കൂലിയും നോക്കുകൂലിയും അവസാനിപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു.

ഡിസം 04 : അരലക്ഷം പേർക്ക് തൊഴിലവസരമൊരുക്കുന്ന ടെക്നോസിറ്റി പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം.

• തിരുവമ്പാടിയിൽ ഉപതിരഞ്ഞെടുപ്പ് നടന്നു. 84.11% പോളിംഗ്.

ഡിസം 07 : തിരുവമ്പാടി ഉപതിരഞ്ഞെടുപ്പിൽ എൽ ഡി എഫിലെ സി പി ഐ (എം) സ്ഥാനാർത്ഥി ജോർജ് എം തോമസ് 246 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എതിർ സ്ഥാനാർത്ഥി യു.ഡി.എഫിലെ മുസ്ലീംലീഗ് സ്ഥനാർത്ഥി ഉമ്മർ മാസ്റ്ററെ പരാജയപ്പെടുത്തി

ഡിസം 08 : 11-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള ഐ എഫ് എഫ് കെ 2006 ന് തുടക്കം

ഡിസം 10 : ദോഹ ഏഷ്യൻ ഗെയിംസിൽ അഞ്ജു ബോബി ജോർജിന് വെള്ളി മെഡൽ

ഡിസം 11 : എൻ സി പി യെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്നും പുറത്താക്കി

ഡിസം 13 : സംസ്ഥാനത്ത് സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ 6 മാസം വരെ കരുതൽ തടങ്കലിൽ വയ്ക്കാൻ വ്യവസ്ഥ ചെയ്യുന്ന ഗുണ്ടാ നിയമഓർഡിനൻസിന് മന്ത്രിസഭായോഗം അംഗീകാരം നൽകി.

ഡിസം 15 : യുവമോർച്ച സംസ്ഥാന പ്രസിഡണ്ടായിരുന്ന കെ.ടി ജയകൃഷ്ണൻ മാസ്റ്റർ വധക്കേസിലെ 5 പ്രതികളുടെ വധശിക്ഷ സുപ്രീംകോടതി റദ്ദാക്കി.

ഡിസം 20 : കേരളപ്പിറവിയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം രാഷ്ട്രപതി എ. പി. ജെ അബ്ദുൾകലാം കൊച്ചിയിൽ നിർവഹിച്ചു.

ഡിസം 23 : ജസ്റ്റിസ്. കെ.ജി ബാലകൃഷ്ണൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയി നിയമിതനായി.

ഡിസം 29 : കാർഷിക കടാശ്വാസകമ്മീഷൻ ബില്ല് നിയമസഭ പാസ്സാക്കി. ■



അജി കൊളോണിയ

# ജീവിതസായാഹ്നം പ്രശോഭിതമാക്കാൻ

**വയോജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ കണക്കിലെടുത്ത് അവരുടെ ക്ഷേമവും പരിചരണവും പരിരക്ഷയും ലക്ഷ്യമാക്കി സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച വയോജന നയത്തിന്റെ സംക്ഷിപ്ത രൂപമാണ് ചുവടെ...**

സംസ്ഥാനം വൃദ്ധരുടെ കാര്യത്തിൽ വളരെ സവിശേഷമായ ഒരു സാമൂഹിക പ്രതിസന്ധി നേരിടുന്ന കാലമാണിത്. ഒരു വശത്ത് വൃദ്ധരെ പരിത്യജിക്കുന്ന സ്ഥിതിവിശേഷം വ്യാപകമാവുകയും മറുവശത്ത് ചെറുപ്പക്കാർ ദൂരെയുള്ള നാടുകളിൽ കുടിയേറുന്നത് വർധിച്ചു വരികയും ചെയ്യുന്നതിനാൽ പാവപ്പെട്ടവർക്കും പണക്കാർക്കും വേണ്ടിയുള്ള വയോജന ഭവനങ്ങൾ കേരളത്തിൽ ധാരാളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഒരു പഠനമനുസരിച്ച് രാജ്യത്ത് ഏറ്റവുമധികം വയോജന ഭവനങ്ങളുള്ളത് കേരളത്തിലാണ്. എന്നാൽ ഇത്തരം ഭവനങ്ങൾക്ക് ഒട്ടേറെ പോരായ്മകളുണ്ട്. ആരോഗ്യമുള്ള വൃദ്ധർക്ക് മാത്രമാണ് പ്രവേശനം നല്കാറുള്ളത്. ഇവയിൽ മിക്കവയും വൃദ്ധരുടെ മേൽനോട്ടച്ചുമതലയാണ് നിർവഹിച്ചു വരുന്നത്. മിക്ക വയോജന ഭവനങ്ങളുടെയും നടത്തിപ്പിൽ പ്രാഗത്ഭ്യം കാണാനേ യില്ല. പലതിനും അടിസ്ഥാന സൗകര്യങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ല. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ വയോജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ കണക്കിലെടുത്ത് അവരുടെ ക്ഷേമവും പരിചരണവും പരിരക്ഷയും ലക്ഷ്യമാക്കി ഒരു പ്രത്യേക നയം പ്രഖ്യാപിച്ചിരിക്കുന്നത്.

വയോജനങ്ങളെ സാമ്പത്തികവും ആരോഗ്യപരവും സാമൂഹികവും വൈകാരികവുമായ തലങ്ങളിൽ ശാക്തീകരിക്കുവാനും അവർക്ക് ആത്മവിശ്വാസത്തോടെ ഫലപ്രദവും തൃപ്തികരവുമായ ജീവിതം നയിക്കുന്നതിനും പര്യാപ്തമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ഈ നയം ക്രിയാത്മകവും സജീവവും നേതൃത്വപരവുമായ സർക്കാർ പങ്കാളിത്തം വിഭാവനം ചെയ്യുന്നുണ്ട്.

ശ്രദ്ധയും പരിചരണവും ആവശ്യമായ വയോജനങ്ങൾക്ക്, അതായത് എൺപതു വയസിനു മേൽ പ്രായമുള്ളവർ, വിധവകൾ,

അവിവാഹിതരും കുട്ടികളില്ലാത്തവരുമായ സ്ത്രീകൾ, വികലാംഗർ, ദുർബലർ, അനാഥർ, വീട്ടിൽ മറ്റാരും ഇല്ലാത്തവർ, മാരകമായ രോഗം പിടിപെട്ടവർ, ബന്ധുക്കളാരും ഇല്ലാത്തവർ മുതലായവർക്ക് - ക്രിയാത്മക നടപടി മുഖേന പ്രത്യേക പരിപാലനവും പരിരക്ഷയും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും ഈ നയം മുൻകൂട്ടി കാണുന്നുണ്ട്.

## ആരോഗ്യ പശ്ചാത്തലം

കേരളത്തിലെ വയോജനങ്ങളിൽ നല്ലൊരു ഭാഗത്തിന് ഇപ്പോഴും നല്ല ആരോഗ്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ, വിശേഷിച്ചും 70നു മേൽ പ്രായമുള്ളവരുടെ, ആരോഗ്യസ്ഥിതി ഉത്കണ്ഠാജനകമാണ്. പകരുന്ന രോഗങ്ങളും പകരാത്ത (ജീവിത ശൈലി മുഖേന ഉള്ള) രോഗങ്ങളും ഒരേ സമയം നിയന്ത്രിക്കേണ്ടതായ ഇരട്ട ഉത്തരവാദിത്തമാണ് കേരളത്തിനുള്ളത്. 1977-ൽ ഇവയുടെ അനുപാതം യഥാക്രമം 56:44 എന്നിങ്ങനെ ആയിരുന്നു. രണ്ടു വിഭാഗം രോഗങ്ങളും വൃദ്ധരിൽ നിന്ന് വേണ്ടത്ര വിഹിതം എടുക്കാറുണ്ട്. സംസ്ഥാനത്തിന്റെ ആരോഗ്യ സംരക്ഷണ സമ്പ്രദായത്തിൽ കാര്യമായ മാറ്റം ആവശ്യമുണ്ടെന്ന് ഇത് തെളിയിക്കുന്നു. ആസന്നഭാവിയിൽത്തന്നെ മൊത്തം ജനസംഖ്യയുടെ അഞ്ചിലൊരു ഭാഗം വയോജനങ്ങളായിത്തീരുന്ന സാഹചര്യത്തിൽ വൃദ്ധപരിപാലനത്തിന് കനത്ത ഊന്നൽ നല്കുന്ന ഒരു പരിഷ്കരണമാണ് നമുക്കു വേണ്ടത്.

വയോജനങ്ങളിൽ താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ് പ്രത്യേക സഹായം അത്യാവശ്യമായിട്ടുള്ളത്. (1) 80 വയസ്സിനുമേൽ പ്രായമുള്ളവർ (2) വിധവകൾ, അവിവാഹിതർ, സന്താനങ്ങളില്ലാത്തവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ (3) വികലാംഗരും ദുർബലരും (4) അടുത്ത ബന്ധുക്കളാരും ജീവിച്ചിരിപ്പില്ലാത്തവർ (5) വീട്ടിൽ മറ്റാരും ഇല്ലാത്തവർ (6) ഗുരുതരവും മാരകവുമായ രോഗം ബാധിച്ചവർ (7) അഗതികൾ. വയോ വൃദ്ധരുടെ മുഖ്യധാരയിലേക്ക് ഇവരെ ആനയിക്കുന്നതിന് ക്രിയാത്മക നടപടിയും പരിപാടികളും ആവശ്യമാണ്.

വയോജനങ്ങളെ സംബന്ധിച്ച സർക്കാർ നയത്തിൽ ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുകയും യഥോചിതം ഉൾപ്പെടുത്തുകയും വേണം.

## നയപ്രസ്താവന

സംസ്ഥാനത്തെ വയോജന നയരേഖ പ്രകാരം വയോജനങ്ങൾ എന്ന് വിവക്ഷിക്കുന്നത് 60 വയസ്സ് തികഞ്ഞവരെ ആയിരിക്കും. എന്നാൽ ആരോഗ്യപൂർണവും ഫലപ്രദവും ഊർജസ്വലവുമായ വാർധക്യ ജീവിതത്തിന് സജ്ജമാക്കുന്നതിനുവേണ്ടി അതിനു മുമ്പുള്ള പ്രായക്കാരെക്കൂടി ഉൾക്കൊള്ളുന്നുണ്ട് എന്നതാണ് വയോജന നയത്തിന്റെ ഒരു സവിശേഷത.

യുവാക്കളും വയോജനങ്ങളും തമ്മിലുള്ള ഒരുമയും അഭിപ്രായ സമന്വയവും വളർത്തുന്നതിന് അനുയോജ്യമായ കർമപരിപാടികൾ നടപ്പിലാക്കുന്നതാണ്.

വയോജനങ്ങൾക്കു വേണ്ടിയുള്ള ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സർക്കാരിതര സംഘടനകളും ഉൾപ്പെടെയുള്ള തദ്ദേശ സമൂഹത്തിന് നിർണായകമായ പങ്കുള്ളതായി ഈ നയം അംഗീകരിക്കുന്നു. ഉചിതമായ സാമ്പത്തിക-സാമ്പത്തികേതര പ്രോത്സാഹനങ്ങളിലൂടെ ഇവയെ സഹായിക്കുകയും ചെയ്യുന്നതാണ്.

## കർമ പദ്ധതി

വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള ഒരു സമയാധിഷ്ഠിത കർമ പദ്ധതി സർക്കാർ രൂപവത്കരിക്കുന്നതാണ്.

## സാമ്പത്തിക സുരക്ഷ

നിലവിലുള്ള ചട്ടപ്രകാരം മതിയായ വാർധക്യകാല പെൻഷൻ അർഹരായവർക്ക് സർക്കാർ ലഭ്യമാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നതാണ്. വിവിധ പെൻഷൻ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും സംയോജിപ്പിക്കുകയും ചെയ്യുക, ചട്ടങ്ങൾ ലഘൂകരിക്കുക, നടപടിക്രമങ്ങൾ സുതാര്യമാക്കുക, തദ്വാരാ ഗുണം ലഭിക്കേണ്ട എല്ലാവർക്കും പെൻഷൻ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുക എന്നീ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ആനുകൂല്യത്തിനുള്ള അർഹത നിശ്ചയിക്കുന്നതിലും അപേക്ഷ വേഗത്തിൽ അംഗീകരിക്കുന്നതിലും വൃദ്ധർക്ക് - വിശേഷിച്ചും വിധവകൾ, അവിവാഹിതർ, കുട്ടികളില്ലാത്തവർ, ഒറ്റയ്ക്കു കഴിയുന്നവർ, ബന്ധുക്കൾ കൂടെയില്ലാത്തവർ തുടങ്ങിയവർക്ക്- പ്രത്യേക പരിഗണന നല്കുന്നതാണ്. ഒരാൾ അർഹമായ നിശ്ചിത പ്രായത്തിൽ എത്തിക്കഴിഞ്ഞാൽ പെൻഷൻ ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമുള്ള വ്യവസ്ഥകൾ പദ്ധതിയുടെ അവിഭാജ്യഘടകമായിരിക്കും.

എല്ലാ ക്ഷേമനിധി പദ്ധതികളും ദേശീയ സമീപനങ്ങൾക്ക് അനുസൃതമായി നവീകരിക്കും.

ജീവസന്ധാരണത്തിന് സ്വന്തം നിലയിൽ മാർഗമില്ലാത്ത മാതാപിതാക്കളെ പരിചരിക്കുന്നതിന് അവരുടെ വേണ്ടത്ര വരുമാനമുള്ള മക്കളെ ബാദ്ധ്യസ്ഥരാക്കുന്ന ക്രിമിനൽ നടപടിക്രമം 1973-ലെ 125-ാം വകുപ്പ് പ്രകാരമുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുവാൻ സർക്കാർ ശ്രദ്ധിക്കുന്നതാണ്. വൃദ്ധമാതാപിതാക്കളുടെ പരിപാലനം, സംരക്ഷണം, പരിരക്ഷ എന്നിവ നിർബന്ധമായും മക്കളുടെ കർത്തവ്യമാക്കിക്കൊണ്ട് പാർലമെന്റിന്റെ മുന്നിലുള്ള ബിൽ നിയമമാക്കുന്ന മുറയ്ക്ക് അത് കേരളത്തിൽ സത്വരമായി നടപ്പിലാക്കുന്നതാണ്. മാതാപിതാക്കളുടെ സംരക്ഷണം പെൺമക്കളുടെയും ആൺമക്കളുടെയും തുല്യ അവകാശവും ചുമതലയുമായിരിക്കും.

വയോജനങ്ങൾക്ക് വരുമാനം പരിഗണിക്കാതെ എല്ലാ പൊതുവാഹനങ്ങളിലും യാത്രക്കൂലിയിൽ പരമാവധി ഇളവനുവദിക്കും. അവർക്കു വേണ്ടി 10% സീറ്റുകൾ റിസർവ് ചെയ്യും. ബസ്സുകളിലും സ്റ്റേജ് കാര്യേജുകളിലും വൃദ്ധർക്കു കയറാവുന്ന തരത്തിൽ ചവിട്ടുപടികൾ ഘടിപ്പിക്കണമെന്ന് ഇതിനകം തന്നെ നിർദേശം നൽകിയിട്ടുണ്ട്.



വയോജനങ്ങൾക്ക് വരുമാനം പരിഗണിക്കാതെ എല്ലാ പൊതുവാഹനങ്ങളിലും യാത്രക്കൂലിയിൽ പരമാവധി ഇളവനുവദിക്കും. അവർക്കു വേണ്ടി 10% സീറ്റുകൾ

റിസർവ് ചെയ്യും. ബസ്സുകളിലും സ്റ്റേജ് കാര്യേജുകളിലും വൃദ്ധർക്കു കയറാവുന്ന തരത്തിൽ ചവിട്ടുപടികൾ ഘടിപ്പിക്കണമെന്ന് ഇതിനകം തന്നെ നിർദേശം നൽകിയിട്ടുണ്ട്.

ആശുപത്രികൾ, റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വയോജനങ്ങൾക്കുവേണ്ടി നിശ്ചിത ശതമാനം ഇരിപ്പിടങ്ങൾ, എളുപ്പത്തിൽ തിരിച്ചറിയാവുന്ന തരത്തിൽ സജ്ജമാക്കേണ്ടതാണ്. അത്തരം ഇരിപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനമേധാവികളും വയോജനങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള ഇരിപ്പിടങ്ങൾ അനർഹമായി ഉപയോഗിക്കുന്നവരും ശിക്ഷാർഹരായിരിക്കും.

തൊഴിൽ ചെയ്യുന്നതിനും ആദായകരമായ പ്രവൃത്തികളിൽ ഏർപ്പെടുന്നതിനും സർക്കാർ വയോജനങ്ങളെ സഹായിക്കുന്നതാണ്. അവർക്ക് തൊഴിൽ, മാർഗദർശനം, പരിശീലനം, പുതിയ തൊഴിൽ സംരംഭങ്ങൾക്കുള്ള പരിചയം, സഹായ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്ന സർക്കാരിതര സംഘടനകൾക്കും മറ്റ് ഏജൻസികൾക്കും കൂടി ഈ സഹായം ലഭ്യമാക്കുന്നതാണ്.

വായ്പ എടുക്കൽ, ആരോഗ്യ ഇൻഷ്വറൻസ് എന്നിവയിൽ വയോജനങ്ങൾക്ക് നിലവിലുള്ള നിയന്ത്രണങ്ങൾ എടുത്തു കളയുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കും.

റിട്ടയർ ചെയ്യുന്നവർക്ക് താമസംവിനാ പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തും.

റിട്ടയർ ചെയ്തശേഷം ഊർജസ്വലതയോടെ ജീവിക്കുന്നതിനുള്ള ആസൂത്രണം കാലേകൂട്ടി ആരംഭിക്കുന്നതിന്റെ ഭാഗമായി റിട്ടയർമെന്റിനു മുമ്പുള്ള കൗൺസലിങ് പരിപാടികൾക്ക് പ്രോത്സാഹനവും സഹായവും നല്കും.

വാർദ്ധക്യകാലത്ത് വിനിയോഗിക്കുവാൻ ഉപയുക്തമാകുന്ന രീതിയിലുള്ള സുരക്ഷിതവും ആദായകരവുമായ നിക്ഷേപ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുകയും വാർദ്ധക്യകാല ജീവിതം സുരക്ഷിതവും ഫലപ്രദവുമാക്കുന്നതിലേക്ക് ഉചിതമായ സഹായവും മാർഗനിർദേശവും നല്കി വരുമാനവിഭാഗക്കാരെ പ്രോത്സാഹിപ്പിക്കുന്നതുമാണ്.

സംസ്ഥാനത്തെ ട്രഷറികളിൽ വയോജനങ്ങളായ പെൻഷൻകാർക്ക് പ്രത്യേക കൗണ്ടർ, വിശ്രമത്തിനും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുമുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തും.



അറുപത് വയസ്സ് കഴിഞ്ഞ വിദഗ്ദ്ധരുടെ സന്നദ്ധസേവനം സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കും.

വൃദ്ധരുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുകയും ചെയ്യും.

## ആരോഗ്യ സേവനങ്ങൾ

വയോജനങ്ങൾക്കുവേണ്ടി സമഗ്രമായ ഒരു ആരോഗ്യ ഇൻഷ്വറൻസ് പരിപാടി ആവിഷ്കരിക്കുവാൻ സർക്കാർ ആഗ്രഹിക്കുന്നു. വൃദ്ധജനങ്ങൾക്കുള്ള ചികിത്സാ ചെലവുകളിൽ കിഴിവ് അനുവദിക്കുവാൻ സ്വകാര്യ ആശുപത്രികളെ പ്രേരിപ്പിക്കുന്നതാണ്. ആശുപത്രികളിൽ വിവിധ കൗണ്ടറുകളിൽ പോവുകയും അവിടെയെല്ലാം ദീർഘനേരം കാത്തു നില്ക്കുകയും ചെയ്യേണ്ട അവസ്ഥ ഒഴിവാക്കും. വൃദ്ധരെ ചികിത്സിക്കുന്നതിന് പ്രത്യേക സംവിധാനങ്ങളും നിശ്ചിത ദിവസങ്ങളിൽ സൗകര്യപ്രദമായ സമയവും ഏർപ്പാടാക്കുന്നതാണ്.

ആരോഗ്യ പരിപാലന സംവിധാനത്തിൽ വൃദ്ധചികിത്സ കൂടി ഉൾപ്പെടുത്തുന്നതിന് പ്രോത്സാഹനം നല്കും.

വൃദ്ധരുടെ ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ കൂടി നിറവേറ്റത്തക്കവിധം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നതാണ്. വൃദ്ധ ചികിത്സയ്ക്കാവശ്യമായ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുദ്ദേശിക്കുന്ന താലൂക്ക്, ജില്ലാ, സംസ്ഥാന തല ആശുപത്രികളുമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ബന്ധിപ്പിക്കും. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ മെഡിക്കൽ - നഴ്സിംഗ് സ്റ്റാഫിന് വൃദ്ധചികിത്സയിൽ ഇൻസർവീസ് പരിശീലനം നല്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് വൃദ്ധപരിചരണത്തിനുള്ള സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ ലഭ്യമാക്കുന്നതാണ്. സ്വകാര്യ ആശുപത്രികളിലും മൊത്തം ശേഷിയുടെ 10 ശതമാനമെങ്കിലും വൃദ്ധ ചികിത്സയ്ക്കായി മാറ്റിവയ്ക്കുന്നതിനും ജെറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതിനും ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുന്നതാണ്.

നഴ്സിങ്, എം.ബി.ബി.എസ്, എം.ഡി, സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിൽ വൃദ്ധപരിചരണം പഠന വിഷയമാക്കും.

സംസ്ഥാനത്തുള്ള സർവകലാശാലകളിലെ സാമൂഹിക ശാസ്ത്ര വകുപ്പുകളിലും സാമൂഹിക പ്രവർത്തന സ്കൂളുകളിലും വാർദ്ധക്യ വിജ്ഞാനം, വാർദ്ധക്യ ശുശ്രൂഷ എന്നീ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെ സർക്കാർ പ്രോത്സാഹിപ്പിക്കും.

ആഗോളവത്കരണത്തിന്റെയും ആരോഗ്യസേവനങ്ങളുടെ വാണിജ്യവത്കരണത്തിന്റെയും പശ്ചാത്തലത്തിൽ വൻതോതിൽ ഉയർന്നു വന്നിട്ടുള്ള ആശുപത്രികളിൽ പാവപ്പെട്ട വൃദ്ധരുടെ ആരോഗ്യപരമായ ആവശ്യങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

(എ) സർക്കാർ മേഖലയിലെ ആരോഗ്യ സേവനം വികസിപ്പിക്കുകയും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ട് അവ ചെലവു കുറഞ്ഞതും സ്വീകാര്യവുമാക്കിത്തീർക്കും.

(ബി) ആരോഗ്യ പരിപാലനത്തിന് സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

(സി) പാവപ്പെട്ട വൃദ്ധരോഗികളുടെ ചികിത്സയ്ക്ക് ധനസഹായം നല്കുന്നതിനുവേണ്ടി ഒരു ദുരിതാശ്വാസ ഫണ്ട് രൂപവത്കരിക്കുവാൻ സ്വകാര്യ മേഖലയലിൽ പ്രവർത്തിക്കുന്ന ആശുപത്രികളോട് സർക്കാർ ആവശ്യപ്പെടും.

വൃദ്ധർക്കു വേണ്ടി ഒരു ആരോഗ്യ സേവനപായ്ക്കേജ് രൂപവത്ക്കരിക്കുന്നതാണ്. സൗജന്യ മെഡിക്കൽ പരിശോധന, കൃത്യമായ ഇടവേള വച്ചുള്ള ക്ലിനിക്കൽ സേവനങ്ങൾ, മരുന്ന്, ശ്രവണസഹായികൾ, കണ്ണടകൾ എന്നിവ ലഭ്യമാക്കൽ മുതലായവ ഈ പായ്ക്കേജിൽ ഉൾപ്പെടും. വികലാംഗരായ വൃദ്ധർക്കു വേണ്ടിയും ഒരു ആരോഗ്യ പായ്ക്കേജ് ഉണ്ടാക്കുന്നതാണ്.

പ്രായം ചെന്ന സ്ത്രീകളുടെ പല ആവശ്യങ്ങളും പുരുഷന്മാരുടേതിൽ നിന്ന് വ്യത്യസ്തമാകയാൽ അവരുടെ ആരോഗ്യപരിപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കും.

വൃദ്ധർക്കും കുടുംബാംഗങ്ങൾക്കും പോഷകാഹാരസംബന്ധമായ ബോധനവും പരിശീലനവും നല്കും. പാവപ്പെട്ട വൃദ്ധ

രുടെ മരണകാരണങ്ങളിൽ മുഖ്യമായത് പോഷകാഹാരത്തിന്റെ അഭാവം മൂലമുള്ള രക്തക്കുറവാകയാൽ സംയോജിത ശിശുവികസന പദ്ധതിയിലൂടെയും മറ്റുപരിപാടികളിലൂടെയും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ത്രിതല പഞ്ചായത്തുകൾ വഴി സൗജന്യ പോഷകാഹാരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതാണ്.

അംഗീകൃത സ്ഥാപനങ്ങൾ മുഖേന പെൺകുട്ടികൾക്ക് വൃദ്ധപരിചരണത്തിൽ പരിശീലനം നല്കും. കുടുംബങ്ങളിൽ ഹോം നഴ്സുമാരെ എത്തിച്ചുകൊടുക്കുന്ന ഏജൻസികളുടെ മേൽനോട്ടവും നിയന്ത്രണവും കൂടി സർക്കാർ നിർവഹിക്കുന്നതാണ്.

വ്യായാമം, ശരിയായ ഭക്ഷണരീതികൾ, ആഹാരത്തിൽ വേണ്ടത്ര പോഷകങ്ങൾ, അടിസ്ഥാനപരമായ ആരോഗ്യ-ശുചിത്വ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നല്കുന്നതിന്, വിശേഷിച്ചും ഗ്രാമവാസികളായ വൃദ്ധരുടെ കാര്യത്തിൽ ബുക്ക്ലെറ്റുകൾ, ബ്രോഷറുകൾ, മറ്റ് വൈജ്ഞാനികസാമഗ്രികൾ എന്നിവ കുടുംബങ്ങളിൽ സൗജന്യമായി ലഭ്യമാക്കുന്നതാണ്.

വാർധക്യകാലത്ത് ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി പൊതുജനാരോഗ്യ വകുപ്പിലെ മാസ് മീഡിയാ ഏജൻസി മുഖേന ബഹുജന വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കും.

ആരോഗ്യരക്ഷാ പാക്കേജ് വിജയകരമായി നടപ്പാക്കുന്നതിന് പൊതുജനാരോഗ്യ വകുപ്പ് മറ്റ് സർക്കാർ വകുപ്പുകൾ, ചികിത്സാമേഖല, സർക്കാരിതര സംഘടനകൾ, സാമൂഹികശാസ്ത്രജ്ഞർ, സാമൂഹിക പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തും. ഈ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് ക്യാഷ് അവാർഡുകളും ഏർപ്പെടുത്തും.

വയോജനങ്ങളുടെ ലഘുവ്യായാമത്തിനായി സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥലസൗകര്യങ്ങളും മറ്റ് ആരോഗ്യ വർദ്ധക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് ആവശ്യപ്പെടുന്നതാണ്.

വയോജനങ്ങളുടെ ചികിത്സയിൽ മറ്റ് ചികിത്സാരീതികളായ ഹോളിസ്റ്റിക് മെഡിസിൻ, നാച്ചറോപ്പതി, യുനാനി, സിദ്ധ, യോഗ, എത്ത്നോമെഡിസിൻ എന്നിവ കൂടി ഉൾപ്പെടുത്തും.

സ്കൂൾ പാഠ്യപദ്ധതികളിലൂടെയും എളുപ്പം മനസ്സിലാക്കാൻ കഴിയുന്ന ബോധന സാമഗ്രികളിലൂടെയും യുവാക്കളിൽ കുടുംബസംബന്ധമായ മൂല്യബോധം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ വികസിപ്പിച്ചെടുക്കും. എന്തെങ്കിലും സഹായം ആവശ്യമുള്ള പക്ഷം കുടുംബങ്ങൾക്കും, വ്യക്തികൾക്കും സ്ഥാപനങ്ങളുമായി ബന്ധപ്പെടാൻ കഴിയുന്ന ഹെൽപ് ലൈനുകൾ എല്ലാ നഗര പ്രദേശങ്ങളിലും ആരംഭിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

ഓരോ ബ്ലോക്കു പഞ്ചായത്തിലും കമ്യൂണിറ്റി-കം-ഡേ കെയർ സെന്ററുകളെ പ്രോത്സാഹിപ്പിക്കും. ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഡേ കെയർ സെന്ററിനും ഈ പ്രോത്സാഹനം ലഭിക്കും. റിട്ടയർ ചെയ്ത വിദഗ്ധരുടെയും പ്രൊഫഷനലുകളുടെയും സേവനം വയോജനങ്ങൾക്കുവേണ്ടി സെന്റർ തരപ്പെടുത്തുന്നതാണ്.

## സ്ഥാപനപരമായ സംരക്ഷ

സംസ്ഥാനത്ത് 2004-ലെ കണക്കനുസരിച്ച് 164 വൃദ്ധസദനങ്ങളാണുള്ളത്. അവയിലെല്ലാം കൂടി 5400 അന്തേവാസികളുണ്ട്. പണം കൊടുത്തു താമസിക്കാവുന്ന വൃദ്ധസദനങ്ങളുടെ ആവശ്യവും വർധിച്ചു വരുന്നു. ബന്ധുക്കളില്ലാത്തവരും നിർദ്ധനരുമായ വൃദ്ധർക്ക് വേണ്ടിയുള്ള വൃദ്ധസദനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ സ്ഥാപിക്കുന്നതിന് സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഓരോ ബ്ളോക്കു പഞ്ചായത്തിലും പാവപ്പെട്ടവർക്കുവേണ്ടി വൃദ്ധ സദനം സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

ഇപ്പോൾ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നത് സംസ്ഥാന അനാഥാലയ നിയന്ത്രണബോർഡിന്റെ കീഴിലാണ്. വൃദ്ധസദനങ്ങളുടെ മേൽനോട്ടച്ചുമതല സാമൂഹിക ക്ഷേമ വകുപ്പിനായിരിക്കും. ഈ സദനങ്ങൾക്കുവേണ്ടി ഒരു സംസ്ഥാനതല ഉപദേശക സമിതിയും രൂപവത്കരിക്കുന്നതാണ്. ജില്ലാ ബ്ളോക്കു തലങ്ങളിൽ വൃദ്ധസദനങ്ങളുടെ കാര്യങ്ങൾ നോക്കുന്നതിനായി സന്ദർശക സമിതികളും ഉണ്ടായിരിക്കുന്നതാണ്.

## പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ

വയോജനങ്ങൾക്കു വേണ്ടിയുള്ള കർമപദ്ധതി തദ്ദേശീയതലത്തിൽ നടപ്പാക്കാനുള്ള ഏജൻസി ഗ്രാമപഞ്ചായത്ത് ആയിരിക്കും. പഞ്ചായത്ത് ഓരോ വർഷവും 10% തുക വയോജനങ്ങളുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടുന്നതാണ്.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, സിറ്റി കോർപറേഷൻ എന്നീ വ്യത്യസ്ത തലങ്ങളിൽ വയോജന വേദികൾ രൂപവത്കരിക്കേണ്ടതാണ്. സമിതികളിൽ വൃദ്ധസ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നല്കണം. ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും എത്തിച്ചുകൊടുക്കേണ്ടതാണ്.

തദ്ദേശസ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപറേഷനുകൾ എന്നിവ ഓരോ അഞ്ചുവർഷം കൂടുമ്പോഴും ഓരോ വാർഡിലുമുള്ള വയോജനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കണം.

ഗ്രാമസഭകളിൽ മുതിർന്ന പൗരൻമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതും അവരുടെ പ്രയോജനകരമായ നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകുന്നതുമാണ്.

## സർക്കാരിതര സംഘടനകൾ

സർക്കാരിതര സംഘടനകൾക്ക്, വൃദ്ധസദനങ്ങളും ഡേ കെയർ സെന്ററുകളും സ്ഥാപിച്ചു നടത്തുക, വയോജനങ്ങൾക്കു വേണ്ടി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംഘടിപ്പിച്ചിട്ടുള്ളതും ധനസഹായം ചെയ്യുന്നതുമായ പല ക്ഷേമ പദ്ധതികളും ഏറ്റെടുത്തു നടത്തുക, ഗുണഭോക്താക്കൾക്ക് ഗുണം ചെയ്യുന്നതും താങ്ങാനാവും വിധം ചെലവു കുറഞ്ഞതുമായ നിരവധി സേവനങ്ങൾ ലഭ്യമാക്കുക, സർക്കാരിന്റെ ഉദ്യമങ്ങളെ സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ ഇവർക്ക് ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ള സംഘടനകൾക്ക് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഭൂമി നല്കുക, സംഘടനയുടെ പ്രവർത്തനത്തിനായി കെട്ടിടം പണിയാൻ ധനസഹായം ലഭ്യമാക്കുക എന്നീ കാര്യങ്ങളിൽ സാധ്യമായ എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുന്നതാണ്.

## നിയമപരമായ സംരക്ഷ

കേരളത്തിലെ വയോജനങ്ങളിൽ നല്ലൊരു ഭാഗത്തിന് ഇപ്പോഴും നല്ല ആരോഗ്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ, വിശേഷിച്ചും 70നു മേൽ പ്രായമുള്ളവരുടെ, ആരോഗ്യസ്ഥിതി ഉത്കണ്ഠാജനകമാണ്. പകരുന്ന രോഗങ്ങളും പകരാത്ത (ജീവിതശൈലി മുഖേന ഉള്ള) രോഗങ്ങളും ഒരേ സമയം നിയന്ത്രിക്കേണ്ടതായ ഇരട്ട ഉത്തരവാദിത്തമാണ് കേരളത്തിനുള്ളത്. വൃദ്ധർ ഉൾപ്പെടുന്ന കേസ്സുകളിൽ പെട്ടെന്ന് തീർപ്പു കല്പിക്കണമെന്ന് ഇതിനകം തന്നെ സുപ്രീം കോടതി ഹൈക്കോടതികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

വൃദ്ധജനങ്ങളുടെ, വിശേഷിച്ച് വൃദ്ധസ്ത്രീകളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും പീഡനങ്ങളിൽ നിന്നും സംരക്ഷ നൽകുന്നതിനും ആവശ്യമെങ്കിൽ പ്രത്യേക നിയമനിർമാണം നടത്തുന്നതിന് സർക്കാർ മുൻകൈയെടുക്കുന്നതാണ്.

വയോജനങ്ങൾക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുവാൻ സൗകര്യമേർപ്പെടുത്തും.

## മറ്റു പ്രവർത്തന മേഖലകൾ

അറുപതും അതിനു മുകളിലും പ്രായമുള്ള എല്ലാ വയോജനങ്ങൾക്കും തിരിച്ചറിയൽ കാർഡ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്നതാണ്. ഇത് ദാരിദ്ര്യ

രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായിരിക്കും. ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് എല്ലാവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ചോദിച്ചു വാങ്ങുന്നതിന് ഇത് പ്രധാനപ്പെട്ട ഒരു സഹായക രേഖ ആയിരിക്കും.

ആസൂത്രണത്തിൽ വയോജനക്ഷേമ ത്തിന് മുന്തിയ പരിഗണന നല്കാൻ സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെടും. അതിനായി സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റിൽ ഒരു വിഹിതം മാറ്റിവയ്ക്കുന്നതിന് ആവശ്യപ്പെടുന്നതാണ്.

ക്രിയാത്മക നടപടികൾക്കുള്ള മറ്റ് മേഖലകൾ ഇവയാണ്: വിനോദ-സാംസ്കാരിക-ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വൃദ്ധർക്ക് പ്രവേശന ഫീസിൽ ഇളവനുവദിക്കൽ, പൊതുവായ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ, പാർക്കുകൾ, ഹൈവേകൾ, ബഹുനിലക്കെട്ടിടങ്ങൾ എന്നിവയുടെ നിർമാണത്തിൽ വൃദ്ധരുടെ സൗകര്യങ്ങൾ പരിഗണിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കൽ മുതലായവ ഇതിൽപ്പെടുന്നു.

സംസ്ഥാനത്തെ പ്രധാന റയിൽവെസ്റ്റേഷനുകളിൽ വയോജനങ്ങൾക്ക് തടസംകൂടാതെ പ്ളാറ്റ്ഫാമുകളിൽ എത്തുന്നതിന് ലിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് റയിൽവേ അധികൃതരോട് അഭ്യർത്ഥിക്കും.

റിട്ടയർ ചെയതതിന് ശേഷവും പ്രവൃത്തിയെടുക്കാൻ പ്രാപ്തിയുള്ള വയോജനങ്ങളുടെ കർമശേഷി പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തും.

## ഗവേഷണ പ്രോത്സാഹനം

വൃദ്ധരെ സംബന്ധിച്ച വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് സർക്കാർ പ്രോത്സാഹനം നല്കും.

## ഭരണസംവിധാനം

വയോജന നയവും കർമ പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ച് സർക്കാർ ഉചിതമായ സംവിധാനം ഉണ്ടാക്കുന്നതാണ്.

വൃദ്ധരുടെ പ്രശ്നങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടവയാകയാൽ ധനകാര്യം, ആരോഗ്യം, തൊഴിൽ, ആഭ്യന്തരം, വിദ്യാഭ്യാസം, തദ്ദേശഭരണം, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവയുടെ സെക്രട്ടറിമാരടങ്ങിയ ഒരു ഇൻറർ ഡിപ്പാർട്ടുമെൻറൽ കമ്മിറ്റി രൂപവത്കരിക്കുന്നതാണ്. അതിന്റെ കൺവീനർ സോഷ്യൽ വെൽഫെയർ സെക്രട്ടറി ആയിരിക്കും. ഈ കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരുകയും വയോജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി, ഈ രംഗത്ത് ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നതുമായിരിക്കും.

വയോജനങ്ങളുടെ പ്രശ്നങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നതിനു വേണ്ടി ഒരു വയോജനക്ഷേമസമിതി രൂപീകരിക്കുന്നതിന് സംസ്ഥാന നിയമസഭയോട് അഭ്യർത്ഥിക്കുന്നതാണ്.

മുഖ്യമന്ത്രി രക്ഷാധികാരിയും സാമൂഹ്യക്ഷേമ മന്ത്രി ചെയർപേഴ്സണുമായി ഒരു വയോജന കൗൺസിൽ രൂപവത്കരിക്കുന്നതാണ്.

ജില്ലാതലത്തിലും വയോജനങ്ങൾക്കുവേണ്ടി കൗൺസിൽ രൂപീകരിക്കും.

ഗിരിവർഗക്കാരും അവശതയനുഭവിക്കുന്ന മറ്റ് വിഭാഗങ്ങളും അധിവസിക്കുന്ന പ്രദേശങ്ങളിൽ ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള വയോജനങ്ങളുടെ ജില്ലാതല കൗൺസിൽ സന്ദർശനം നടത്തി അവിടെ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ നടപടി സ്വീകരിക്കേണ്ടതും അക്കാര്യം വയോജനങ്ങൾക്കായുള്ള സംസ്ഥാനതല കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഓരോ വർഷം കൂടുമ്പോൾ ഈ നയവും കർമ പദ്ധതിയും പുനരവലോകനം ചെയ്യുന്നതാണ്. ■

കടന്നുപോയ അരനൂറ്റാണ്ട് കായിക കേരളത്തിനും നേട്ടങ്ങളുടെ ഒട്ടേറെ മുഹൂർത്തങ്ങൾ സമ്മാനിച്ചു. വ്യക്തികളായും ടീമായും മലയാളികൾ ദേശീയ വിജയങ്ങൾ കൊയ്തു. മലയാളി താരങ്ങൾ രാജ്യാന്തര മീറ്റുകളിൽ, ഏഷ്യൻ ഗെയിംസിലും ഒളിമ്പിക്സിലും കോമൺവെൽത്ത് ഗെയിംസിലും ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലുമെല്ലാം നേട്ടങ്ങളുടെ ചരിത്രമെഴുതി.

വ്യക്തിപരമായി നേട്ടങ്ങളിൽ ഏറ്റവും വലുതേത് എന്ന് പറയാനാവില്ല. 1984-ലെ ലോസാഞ്ചലസ് ഒളിമ്പിക്സിൽ വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ പി.റ്റി. ഉഷയ്ക്കു ലഭിച്ച നാലാംസ്ഥാനമാണ് ഒരു പ്രധാന നേട്ടം. (സെക്കൻഡിന്റെ നൂറിലൊന്നു വ്യത്യാസത്തിലാണ് ഉഷയ്ക്കു വെങ്കലം നഷ്ടമായത്. 55.42 സെക്കന്റ്. ഇന്നും ഇത് ദേശീയ റെക്കോർഡ്). 1976-ലെ ടെഹ്റാൻ ഏഷ്യൻ ഗെയിംസിൽ ടി.സി. യോഹന്നാൻ നടത്തിയ അത്യുജ്വല ലോങ്ജംപ് (8.07 മീറ്റർ) ആണ് മറ്റൊരു നേട്ടം. ഈ ഏഷ്യൻ റെക്കോർഡ് 19 വർഷവും ഏഷ്യൻ ഗെയിംസ് റെക്കോർഡ് 20 വർഷവും നിലനിന്നു.

ഡൽഹി ഏഷ്യൻ ഗെയിംസിൽ എം.ഡി. വത്സമ്മ 400 മീറ്റർ ഹർഡിൽസ് ജയിച്ചത് ഏഷ്യൻ റെക്കോർഡോടെയായിരുന്നു. (58.47 സെ).

ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ ആദ്യ മലയാളി

# കായിക

ഒ.എൽ. തോമസാണ്. 1970-ൽ ബാങ്കോക്കിൽ 4 X 100 മീറ്ററിൽ വെങ്കലം നേടിയ ഇന്ത്യൻ ടീമിൽ തോമസ് അംഗമായിരുന്നു. 78-ൽ മുരളിക്കുട്ടൻ 400 മീറ്ററിൽ വെങ്കലവും 4 X 400 മീറ്ററിൽ വെള്ളിയും നേടി. മുരളിയുടെ ഭാര്യ മേഴ്സി മാത്യു 1982-ൽ ഡൽഹിയിൽ ലോങ്ജംപിൽ വെള്ളി നേടി. ഏഷ്യാഡിൽ മെഡൽ നേടിയ ആദ്യ മലയാളി ദമ്പതികളാണ് മേഴ്സിയും മുരളിയും. ഇന്ത്യൻ മണ്ണിൽ ആറു മീറ്റർ ലോങ്ജംപ് ചെയ്ത ആദ്യ വനിതയുമാണ് മേഴ്സി.

ഏഷ്യാഡിലും ഒളിംപിക്സിലും കോമൺവെൽത്ത് ഗെയിംസിലും പങ്കെടുത്ത ആദ്യ ഇന്ത്യൻ വനിതയാണ് മേഴ്സി. (ഉഷയും ഷൈനിയും



ശ്രീശാന്ത്

സനിൽ പി. തോമസ്



**ഇന്ത്യയുടെ കായികഭൂപടത്തിൽ മുൻനിരസ്ഥാനമുണ്ട് കേരളത്തിന്. എന്നാൽ ഒരു ജനതയെന്ന നിലയിൽ എത്രത്തോളം സമ്പുഷ്ടമാണ് നമ്മുടെ കായിക സംസ്കാരം?**

# കേരളത്തിന്റെ അരനൂറ്റാണ്ട്

കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുത്തിട്ടില്ല.)

ഏഷ്യൻ പ്രതിനിധികളായി ലോകകപ്പിൽ മത്സരിച്ച മലയാളികളിൽ പി.റ്റി. ഉഷ, കെ. സാറാമ്മ, ഷൈനി വിത്സൻ, എം.ഡി. വത്സമ്മ തുടങ്ങി ഏറ്റവും ഒടുവിൽ ചിത്ര കെ. സോമൻ വരെ ഉൾപ്പെടുന്നു. നാലു ലോകകപ്പുകളിൽ ഏഷ്യയെ പ്രതിനിധാനം ചെയ്ത ഏക അത്‌ലറ്റാണ് ഷൈനി വിത്സൻ. ലോക ഇൻഡോർ ചാംപ്യൻഷിപ്പിൽ അഞ്ചാം സ്ഥാനവും ലഭിച്ചു.

78-ൽ ബാങ്കോക്കിൽ ഏഞ്ചൽ മേരി ജോസഫ് പെന്റാത്‌ലനിലും ലോങ്ജംപിലും സ്വർണം നേടി. പുരുഷന്മാരുടെ ലോങ് ജംപിൽ സുരേഷ് ബാബു സ്വർണം നേടി (7.65 മീറ്റർ). കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ ആദ്യ മലയാളിയാണ് സുരേഷ് ബാബു. (വെങ്കലം). 1986-ൽ സോൾ ഏഷ്യൻ ഗെയിംസിൽ പി.റ്റി. ഉഷ സ്വന്തമാക്കിയത് നാലു സ്വർണമാണ്, തൊട്ടു തലേവർഷം ജക്കാർത്ത ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ അഞ്ചു സ്വർണവും.

ഷൈനി വിത്സൻ ഒളിംപിക്സ് സെമിയിൽ കടന്ന ആദ്യ ഇന്ത്യക്കാരിയായി, 1984-ൽ. തൊട്ടു പിന്നാലെയാണ് ഉഷ ഫൈനലിൽ എത്തിയത്. 2000-ത്തിൽ സിഡ്നിയിൽ ബീനാമോൾ 400 മീറ്ററിന്റെ സെമിയിൽ ഓടി. ബീന ബുസാൻ ഏഷ്യാഡിൽ 800 മീറ്ററിൽ സ്വർണം നേടി. ബീനയുടെ സഹോദരൻ ആതൻസിൽ മിൽഖാ സിങ്ങിന്റെ റെക്കോർഡിനെക്കാൾ (400 മീറ്ററിലെ ഈ റെക്കോർഡ് 1998-ൽ പരംജീത് സിങ് തിരുത്തിയിരുന്നു.) ഏറെ മെച്ചപ്പെട്ട പ്രകടനം കാഴ്ച വച്ചു.

കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതയും ലോക അത്‌ലറ്റിക്സിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ അത്‌ലറ്റുമായി അഞ്ജു ബോബി ജോർജ്. (രണ്ടിടത്തും ലോങ്ജംപിൽ വെങ്കലം) ആതൻസ് ഒളിമ്പിക്സിൽ ആറാം സ്ഥാനവും ബുസാൻ ഏഷ്യാഡിൽ സ്വർണവും അഞ്ജു നേടി.

ഏറ്റവും ഒടുവിൽ ഡൽഹിയിൽ ലോക വനിതാ ബോക്സിങ്ങിൽ മലയാളി താരം കെ.സി. ലേഖ (75 കിലോ) സ്വർണം നേടി. 57 കിലോയിൽ എൻ. ഉഷയ്ക്ക് വെള്ളി ലഭിച്ചു.

ലേഖയ്ക്കു മുമ്പ്, 2003-ൽ ന്യൂഡൽഹിയിൽ ലോകസബ്ജൂനിയർ പവർ ലിഫ്റ്റിങ്ങിൽ പി.എസ്. പ്രസൂൻ 125 കിലോ വിഭാ



ടി.സി. യോഹന്നാൻ



അഞ്ജു ബോബി ജോർജ്ജ്

ഗത്തിൽ സ്വർണം നേടി (607.5 കിലോ).

ലോക സൈക്കിൾ പോളോ കിരീടം നേടിയ ഇന്ത്യൻ ടീമുകളിൽ ടി. കുമാർ, പി. ശിവകുമാർ, എസ്. ഗോപകുമാർ, പി. പ്രവീൺ കുമാർ എന്നിവർ അംഗങ്ങളായിരുന്നു. ആദ്യ നാലു ലോകകപ്പുകളിലും ഇന്ത്യയായിരുന്നു ചാംപ്യന്മാർ.

വോളിബോളിൽ 74, 78, 86 ഏഷ്യൻ ഗെയിംസുകളിൽ ജിമ്മി ജോർജ് ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. 86-ൽ സോളിൽ വെങ്കലം നേടിയ ടീമിനെ നയിച്ചത് സിറിൾ സി. വെള്ളൂരും നേരത്തെ 1962-ൽ ജക്കാർത്തയിൽ ഇന്ത്യ ഏഷ്യാഡ് വെള്ളി നേടിയപ്പോൾ ടീം നായകൻ ടി.പി. നായരും ആയിരുന്നു.

ടി.സി. ജോസഫ് എന്ന പപ്പൻ മോസ്കോയിൽ 62-ലെ വിജയത്തിൽ മുഖ്യശില്പിയായിരുന്നു. 64-ൽ മോസ്കോയിൽ ലോകചാംപ്യൻഷിപ്പ് വേളയിൽ മികച്ച ആറു കളിക്കാരിൽ ഒരാളായി പപ്പൻ തിരഞ്ഞെടുക്കപ്പെട്ടു.

വി. നാരായണസ്വാമി, ടിനു യോഹന്നാൻ, എസ്. ശ്രീശാന്ത് എന്നീ മലയാളികൾ ക്രിക്കറ്റിൽ ടെസ്റ്റ് ക്യാപ് അണിഞ്ഞു. ഇതിൽ സ്വാമി സർവീസസിന്റെ ലേബലിലാണ് ഇന്ത്യൻ ടീമിൽ എത്തിയത്.

അംബികാ രാധിക, ബോണി തോമസ് എന്നിവർ ടേബിൾ ടെന്നിസിലും യു. വിമൽകുമാർ, ജോർജ് തോമസ്, ജസീൽ പി. ഇസ്മായിൽ, വി.ഡിജു, ജെസി ഫിലിപ്പ്, ലതാ കൈലാസ്, അപർണാബാലൻ തുടങ്ങിയവർ ബാഡ്മിന്റനിലും മിനിമോൾ, ജെസിമോൾ തുടങ്ങിയവർ കയാക്കിങ്ങിലും കൈവരിച്ച നേട്ടങ്ങളും എണ്ണപ്പെടേണ്ടവയാണ്.

ടീം ഇനത്തിൽ ആദ്യം എണ്ണേണ്ടത് ഫുട്ബോൾ തന്നെ. 1973-ൽ എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ പ്രകാശ് ബിശ്വാസിന്റെ റയിൽവേസിനെ പരാജയപ്പെടുത്തി (3-2) ക്യാപ്റ്റൻ മണിയുടെ കേരളം ചരിത്രത്തിലാദ്യമായി സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാംപ്യന്മാരായി. പിന്നെ 92-ൽ കോയമ്പത്തൂരിലും 93-ൽ കൊച്ചിയിലും 2001-ൽ മുംബൈയിലും 2004-ൽ ഡൽഹിയിലും കേരളം സന്തോഷ്ട്രോഫി കരസ്ഥമാക്കി.

92-ൽ വി.പി. സത്യന്റെ ടീം ഗോവയെ

## ദ്രോണാചാര്യ ലഭിച്ച മലയാളി പരിശീലകർ



ഒ.എം. നമ്പ്യാർ | പ്രൊഫ. സണ്ണി തോമസ് | റോബർട്ട് ബോബി ജോർജ്

## അർജുന അവാർഡു നേടിയ മലയാളികൾ

| വർഷം | കായികതാരം | കായികരംഗം |
|---|---|---|
| 1965 | സി. ബാലകൃഷ്ണൻ | പർവതാരോഹണം |
| 1974 | റ്റി.സി. യോഹന്നാൻ | അത്‌ലറ്റിക്സ് |
| 1975 | കെ.സി. ഏലമ്മ | വോളിബോൾ |
| 1976 | ജിമ്മി ജോർജ് | വോളിബോൾ |
| 1976 | സാം ക്രിസ്തുദാസ് | ബോൾ ബാഡ്മിന്റൺ |
| 1978-79 | വി.പി. കുട്ടിക്കൃഷ്ണൻ | വോളിബോൾ |
| 1978-79 | സുരേഷ് ബാബു | അത്‌ലറ്റിക്സ് |
| 1978-79 | ഏഞ്ചൽ മേരി ജോസഫ് | അത്‌ലറ്റിക്സ് |
| 1982 | എം.ഡി. വത്സമ്മ | അത്‌ലറ്റിക്സ് |
| 1983 | പി.റ്റി. ഉഷ | അത്‌ലറ്റിക്സ് |
| 1984 | ഷൈനി വിത്സൻ | അത്‌ലറ്റിക്സ് |
| 1984 | സാലി ജോസഫ് | വോളിബോൾ |
| 1984 | പി.ജെ. ജോസഫ് | പവർലിഫ്റ്റിങ് |
| 1986 | സിറിൾ സി. വെള്ളൂർ | വോളിബോൾ |
| 1988 | വിത്സൻ ചെറിയാൻ | നീന്തൽ |
| 1988 | പി.കെ. യശോധരൻ | പവർലിഫ്റ്റിങ് |
| 1989 | മേഴ്സിമാത്യു കുട്ടൻ | അത്‌ലറ്റിക്സ് |
| 1991 | കെ. ഉദയകുമാർ | വോളിബോൾ |
| 1992 | ഇ. സജീവൻ ഭാസ്കരൻ | പവർലിഫ്റ്റിങ് |
| 1993 | കെ. സാറാമ്മ | അത്‌ലറ്റിക്സ് |
| 1994 | കെ.സി. റോസക്കുട്ടി | അത്‌ലറ്റിക്സ് |
| 1996 | പത്മിനി സെൽവൻ | അത്‌ലറ്റിക്സ് |
| 1999 | റ്റി.വി. പോളി | ബോഡി ബിൽഡിങ് |
| 1999 | എസ്. ഓമനകുമാരി | ഹോക്കി |
| 1999 | രൂപ ഉണ്ണിക്കൃഷ്ണൻ | ഷൂട്ടിങ് |
| 2000 | കെ.എം. ബീനാമോൾ | അത്‌ലറ്റിക്സ് |
| 2000 | ജോർജ് തോമസ് | ബാഡ്മിന്റൺ |
| 2000 | സെബാസ്റ്റ്യൻ സേവ്യർ | നീന്തൽ |
| 2001 | ആർ. മഹേഷ് | യോട്ടിങ് |
| 2002 | ഐ.എം. വിജയൻ | ഫുട്ബോൾ |
| 2002 | അഞ്ജു ബോബി ജോർജ് | അത്‌ലറ്റിക്സ് |
| 2004 | ഹെലൻ മേരി | ഹോക്കി |
| 2004 | ജെനിൽ കൃഷ്ണൻ | റോവിങ് |

## പത്മശ്രീ ലഭിച്ച മലയാളി താരങ്ങൾ

**1983** - എം.ഡി. വത്സമ്മ
**1985** - പി.റ്റി. ഉഷ
**1998** - ഷൈനി വിത്സൻ
**2004** - അഞ്ജു ബോബി ജോർജ്, കെ.എം. ബീനാമോൾ
**2005** - റേച്ചൽ തോമസ്

## രാജീവ് ഖേൽരത്ന ലഭിച്ച മലയാളി താരങ്ങൾ

1. കെ.എം. ബീനാമോൾ 2002-03 (അഞ്ജലി വേദ്പഥക്കുമായി പങ്കുവച്ചു)
2. അഞ്ജു ബോബി ജോർജ് 2003-04

## ദ്രോണാചാര്യ ലഭിച്ച മലയാളി പരിശീലകർ

1. ഒ.എം. നമ്പ്യാർ (1985)
2. പ്രൊഫ. സണ്ണി തോമസ് (2001)
3. റോബർട്ട് ബോബി ജോർജ് (2003)



ജിമ്മി ജോർജ്

## മലയാളി ഒളിംപ്യന്മാർ

| | |
|---|---|
| **1956 മെൽബൺ:** | അബ്ദുൾ റഹ്മാൻ, എസ്.എസ്. നാരായണൻ (ഇരുവരും ഫുട്ബോൾ) |
| **1960 റോം:** | എം. ദേവദാസ്, എസ്.എസ്. നാരായണൻ, ഒ. ചന്ദ്രശേഖരൻ (മൂവരും ഫുട്ബോൾ) |
| **1972 മ്യൂണിക് :** | സുരേഷ്ബാബു (അത്‌ലറ്റിക്സ്), മാനുവൽ ഫ്രെഡറിക്സ് (ഹോക്കി) |
| **1976 മോൺട്രിയോൾ:** | റ്റി.സി. യോഹന്നാൻ (അത്‌ലറ്റിക്സ്) |
| **1980 മോസ്കോ:** | പി.റ്റി. ഉഷ |
| **1984 ലോസ് ആഞ്ചലസ്** | പി.റ്റി. ഉഷ, ഷൈനി ഏബ്രഹാം, എം.ഡി. വത്സമ്മ (അത്‌ലറ്റിക്സ്) |
| **1988 സോൾ:** | മേഴ്സി കുട്ടൻ, പി.റ്റി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി ഏബ്രഹാം (നാലും അത്‌ലറ്റിക്സ്) |
| **1992 ബാർസിലോണ:** | ഷൈനി വിത്സൻ (അത്‌ലറ്റിക്സ്), യു. വിമൽകുമാർ (ബാഡ്മിന്റൺ) |
| **1996 അറ്റ്ലാന്റ:** | ഷൈനി വിത്സൻ, പി.റ്റി. ഉഷ, കെ.എം. ബീനാമോൾ, കെ.സി. റോസക്കുട്ടി (അത്‌ലറ്റിക്സ്), അനിൽ ആൾഡ്രിൻ, സാബു വർക്കി (ഹോക്കി), അംബികാ രാധിക (ടേബിൾ ടെന്നിസ്), സെബാസ്റ്റ്യൻ സേവ്യർ (നീന്തൽ) |
| **2000 സിഡ്നി:** | കെ.എം. ബീനാമോൾ, കെ.സി. റോസക്കുട്ടി, ജിൻസി ഫിലിപ്പ്, രാമചന്ദ്രൻ, ലിജോ ഡേവിഡ് തോട്ടാൻ (എല്ലാവരും അത്‌ലറ്റിക്സ്), ദിനേശ് നായിക്ക് (ഹോക്കി) |
| **2004 ആതൻസ്:** | അഞ്ജു ബോബി ജോർജ്, കെ.എം. ബീനാമോൾ, കെ.എം. ബിനു, ചിത്ര കെ. സോമൻ, ബോബി അലോഷ്യസ് (അത്‌ലറ്റിക്സ്), പി.റ്റി. പൗലോസ് (റോവിങ്) |

പരിശീലകരായി മേജർ രാജൻ (ബാസ്കറ്റ്ബോൾ), ഒ.എം. നമ്പ്യാർ, എ.കെ. കുട്ടി, റോബർട്ട് ബോബി ജോർജ് (അത്‌ലറ്റിക്സ്) പ്രൊഫ. സണ്ണി തോമസ് (ഷൂട്ടിങ്), യു. വിമൽകുമാർ (ബാഡ്മിന്റൻ), ഡോ. സാജു ജോസഫ് (ഹോക്കി, ട്രെയിനർ), എന്നിവരും റഫറിമാരായി ബെന്റി ഡിക്കോത്ത, മുരളീധരൻ രാജ (ബോക്സിങ്) എന്നിവരും ഒളിംപിക്സിൽ പങ്കെടുത്തു.

3-0-ത്തിനും 93-ൽ കുരികേശ് മാത്യുവിന്റെ നേതൃത്വത്തിൽ മഹാരാഷ്ട്രയെ 2-0 ത്തിനും 2001-ൽ വി. ശിവകുമാറിന്റെ ടീം ഗോവയെ 3-2 നും (ഗോൾഡൻ ഗോൾ) 2004-ൽ എസ്. ഇഗ്നേഷ്യസിന്റെ ടീം പഞ്ചാബിനെ 3-2നും ആണ് ഫൈനലിൽ പരാജയപ്പെടുത്തിയത്.

88, 89, 90, 91, 94, 2000, 2004 വർഷങ്ങൾ കേരളം ഫൈനലിൽ പരാജയമറിഞ്ഞവയായിരുന്നു.

കേരള പൊലീസ് രണ്ടുതവണ ഫെഡറേഷൻ കപ്പ് ജയിച്ചതും എണ്ണപ്പെടേണ്ടതു തന്നെ. ജൂനിയർ, സർവകലാശാലാ തലങ്ങളിൽ അഖിലേന്ത്യാ വിജയങ്ങൾ എത്രയോ ഉണ്ട്.

വോളിബോളിൽ വനിതകളാണ് ദേശീയ വിജയങ്ങൾ ഏറെയൊരുക്കിയത്. 1972-ൽ ജബൽപൂരിൽ കെ.സി. ഏലമ്മയുടെ നേതൃത്വത്തിലായിരുന്നു ആദ്യ ദേശീയ വിജയം. പിന്നെ 73-ൽ പി.സി. ഏലിയാമ്മയും 75-ൽ പാലായിൽ ലളിതാ നൈനാനും 76-ൽ തൃശിനാപ്പള്ളിയിൽ വത്സ പി. മാത്യുവും 77-ൽ പൂനെയിൽ ഏലിയാമ്മയും 79-ൽ ബറോഡയിൽ സാലി ജോസഫും 82-ൽ ഫരീദാബാദിൽ ഏലിക്കുട്ടി ജോസഫും 83-ൽ ഭോപ്പാലിൽ ജയ്സമ്മ മൂത്തേടവും 85-ൽ ഡൽഹിയിൽ ലിജിയാമ്മയും 2005-ൽ ചെന്നൈയിൽ പി.വി. ഷീബയും കേരളത്തിന്റെ ദേശീയ വിജയങ്ങളിലെ നായികമാരായി.

കേരളത്തിന്റെ പുരുഷന്മാരാകട്ടെ 1997-ൽ വിശാഖപട്ടണത്താണ് ആദ്യമായി ദേശീയ കിരീടം ചൂടുന്നത്. ബി. അനിലിന്റെ നേതൃത്വത്തിൽ കേരളം പഞ്ചാബിനെ ഫൈനലിൽ തോല്പിച്ചു. പിന്നെ 2001-ൽ കോഴിക്കോട് ബിജു വി. തോമസ് നയിച്ച കേരളം ദേശീയ കിരീടം അണിഞ്ഞു.



ഷൈനി വിൽസൺ



കെ.എം. ബീനാ മോൾ

കേരള പൊലീസും കൊച്ചി പോർട്ട് ട്രസ്റ്റും ഫെഡറേഷൻ കപ്പ് ജയിച്ചതാണ് പുരുഷ വിഭാഗത്തിലെ എണ്ണപ്പെട്ട മറ്റു നേട്ടങ്ങൾ.

2005 ഡിസംബറിൽ ദേശീയ സ്കൂൾ കായിക മേളയിൽ കേരളം തുടർച്ചയായ പത്താം തവണ ഓവറാൾ ചാംപ്യന്മാരായി. 2006-ൽ ദേശീയ ജൂനിയർ അത്‌ലറ്റിക്സിൽ കേരളം കിരീടം നിലനിർത്തി. അഖിലേന്ത്യാ അന്തർ സർവകലാശാലാ മീറ്റുകളിലും മലയാളി വിജയം തുടർക്കഥയാണ്.

ഒളിംപിക്സിൽ പങ്കെടുത്ത ആദ്യ മലയാളി ചെറുവാരി കെറ്റ്യത്ത് ലക്ഷ്മണൻ ആണ്. 1924-ൽ ഹെൽസിങ്കി ഒളിംപിക്സിൽ ഹർഡിൽസിൽ മത്സരിച്ചു. ആദ്യ മലയാളി വനിത പി.റ്റി. ഉഷ (1980).

ചുരുക്കത്തിൽ വിലയിരുത്തുമ്പോൾ ഇന്ത്യൻ കായിക രംഗത്തിന് നിസ്തുല സംഭാവനകൾ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കാണാം. എന്നാൽ ഒരു ജനതയെന്ന നിലയിൽ എത്രത്തോളം സമ്പന്നമാണ് നമ്മുടെ കായിക സംസ്കാരം? ആരോഗ്യപൂർണമായ ഒരു ജീവിതത്തിന് കായിക പ്രവർത്തനങ്ങളും വിനോദങ്ങളും അനിവാര്യമാണ്. പക്ഷേ, ടിവിയിൽ കളികാണുന്ന തിനപ്പുറം ഒറ്റയ്ക്കും കൂട്ടായുമുള്ള പങ്കുചേരലിന് നാമോരോരുത്തരും എത്രത്തോളം തയ്യാറാവുന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ ആരോഗ്യപൂർണമായ കായികസംസ്കാരത്തിലേക്ക് ഇനിയും ഏറെ ദൂരമുണ്ട് നമുക്ക് താണ്ടാൻ! നല്ല സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും പ്രാദേശിക തലങ്ങളിൽ ഉണ്ടാകണം. കുട്ടികളുടെ തലത്തിൽ തന്നെ സ്പോർട്സിൽ താത്പര്യം വളർത്തിയെടുക്കണം. സർക്കാരിന്റെയും സ്പോർട്സ് സംഘടനകളുടെയും ഇടപെടൽ മാത്രം പോരാ അതിന്. സമൂഹത്തിന്റെ പൂർണമായ പങ്കാളിത്തവും അനിവാര്യമാണ്. ■

രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായിരിക്കും. ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് എല്ലാവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ചോദിച്ചു വാങ്ങുന്നതിന് ഇത് പ്രധാനപ്പെട്ട ഒരു സഹായക രേഖ ആയിരിക്കും.

ആസൂത്രണത്തിൽ വയോജനക്ഷേമ ത്തിന് മുന്തിയ പരിഗണന നല്കാൻ സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെടും. അതിനായി സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റിൽ ഒരു വിഹിതം മാറ്റിവയ്ക്കുന്നതിന് ആവശ്യപ്പെടുന്നതാണ്.

ക്രിയാത്മക നടപടികൾക്കുള്ള മറ്റ് മേഖലകൾ ഇവയാണ്: വിനോദ-സാംസ്കാരിക-ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വൃദ്ധർക്ക് പ്രവേശന ഫീസിൽ ഇളവനുവദിക്കൽ, പൊതുവായ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ, പാർക്കുകൾ, ഹൈവേകൾ, ബഹുനിലക്കെട്ടിടങ്ങൾ എന്നിവയുടെ നിർമാണത്തിൽ വൃദ്ധരുടെ സൗകര്യങ്ങൾ പരിഗണിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കൽ മുതലായവ ഇതിൽപ്പെടുന്നു.

സംസ്ഥാനത്തെ പ്രധാന റയിൽവെസ്റ്റേഷനുകളിൽ വയോജനങ്ങൾക്ക് തടസംകൂടാതെ പ്ളാറ്റ്ഫാമുകളിൽ എത്തുന്നതിന് ലിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് റയിൽവേ അധികൃതരോട് അഭ്യർത്ഥിക്കും.

റിട്ടയർ ചെയതതിന് ശേഷവും പ്രവൃത്തിയെടുക്കാൻ പ്രാപ്തിയുള്ള വയോജനങ്ങളുടെ കർമശേഷി പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തും.

### ഗവേഷണ പ്രോത്സാഹനം

വൃദ്ധരെ സംബന്ധിച്ച വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് സർക്കാർ പ്രോത്സാഹനം നല്കും.

### ഭരണസംവിധാനം

വയോജന നയവും കർമ പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ച് സർക്കാർ ഉചിതമായ സംവിധാനം ഉണ്ടാക്കുന്നതാണ്.

വൃദ്ധരുടെ പ്രശ്നങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടവയാകയാൽ ധനകാര്യം, ആരോഗ്യം, തൊഴിൽ, ആഭ്യന്തരം, വിദ്യാഭ്യാസം, തദ്ദേശഭരണം, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവയുടെ സെക്രട്ടറിമാരടങ്ങിയ ഒരു ഇൻറർ ഡിപ്പാർട്ടുമെൻറൽ കമ്മിറ്റി രൂപവത്കരിക്കുന്നതാണ്. അതിന്റെ കൺവീനർ സോഷ്യൽ വെൽഫെയർ സെക്രട്ടറി ആയിരിക്കും. ഈ കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരുകയും വയോജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി, ഈ രംഗത്ത് ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നതുമായിരിക്കും.

വയോജനങ്ങളുടെ പ്രശ്നങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നതിനു വേണ്ടി ഒരു വയോജനക്ഷേമസമിതി രൂപീകരിക്കുന്നതിന് സംസ്ഥാന നിയമസഭയോട് അഭ്യർത്ഥിക്കുന്നതാണ്.

മുഖ്യമന്ത്രി രക്ഷാധികാരിയും സാമൂഹ്യക്ഷേമ മന്ത്രി ചെയർപേഴ്സണുമായി ഒരു വയോജന കൗൺസിൽ രൂപവത്കരിക്കുന്നതാണ്.

ജില്ലാതലത്തിലും വയോജനങ്ങൾക്കുവേണ്ടി കൗൺസിൽ രൂപീകരിക്കും.

ഗിരിവർഗക്കാരും അവശതയനുഭവിക്കുന്ന മറ്റ് വിഭാഗങ്ങളും അധിവസിക്കുന്ന പ്രദേശങ്ങളിൽ ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള വയോജനങ്ങളുടെ ജില്ലാതല കൗൺസിൽ സന്ദർശനം നടത്തി അവിടെ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ നടപടി സ്വീകരിക്കേണ്ടതും അക്കാര്യം വയോജനങ്ങൾക്കായുള്ള സംസ്ഥാനതല കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഓരോ വർഷം കൂടുമ്പോൾ ഈ നയവും കർമ പദ്ധതിയും പുനരവലോകനം ചെയ്യുന്നതാണ്. ■

കടന്നുപോയ അരനൂറ്റാണ്ട് കായിക കേരളത്തിനും നേട്ടങ്ങളുടെ ഒട്ടേറെ മുഹൂർത്തങ്ങൾ സമ്മാനിച്ചു. വ്യക്തികളായും ടീമായും മലയാളികൾ ദേശീയ വിജയങ്ങൾ കൊയ്തു. മലയാളി താരങ്ങൾ രാജ്യാന്തര മീറ്റുകളിൽ, ഏഷ്യൻ ഗെയിംസിലും ഒളിമ്പിക്സിലും കോമൺവെൽത്ത് ഗെയിംസിലും ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലുമെല്ലാം നേട്ടങ്ങളുടെ ചരിത്രമെഴുതി.

വ്യക്തിപരമായി നേട്ടങ്ങളിൽ ഏറ്റവും വലുതേത് എന്ന് പറയാനാവില്ല. 1984-ലെ ലോസാഞ്ചലസ് ഒളിമ്പിക്സിൽ വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ പി.റ്റി. ഉഷയ്ക്കു ലഭിച്ച നാലാംസ്ഥാനമാണ് ഒരു പ്രധാന നേട്ടം. (സെക്കൻഡിന്റെ നൂറിലൊന്നു വ്യത്യാസത്തിലാണ് ഉഷയ്ക്കു വെങ്കലം നഷ്ടമായത്. 55.42 സെക്കന്റ്. ഇന്നും ഇത് ദേശീയ റെക്കോർഡ്). 1976-ലെ ടെഹ്റാൻ ഏഷ്യൻ ഗെയിംസിൽ ടി.സി. യോഹന്നാൻ നടത്തിയ അത്യുജ്ജ്വല ലോങ്ജംപ് (8.07 മീറ്റർ) ആണ് മറ്റൊരു നേട്ടം. ഈ ഏഷ്യൻ റെക്കോർഡ് 19 വർഷവും ഏഷ്യൻ ഗെയിംസ് റെക്കോർഡ് 20 വർഷവും നിലനിന്നു.

ഡൽഹി ഏഷ്യൻ ഗെയിംസിൽ എം.ഡി. വത്സമ്മ 400 മീറ്റർ ഹർഡിൽസ് ജയിച്ചത് ഏഷ്യൻ റെക്കോർഡോടെയായിരുന്നു. (58.47 സെ).

ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ ആദ്യ മലയാളി

# കായിക

ഒ.എൽ. തോമസാണ്. 1970-ൽ ബാങ്കോക്കിൽ 4 X 100 മീറ്ററിൽ വെങ്കലം നേടിയ ഇന്ത്യൻ ടീമിൽ തോമസ് അംഗമായിരുന്നു. 78-ൽ മുരളിക്കുട്ടൻ 400 മീറ്ററിൽ വെങ്കലവും 4 X 400 മീറ്ററിൽ വെള്ളിയും നേടി. മുരളിയുടെ ഭാര്യ മേഴ്സി മാത്യു 1982-ൽ ഡൽഹിയിൽ ലോങ്ജംപിൽ വെള്ളി നേടി. ഏഷ്യാഡിൽ മെഡൽ നേടിയ ആദ്യ മലയാളി ദമ്പതികളാണ് മേഴ്സിയും മുരളിയും. ഇന്ത്യൻ മണ്ണിൽ ആറു മീറ്റർ ലോങ്ജംപ് ചെയ്ത ആദ്യ വനിതയുമാണ് മേഴ്സി.

ഏഷ്യാഡിലും ഒളിംപിക്സിലും കോമൺവെൽത്ത് ഗെയിംസിലും പങ്കെടുത്ത ആദ്യ ഇന്ത്യൻ വനിതയാണ് മേഴ്സി. (ഉഷയും ഷൈനിയും



ശ്രീശാന്ത്

സനിൽ പി. തോമസ്



**ഇന്ത്യയുടെ കായികഭൂപടത്തിൽ മുൻനിരസ്ഥാനമുണ്ട് കേരളത്തിന്. എന്നാൽ ഒരു ജനതയെന്ന നിലയിൽ എത്രത്തോളം സമ്പുഷ്ടമാണ് നമ്മുടെ കായിക സംസ്കാരം?**

# കേരളത്തിന്റെ അരനൂറ്റാണ്ട്

കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുത്തിട്ടില്ല.)

ഏഷ്യൻ പ്രതിനിധികളായി ലോകകപ്പിൽ മത്സരിച്ച മലയാളികളിൽ പി.റ്റി. ഉഷ, കെ. സാറാമ്മ, ഷൈനി വിത്സൻ, എം.ഡി. വത്സമ്മ തുടങ്ങി ഏറ്റവും ഒടുവിൽ ചിത്ര കെ. സോമൻ വരെ ഉൾപ്പെടുന്നു. നാലു ലോകകപ്പുകളിൽ ഏഷ്യയെ പ്രതിനിധാനം ചെയ്ത ഏക അത്‌ലറ്റാണ് ഷൈനി വിത്സൻ. ലോക ഇൻഡോർ ചാംപ്യൻഷിപ്പിൽ അഞ്ചാം സ്ഥാനവും ലഭിച്ചു.

78-ൽ ബാങ്കോക്കിൽ ഏഞ്ചൽ മേരി ജോസഫ് പെന്റാത്‌ലനിലും ലോങ്ജംപിലും സ്വർണം നേടി. പുരുഷന്മാരുടെ ലോംങ് ജംപിൽ സുരേഷ് ബാബു സ്വർണം നേടി (7.65 മീറ്റർ). കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ ആദ്യ മലയാളിയാണ് സുരേഷ് ബാബു. (വെങ്കലം). 1986-ൽ സോൾ ഏഷ്യൻ ഗെയിംസിൽ പി.റ്റി. ഉഷ സ്വന്തമാക്കിയത് നാലു സ്വർണമാണ്, തൊട്ടു തലേവർഷം ജക്കാർത്ത ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ അഞ്ചു സ്വർണവും.

ഷൈനി വിത്സൻ ഒളിംപിക്സ് സെമിയിൽ കടന്ന ആദ്യ ഇന്ത്യക്കാരിയായി, 1984-ൽ. തൊട്ടു പിന്നാലെയാണ് ഉഷ ഫൈനലിൽ എത്തിയത്. 2000-ത്തിൽ സിഡ്നിയിൽ ബീനാമോൾ 400 മീറ്ററിന്റെ സെമിയിൽ ഓടി. ബീന ബുസാൻ ഏഷ്യാഡിൽ 800 മീറ്ററിൽ സ്വർണം നേടി. ബീനയുടെ സഹോദരൻ ആതൻസിൽ മിൽഖാസിങ്ങിന്റെ റെക്കോർഡിനെക്കാൾ (400 മീറ്ററിലെ ഈ റെക്കോർഡ് 1998-ൽ പരംജീത് സിങ് തിരുത്തിയിരുന്നു.) ഏറെ മെച്ചപ്പെട്ട പ്രകടനം കാഴ്ച വച്ചു.

കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതയും ലോക അത്‌ലറ്റിക്സിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ അത്‌ലറ്റുമായി അഞ്ജു ബോബി ജോർജ്. (രണ്ടിടത്തും ലോങ്ജംപിൽ വെങ്കലം) ആതൻസ് ഒളിമ്പിക്സിൽ ആറാം സ്ഥാനവും ബുസാൻ ഏഷ്യാഡിൽ സ്വർണവും അഞ്ജു നേടി.

ഏറ്റവും ഒടുവിൽ ഡൽഹിയിൽ ലോക വനിതാ ബോക്സിങ്ങിൽ മലയാളി താരം കെ.സി. ലേഖ (75 കിലോ) സ്വർണം നേടി. 57 കിലോയിൽ എൻ. ഉഷയ്ക്ക് വെള്ളി ലഭിച്ചു.

ലേഖയ്ക്കു മുമ്പ്, 2003-ൽ ന്യൂഡൽഹിയിൽ ലോകസബ്ജൂനിയർ പവർ ലിഫ്റ്റിങ്ങിൽ പി.എസ്. പ്രസൂൻ 125 കിലോ വിഭാ



ടി.സി. യോഹന്നാൻ



അഞ്ജു ബോബി ജോർജ്ജ്

ഗത്തിൽ സ്വർണം നേടി (607.5 കിലോ).

ലോക സൈക്കിൾ പോളോ കിരീടം നേടിയ ഇന്ത്യൻ ടീമുകളിൽ ടി. കുമാർ, പി. ശിവകുമാർ, എസ്. ഗോപകുമാർ, പി. പ്രവീൺ കുമാർ എന്നിവർ അംഗങ്ങളായിരുന്നു. ആദ്യ നാലു ലോകകപ്പുകളിലും ഇന്ത്യയായിരുന്നു ചാംപ്യന്മാർ.

വോളിബോളിൽ 74, 78, 86 ഏഷ്യൻ ഗെയിംസുകളിൽ ജിമ്മി ജോർജ് ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. 86-ൽ സോളിൽ വെങ്കലം നേടിയ ടീമിനെ നയിച്ചത് സിറിൾ സി. വെള്ളൂരും നേരത്തെ 1962-ൽ ജക്കാർത്തയിൽ ഇന്ത്യ ഏഷ്യാഡ് വെള്ളി നേടിയപ്പോൾ ടീം നായകൻ ടി.പി. നായരും ആയിരുന്നു.

ടി.സി. ജോസഫ് എന്ന പപ്പൻ മോസ്കോയിൽ 62-ലെ വിജയത്തിൽ മുഖ്യശില്പിയായിരുന്നു. 64-ൽ മോസ്കോയിൽ ലോകചാംപ്യൻഷിപ്പ് വേളയിൽ മികച്ച ആറു കളിക്കാരിൽ ഒരാളായി പപ്പൻ തിരഞ്ഞെടുക്കപ്പെട്ടു.

വി. നാരായണസ്വാമി, ടിനു യോഹന്നാൻ, എസ്. ശ്രീശാന്ത് എന്നീ മലയാളികൾ ക്രിക്കറ്റിൽ ടെസ്റ്റ് ക്യാപ് അണിഞ്ഞു. ഇതിൽ സ്വാമി സർവീസസിന്റെ ലേബലിലാണ് ഇന്ത്യൻ ടീമിൽ എത്തിയത്.

അംബികാ രാധിക, ബോണി തോമസ് എന്നിവർ ടേബിൾ ടെന്നിസിലും യു. വിമൽകുമാർ, ജോർജ് തോമസ്, ജസീൽ പി. ഇസ്മായിൽ, വി.ഡിജു, ജെസി ഫിലിപ്പ്, ലതാ കൈലാസ്, അപർണാബാലൻ തുടങ്ങിയവർ ബാഡ്മിന്റനിലും മിനിമോൾ, ജെസിമോൾ തുടങ്ങിയവർ കയാക്കിങ്ങിലും കൈവരിച്ച നേട്ടങ്ങളും എണ്ണപ്പെടേണ്ടവയാണ്.

ടീം ഇനത്തിൽ ആദ്യം എണ്ണേണ്ടത് ഫുട്ബോൾ തന്നെ. 1973-ൽ എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ പ്രകാശ് ബിശ്വാസിന്റെ റയിൽവേസിനെ പരാജയപ്പെടുത്തി (3-2) ക്യാപ്റ്റൻ മണിയുടെ കേരളം ചരിത്രത്തിലാദ്യമായി സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാംപ്യന്മാരായി. പിന്നെ 92-ൽ കോയമ്പത്തൂരിലും 93-ൽ കൊച്ചിയിലും 2001-ൽ മുംബൈയിലും 2004-ൽ ഡൽഹിയിലും കേരളം സന്തോഷ്ട്രോഫി കരസ്ഥമാക്കി.

92-ൽ വി.പി. സത്യന്റെ ടീം ഗോവയെ

## ദ്രോണാചാര്യ ലഭിച്ച മലയാളി പരിശീലകർ



ഒ.എം. നമ്പ്യാർ



പ്രൊഫ. സണ്ണി തോമസ്



റോബർട്ട് ബോബി ജോർജ്

## അർജുന അവാർഡു നേടിയ മലയാളികൾ

| വർഷം | കായികതാരം | കായികരംഗം |
|---|---|---|
| 1965 | സി. ബാലകൃഷ്ണൻ | പർവതാരോഹണം |
| 1974 | റ്റി.സി. യോഹന്നാൻ | അത്‌ലറ്റിക്സ് |
| 1975 | കെ.സി. ഏലമ്മ | വോളിബോൾ |
| 1976 | ജിമ്മി ജോർജ് | വോളിബോൾ |
| 1976 | സാം ക്രിസ്തുദാസ് | ബോൾ ബാഡ്മിന്റൺ |
| 1978-79 | വി.പി. കുട്ടിക്കൃഷ്ണൻ | വോളിബോൾ |
| 1978-79 | സുരേഷ് ബാബു | അത്‌ലറ്റിക്സ് |
| 1978-79 | ഏഞ്ചൽ മേരി ജോസഫ് | അത്‌ലറ്റിക്സ് |
| 1982 | എം.ഡി. വത്സമ്മ | അത്‌ലറ്റിക്സ് |
| 1983 | പി.റ്റി. ഉഷ | അത്‌ലറ്റിക്സ് |
| 1984 | ഷൈനി വിത്സൻ | അത്‌ലറ്റിക്സ് |
| 1984 | സാലി ജോസഫ് | വോളിബോൾ |
| 1984 | പി.ജെ. ജോസഫ് | പവർലിഫ്റ്റിങ് |
| 1986 | സിറിൾ സി. വെള്ളൂർ | വോളിബോൾ |
| 1988 | വിത്സൻ ചെറിയാൻ | നീന്തൽ |
| 1988 | പി.കെ. യശോധരൻ | പവർലിഫ്റ്റിങ് |
| 1989 | മേഴ്സിമാത്യു കുട്ടൻ | അത്‌ലറ്റിക്സ് |
| 1991 | കെ. ഉദയകുമാർ | വോളിബോൾ |
| 1992 | ഇ. സജീവൻ ഭാസ്കരൻ | പവർലിഫ്റ്റിങ് |
| 1993 | കെ. സാറാമ്മ | അത്‌ലറ്റിക്സ് |
| 1994 | കെ.സി. റോസക്കുട്ടി | അത്‌ലറ്റിക്സ് |
| 1996 | പത്മിനി സെൽവൻ | അത്‌ലറ്റിക്സ് |
| 1999 | റ്റി.വി. പോളി | ബോഡി ബിൽഡിങ് |
| 1999 | എസ്. ഓമനകുമാരി | ഹോക്കി |
| 1999 | രൂപ ഉണ്ണിക്കൃഷ്ണൻ | ഷൂട്ടിങ് |
| 2000 | കെ.എം. ബീനാമോൾ | അത്‌ലറ്റിക്സ് |
| 2000 | ജോർജ് തോമസ് | ബാഡ്മിന്റൺ |
| 2000 | സെബാസ്റ്റ്യൻ സേവ്യർ | നീന്തൽ |
| 2001 | ആർ. മഹേഷ് | യോട്ടിങ് |
| 2002 | ഐ.എം. വിജയൻ | ഫുട്ബോൾ |
| 2002 | അഞ്ജു ബോബി ജോർജ് | അത്‌ലറ്റിക്സ് |
| 2004 | ഹെലൻ മേരി | ഹോക്കി |
| 2004 | ജെനിൽ കൃഷ്ണൻ | റോവിങ് |

## പത്മശ്രീ ലഭിച്ച മലയാളി താരങ്ങൾ

**1983** - എം.ഡി. വത്സമ്മ
**1985** - പി.റ്റി. ഉഷ
**1998** - ഷൈനി വിത്സൻ
**2004** - അഞ്ജു ബോബി ജോർജ്, കെ.എം. ബീനാമോൾ
**2005** - റേച്ചൽ തോമസ്

## രാജീവ് ഖേൽരത്ന ലഭിച്ച മലയാളി താരങ്ങൾ

1. കെ.എം. ബീനാമോൾ 2002-03 (അഞ്ജലി വേദ്പഥക്കുമായി പങ്കുവച്ചു)
2. അഞ്ജു ബോബി ജോർജ് 2003-04

## ദ്രോണാചാര്യ ലഭിച്ച മലയാളി പരിശീലകർ

1. ഒ.എം. നമ്പ്യാർ (1985)
2. പ്രൊഫ. സണ്ണി തോമസ് (2001)
3. റോബർട്ട് ബോബി ജോർജ് (2003)



ജിമ്മി ജോർജ്

## മലയാളി ഒളിംപ്യന്മാർ

| | |
|---|---|
| **1956 മെൽബൺ:** | അബ്ദുൾ റഹ്മാൻ, എസ്.എസ്. നാരായണൻ (ഇരുവരും ഫുട്ബോൾ) |
| **1960 റോം:** | എം. ദേവദാസ്, എസ്.എസ്. നാരായണൻ, ഒ. ചന്ദ്രശേഖരൻ (മൂവരും ഫുട്ബോൾ) |
| **1972 മ്യൂണിക് :** | സുരേഷ്ബാബു (അത്‌ലറ്റിക്സ്), മാനുവൽ ഫ്രെഡറിക്സ് (ഹോക്കി) |
| **1976 മോൺട്രിയോൾ:** | റ്റി.സി. യോഹന്നാൻ (അത്‌ലറ്റിക്സ്) |
| **1980 മോസ്കോ:** | പി.റ്റി. ഉഷ |
| **1984 ലോസ് ആഞ്ചലസ്** | പി.റ്റി. ഉഷ, ഷൈനി ഏബ്രഹാം, എം.ഡി. വത്സമ്മ (അത്‌ലറ്റിക്സ്) |
| **1988 സോൾ:** | മേഴ്സി കുട്ടൻ, പി.റ്റി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി ഏബ്രഹാം (നാലും അത്‌ലറ്റിക്സ്) |
| **1992 ബാർസിലോണ:** | ഷൈനി വിത്സൻ (അത്‌ലറ്റിക്സ്), യു. വിമൽകുമാർ (ബാഡ്മിന്റൺ) |
| **1996 അറ്റ്ലാന്റ:** | ഷൈനി വിത്സൻ, പി.റ്റി. ഉഷ, കെ.എം. ബീനാമോൾ, കെ.സി. റോസക്കുട്ടി (അത്‌ലറ്റിക്സ്), അനിൽ ആൾഡ്രിൻ, സാബു വർക്കി (ഹോക്കി), അംബികാ രാധിക (ടേബിൾ ടെന്നിസ്), സെബാസ്റ്റ്യൻ സേവ്യർ (നീന്തൽ) |
| **2000 സിഡ്നി:** | കെ.എം. ബീനാമോൾ, കെ.സി. റോസക്കുട്ടി, ജിൻസി ഫിലിപ്പ്, രാമചന്ദ്രൻ, ലിജോ ഡേവിഡ് തോട്ടാൻ (എല്ലാവരും അത്‌ലറ്റിക്സ്), ദിനേശ് നായിക്ക് (ഹോക്കി) |
| **2004 ആതൻസ്:** | അഞ്ജു ബോബി ജോർജ്, കെ.എം. ബീനാമോൾ, കെ.എം. ബിനു, ചിത്ര കെ. സോമൻ, ബോബി അലോഷ്യസ് (അത്‌ലറ്റിക്സ്), പി.റ്റി. പൗലോസ് (റോവിങ്) |

പരിശീലകരായി മേജർ രാജൻ (ബാസ്കറ്റ്ബോൾ), ഒ.എം. നമ്പ്യാർ, എ.കെ. കുട്ടി, റോബർട്ട് ബോബി ജോർജ് (അത്‌ലറ്റിക്സ്) പ്രൊഫ. സണ്ണി തോമസ് (ഷൂട്ടിങ്), യു. വിമൽകുമാർ (ബാഡ്മിന്റൻ), ഡോ. സാജു ജോസഫ് (ഹോക്കി, ട്രെയിനർ), എന്നിവരും റഫറിമാരായി ബെന്റി ഡിക്രോത്ത, മുരളീധരൻ രാജ (ബോക്സിങ്) എന്നിവരും ഒളിംപിക്സിൽ പങ്കെടുത്തു.

3-0-ത്തിനും 93-ൽ കുരികേശ് മാത്യുവിന്റെ നേതൃത്വത്തിൽ മഹാരാഷ്ട്രയെ 2-0 ത്തിനും 2001-ൽ വി. ശിവകുമാറിന്റെ ടീം ഗോവയെ 3-2 നും (ഗോൾഡൻ ഗോൾ) 2004-ൽ എസ്. ഇഗ്നേഷ്യസിന്റെ ടീം പഞ്ചാബിനെ 3-2നും ആണ് ഫൈനലിൽ പരാജയപ്പെടുത്തിയത്.

88, 89, 90, 91, 94, 2000, 2004 വർഷങ്ങൾ കേരളം ഫൈനലിൽ പരാജയമറിഞ്ഞവയായിരുന്നു.

കേരള പൊലീസ് രണ്ടുതവണ ഫെഡറേഷൻ കപ്പ് ജയിച്ചതും എണ്ണപ്പെടേണ്ടതു തന്നെ. ജൂനിയർ, സർവകലാശാലാ തലങ്ങളിൽ അഖിലേന്ത്യാ വിജയങ്ങൾ എത്രയോ ഉണ്ട്.

വോളിബോളിൽ വനിതകളാണ് ദേശീയ വിജയങ്ങൾ ഏറെയൊരുക്കിയത്. 1972-ൽ ജബൽപൂരിൽ കെ.സി. ഏലമ്മയുടെ നേതൃത്വത്തിലായിരുന്നു ആദ്യ ദേശീയ വിജയം. പിന്നെ 73-ൽ പി.സി. ഏലിയാമ്മയും 75-ൽ പാലായിൽ ലളിതാ നൈനാനും 76-ൽ തൃശിനാപ്പള്ളിയിൽ വത്സ പി. മാത്യുവും 77-ൽ പൂനെയിൽ ഏലിയാമ്മയും 79-ൽ ബറോഡയിൽ സാലി ജോസഫും 82-ൽ ഫരീദാബാദിൽ ഏലിക്കുട്ടി ജോസഫും 83-ൽ ഭോപ്പാലിൽ ജയ്സമ്മ മൂത്തേടവും 85-ൽ ഡൽഹിയിൽ ലിജിയാമ്മയും 2005-ൽ ചെന്നൈയിൽ പി.വി. ഷീബയും കേരളത്തിന്റെ ദേശീയ വിജയങ്ങളിലെ നായികമാരായി.

കേരളത്തിന്റെ പുരുഷന്മാരാകട്ടെ 1997-ൽ വിശാഖപട്ടണത്താണ് ആദ്യമായി ദേശീയ കിരീടം ചൂടുന്നത്. ബി. അനിലിന്റെ നേതൃത്വത്തിൽ കേരളം പഞ്ചാബിനെ ഫൈനലിൽ തോല്പിച്ചു. പിന്നെ 2001-ൽ കോഴിക്കോട് ബിജു വി. തോമസ് നയിച്ച കേരളം ദേശീയ കിരീടം അണിഞ്ഞു.

കേരള പൊലീസും കൊച്ചി പോർട്ട് ട്രസ്റ്റും ഫെഡറേഷൻ കപ്പ് ജയിച്ചതാണ് പുരുഷ വിഭാഗത്തിലെ എണ്ണപ്പെട്ട മറ്റു നേട്ടങ്ങൾ.

2005 ഡിസംബറിൽ ദേശീയ സ്കൂൾ കായിക മേളയിൽ കേരളം തുടർച്ചയായ പത്താം തവണ ഓവറാൾ ചാംപ്യന്മാരായി. 2006-ൽ ദേശീയ ജൂനിയർ അത്‌ലറ്റിക്സിൽ കേരളം കിരീടം നിലനിർത്തി. അഖിലേന്ത്യാ അന്തർ സർവകലാശാലാ മീറ്റുകളിലും മലയാളി വിജയം തുടർക്കഥയാണ്.

ഒളിംപിക്സിൽ പങ്കെടുത്ത ആദ്യ മലയാളി ചെറുവാരി കെറ്റ്യത്ത് ലക്ഷ്മണൻ ആണ്. 1924-ൽ ഹെൽസിങ്കി ഒളിംപിക്സിൽ ഹർഡിൽസിൽ മത്സരിച്ചു. ആദ്യ മലയാളി വനിത പി.റ്റി. ഉഷ (1980).



ഷൈനി വിൽസൺ



കെ.എം. ബീനാ മോൾ

ചുരുക്കത്തിൽ വിലയിരുത്തുമ്പോൾ ഇന്ത്യൻ കായിക രംഗത്തിന് നിസ്തുല സംഭാവനകൾ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കാണാം. എന്നാൽ ഒരു ജനതയെന്ന നിലയിൽ എത്രത്തോളം സമ്പന്നമാണ് നമ്മുടെ കായിക സംസ്കാരം? ആരോഗ്യപൂർണമായ ഒരു ജീവിതത്തിന് കായിക പ്രവർത്തനങ്ങളും വിനോദങ്ങളും അനിവാര്യമാണ്. പക്ഷേ, ടിവിയിൽ കളികാണുന്ന തിനപ്പുറം ഒറ്റയ്ക്കും കൂട്ടായുമുള്ള പങ്കുചേരലിന് നാമോരോരുത്തരും എത്രത്തോളം തയ്യാറാവുന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ ആരോഗ്യപൂർണമായ കായികസംസ്കാരത്തിലേക്ക് ഇനിയും ഏറെ ദൂരമുണ്ട് നമുക്ക് താണ്ടാൻ! നല്ല സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും പ്രാദേശിക തലങ്ങളിൽ ഉണ്ടാകണം. കുട്ടികളുടെ തലത്തിൽ തന്നെ സ്പോർട്സിൽ താത്പര്യം വളർത്തിയെടുക്കണം. സർക്കാരിന്റെയും സ്പോർട്സ് സംഘടനകളുടെയും ഇടപെടൽ മാത്രം പോരാ അതിന്. സമൂഹത്തിന്റെ പൂർണമായ പങ്കാളിത്തവും അനിവാര്യമാണ്. ■

ഡോ. പി.വി. പ്രകാശ്ബാബു

# നവോത്ഥാനവും കേരളപാണിനീയവും

**കേരള നവോത്ഥാനത്തെ സാധ്യമാക്കിയ ദേശബോധത്തിന്റെയും അതിന് അനുപൂരകമായി ശക്തിപ്പെട്ട ഭാഷാബോധത്തിന്റെയും പ്രത്യക്ഷ നിദർശനങ്ങളിൽ ഒന്നാണ് കേരള പാണിനീയം എന്ന് ലേഖകൻ വാദിക്കുന്നു. ആ കൃതിയുടെ പ്രാമാണികതയുടെ പ്രധാന കാരണവും ഇതുതന്നെ.**

നവോത്ഥാനവും കേരള പാണിനീയവും തമ്മിലെന്ത്? നമ്മുടെ ഭാഷാസാഹിത്യ മണ്ഡലത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലുമായി പ്രത്യക്ഷപ്പെട്ട നവോത്ഥാന പ്രവണതകളുടെ പ്രചാരകരിലൊരാൾ എന്ന നിലയിൽ എ.ആർ. രാജരാജവർമ രചിച്ച വ്യാകരണഗ്രന്ഥം എന്നതിലൊതുങ്ങുമോ ഇവ തമ്മിലുള്ള ബന്ധം? മറിച്ച് പ്രസ്തുത നവോത്ഥാനത്തിന്റെ മൂല്യബോധത്തെ വ്യാകരണത്തിന്റെ മണ്ഡലത്തിൽ ഏതെങ്കിലും തരത്തിൽ എ.ആറിന്റെ കൃതി അടയാളപ്പെടുത്തുന്നുണ്ടോ? ഈ ചോദ്യങ്ങൾ നമ്മുടെ വ്യാകരണ ചരിത്രത്തിൽ കേരളപാണിനീയം കൈവരിച്ച പ്രാമാണികതയുമായി ബന്ധപ്പെടുന്നുണ്ട്. അഥവാ നമ്മുടെ വ്യാകരണ ഗ്രന്ഥങ്ങളിൽ കേരള പാണിനീയത്തിന് ലഭിച്ച സവിശേഷ സ്ഥാനം ഈ ദിശയിലുള്ളതാണോ എന്ന അന്വേഷണം പ്രസക്തമാണ്. മലയാള ഭാഷാവ്യാകരണങ്ങളുടെ മേഖലയിൽ കേരള പാണിനീയം സൃഷ്ടിച്ച പരിവർത്തനങ്ങൾക്ക് രീതിശാസ്ത്രത്തിന്റെയും പ്രയോഗത്തിന്റെയും തലങ്ങളിൽ പ്രസക്തിയുണ്ട്.

## ചരിത്രാത്മക വ്യാകരണത്തിന്റെ പ്രസക്തി

വ്യാകരണ രചനയ്ക്ക് സ്വീകരിക്കേണ്ട രീതിശാസ്ത്രത്തെ സംബന്ധിച്ച് കേരള പാണിനീയത്തിന്റെ ആമുഖത്തിൽ എ.ആർ. പറയുന്നുണ്ട്. ആഭ്യൂഹിക രീതി (വിവരണാത്മകം)യെയും ആഗമികരീതി (ചരിത്രാത്മകം)യെയും താരതമ്യം ചെയ്ത് 'എളുപ്പത്തിൽ എഴുതിയുണ്ടാക്കാവുന്നത് ആഭ്യൂഹിക വ്യാകരണമായിരിക്കും. എന്നാൽ ഉപയോഗമധികം ആഗമിക വ്യാകരണം കൊണ്ടാണ്' എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ആഭ്യൂഹികമെന്ന് എ.ആർ. വിളിച്ച വിവരണാത്മകരീതിയും ആഗമികമെന്ന് വിളിച്ച ചരിത്രാത്മകരീതിയും തമ്മിലുള്ള ഭിന്നത എന്താണ്? വിവരണാത്മക രീതി ഭാഷയുടെ തത്കാല സ്ഥിതിയെ ഘടനാപരമായി പരിശോധിക്കുന്നതാണ്. ആധുനിക ഭാഷാ ശാസ്ത്രം വിവരണാത്മകരീതിയെയാണ് ഉയർത്തിപ്പിടിക്കുന്നത്. വസ്തുനിഷ്ഠമായ ഒരപഗ്രഥന പദ്ധതി എന്ന നിലയിൽ സ്വീകാര്യമാണ് എങ്കിലും ഒരു ഭൗതിക യാഥാർത്ഥ്യമെന്ന നിലയിൽ ഭാഷയിൽ സംഭവിക്കാനിടയുള്ള പരിണാമങ്ങളെയോ സാമൂഹിക പ്രതിഭാസമെന്ന നിലയിൽ പ്രകടമാവുന്ന സ്വാധീനങ്ങളെയോ തിരിച്ചറിയുന്നതിൽ ഈ സമീപനം പരാജയപ്പെടുന്നുണ്ട്. ചരിത്രാത്മക രീതിയിലാകട്ടെ ഭാഷയുടെ ചരിത്രം പ്രധാനമാകുന്നു. മനുഷ്യരോടൊപ്പം ഭാഷയും പരിണമിക്കുന്നുവെന്ന ബോധ്യമാണ് ചരിത്രാത്മകവീക്ഷണത്തിന്റെ അടിത്തറ.



എ.ആർ. രാജരാജവർമ ഭാഷയുടെ സ്വത്വത്തെ യുക്തിപൂർവം അവതരിപ്പിച്ചു.

കേരളപാണിനീയത്തിന് മുമ്പ് രചിക്കപ്പെട്ട മലയാള വ്യാകരണങ്ങളിൽ ശ്രദ്ധേയമെന്ന് പറയാവുന്ന ഗുണ്ടർട്ടിന്റെ 'മലയാള ഭാഷാവ്യാകരണം' വിവരണാത്മക രീതിയെയാണ് പിന്തുടർന്നത്. കേരളപാണിനീയത്തിന്റെ ആദ്യപതിപ്പിനെഴുതിയ മുഖവുരയിൽ വ്യാകരണ രചനയിൽ ഗുണ്ടർട്ടിന്റെ വ്യാകരണം ഒഴിച്ചുള്ളതൊന്നും തനിക്കുപകരിച്ചിട്ടില്ല എന്ന് എ.ആർ. പ്രസ്താവിച്ചിട്ടുണ്ട്. വിവരണാത്മകരീതിയെ അപേക്ഷിച്ച് ചരിത്രാത്മകരീതിയാണ് പ്രയോജനപ്രദമെന്ന എ.ആറിന്റെ വാദത്തിന് വ്യാകരണ പദ്ധതികളെ സംബന്ധിച്ച വിധിപ്രസ്താവം എന്ന നിലയിൽ പ്രസക്തിയൊന്നുമില്ല. എന്നാൽ രീതി ശാസ്ത്രത്തിന്റെ തലത്തിൽ ബോധപൂർവമായ ഒരു തെരഞ്ഞെടുപ്പാണ് എ.ആർ. നടത്തിയതെന്ന് ഇതിലൂടെ വ്യക്തമാകുന്നുണ്ട്. ഈ തെരഞ്ഞെടുപ്പിന് പിന്നിൽ പ്രവർത്തിച്ചത് താൻ ജീവിക്കുന്ന കാലവും സമുദായവും തന്നിലർപ്പിച്ച ചുമതലയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ബോധ്യങ്ങളുമാണ്. കേരളീയ സമൂഹത്തെ സംബന്ധിച്ചും മലയാള ഭാഷയെ സംബന്ധിച്ചും അടിസ്ഥാനപരമായ പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്ന ഒരു ചരിത്ര സന്ദർഭത്തെയാണ് എ.ആർ. രാജരാജവർമ പ്രതിനിധാനം ചെയ്തത്.

തന്റെ മുൻഗാമികളിൽ നിന്ന് വ്യത്യസ്തമായി പരിണാമങ്ങളിലൂടെ സുസ്ഥാപിതമാക്കപ്പെട്ട മലയാളഭാഷയുടെ തനത് സ്വത്വത്തെ യുക്തിപൂർവം അവതരിപ്പിക്കുകയാണ് എ.ആർ. ചെയ്തത്. ഇതിനനുയോജ്യമായത് ചരിത്രാത്മകരീതിയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. കൃത്യമായ അർത്ഥത്തിൽ ഒരു വ്യാകരണഗ്രന്ഥത്തിൽ കാണാൻ പാടില്ലാത്ത ഭാഷാചരിത്ര സംബന്ധിയായ ദീർഘിച്ച ഒരവലോകനം (പീഠിക) കേരളപാണിനീയത്തിൽ കടന്നു വന്നത് ഇതിനാലാണ്. ചരിത്രാത്മക രീതിയെക്കുറിച്ചുള്ള എ.ആറിന്റെ മതത്തെ ഈ ദിശയിൽ വേണം മനസ്സിലാക്കാൻ.

## നവോത്ഥാനം സൃഷ്ടിച്ച സ്വത്വബോധം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യവർഷങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളും നമ്മുടെ സാമൂഹിക ചരിത്രത്തിൽ നിർണായകങ്ങളാണ്. സാമൂഹികഘടനയിലെ നവോത്ഥാനത്തിന്റെ ഫലങ്ങൾ ഭാഷാ സാഹിത്യവ്യവഹാരങ്ങളിൽ ശക്തമായിത്തന്നെ പ്രത്യക്ഷപ്പെട്ടു. നമ്മുടെ കവിതാരംഗം ഗംഭീരമായ ഒരു പരിവർത്ത

നത്തിന്റെ കാഹളം മുഴക്കി. ഭാഷയിൽ ആശാൻ എന്ന കവി പ്രത്യക്ഷപ്പെട്ടു. കവിത കാല്പനികതയുടെ ഗാഢവും സ്വകാര്യവുമായ ഒരു ദർശനത്തിലേക്ക് വളർന്നു. ഗദ്യത്തിലാവട്ടെ നോവൽ എന്നൊരു പുതിയ സാഹിത്യരൂപം തന്നെ ഉദയം ചെയ്തു. സാമുദായിക പരിഷ്കരണവാഞ്ഛയുടെയും വളർച്ചയെത്തിയ ഒരു ഭാഷാബോധത്തിന്റെയും അനശ്വരസ്മാരകമായി 'ഇന്ദുലേഖ' പിറന്നു. സാഹിത്യരംഗത്തുണ്ടായ ഇത്തരം മാറ്റങ്ങൾ കേവലം ഉപരിതലത്തിലെ ഓളങ്ങളായിരുന്നില്ല. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രീയതയിലും യുക്തിബോധത്തിലും അധിഷ്ഠിതമായ ജീവിതബോധത്തിന്റെയും അനുരണനങ്ങളായിരുന്നു ഇവ. നമ്മുടെ സാമൂഹിക ജീവിതത്തിന്റെ ആഴങ്ങളെ സ്പർശിച്ച ഈ ചലനങ്ങളെയാണ് നാം നവോത്ഥാനം എന്ന് പേരിട്ട് വിളിച്ചത്. ഈ നവോത്ഥാനകാലത്തിന്റെ ആഹ്വാനങ്ങളായിരുന്നു സ്വന്തം രചനകളിലൂടെ എ.ആറും ഏറ്റുവാങ്ങിയത് എന്നത് മറന്നുകൂടാ. വ്യാകരണത്തിന്റെ തലത്തിൽ ഭാഷയുടെ മേൽവിലാസമുറപ്പിക്കുക എന്നതായിരുന്നു എ.ആറിന്റെ ലക്ഷ്യം. അതായത് ചരിത്രപരമായി മലയാളഭാഷ കൈവരിച്ച പരിണാമങ്ങളെയും അതിന്റെ സ്വത്വത്തെയും പ്രഖ്യാപിക്കുക എന്ന ചരിത്ര ദൗത്യമാണ് കേരളപാണിനീയ രചനയിലൂടെ എ.ആർ. നിറവേറ്റിയത്.

## നവോത്ഥാനവും പാരമ്പര്യവും

ആഗമികരീതി പിന്തുടർന്നതിലൂടെ 'കേരളപാണിനി' നമ്മുടെ പാരമ്പര്യത്തെ അട്ടിമറിക്കുകയാണ് ചെയ്തത് എന്നൊരു വിമർശനമുയർന്നിട്ടുണ്ട്. വേണുഗോപാലപ്പണിക്കർ എഴുതുന്നത് നോക്കുക: "നമ്മുടെ നവോത്ഥാന ചിന്തയുടെ കാലത്ത് ഈ ഇന്ത്യൻ വീക്ഷണം തകിടം മറിക്കാനാണ് കൊണ്ടുപിടിച്ച ശ്രമം നടന്നതെന്നും മറന്നുകളയരുത്. കേരളപാണിനീയത്തിന്റെ മുഖവുരയിൽ ആഭ്യൂഹിക പദ്ധതിയല്ല ആഗമികമെന്ന് പേരിട്ടിരിക്കുന്ന ചരിത്രാത്മക പദ്ധതിയാണ് ശാസ്ത്രീയം എന്ന് ഉറപ്പിച്ചു പറയുന്നത് ശ്രദ്ധിക്കുക. വ്യാകരണത്തെ ശാസ്ത്രങ്ങളിൽ ഒന്നായി പരിഗണിക്കണമെങ്കിൽ ആഗമികമായിരിക്കണമെന്ന് അദ്ദേഹം ശഠിക്കുന്നു. പ്രത്യക്ഷ പ്രസ്താവങ്ങളിലുള്ള ഈ അതിനിർവഹണം നവോത്ഥാനനായകന്മാർക്ക് അത്യാവശ്യമായിരുന്നു എന്നുവരാം. ചരിത്രകാരനായ രവിവർമ്മ പ്രതിപാദനശൈലിയിൽ പടിഞ്ഞാറൻ റിയലിസ്റ്റുകളെ അനുകരിച്ചുവല്ലോ. ഭാരതീയമായ കഥാഖ്യാന പാരമ്പര്യത്തെയും കേരളീയമായ ചിത്രകലാ പാരമ്പര്യത്തെയും ചന്തുമേനോൻ ഇന്ദുലേഖ ഒന്നാം പതിപ്പിന്റെ അവതാരിക (1889)യിൽ ഒന്നോടെ തള്ളിക്കളയുന്നുവല്ലോ".

(സാഹിത്യസിദ്ധാന്ത ചർച്ച 2000 പ്രൊഫ. എം.എൻ. കാരശ്ശേരി. മലയാളവിഭാഗം – കോഴിക്കോട് സർവകലാശാല പു.24)

ഈ വാദം ശരിയോ തെറ്റോ എന്നതല്ല ഇവിടെ പ്രസ്തുതമായ സംഗതി. മറിച്ച് നവോത്ഥാനത്തെ സംബന്ധിച്ച ഗൗരവമേറിയ ചില പ്രശ്നങ്ങളെ ഈ വിമർശനം പങ്കുവയ്ക്കുന്നുണ്ട് എന്നതാണ്. നമ്മുടെ നവോത്ഥാനം പരമ്പരാഗതമായ വൃത്താന്തവ്യവസ്ഥകളെ തകിടം മറിക്കുകയാണ് എന്നതാണ് വിമർശനം. ഇത് കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ നമ്മുടെ നവോത്ഥാനത്തിന് അധിനിവേശത്തിന്റേതായ ഒരു 'ഹിഡൻ അജണ്ട' ഉണ്ടായിരുന്നു എന്നർത്ഥം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭാരതത്തിൽ വീശിയടിച്ച നവോത്ഥാനത്തിന് പിന്നിൽ അധിനിവേശത്തിന്റേതായ ഒരു പ്രത്യയശാസ്ത്രം കൂടി പ്രവർത്തിച്ചിരുന്നു എന്ന വിമർശനം പല ചിന്തകരും ഇന്നംഗീകരിക്കുന്നുണ്ട്. അതിനാൽ നവോത്ഥാനത്തിന്റെ പ്രത്യയശാസ്ത്രത്തെക്കുറിച്ച് പറയുമ്പോൾ 'അധിനിവേശ ആധുനികത' (colonial modernity) എന്ന പദം ഉപയോഗിക്കാനാണ് പലരും തുനിയുന്നത്. പി.പി. രവീന്ദ്രൻ അഭിപ്രായപ്പെട്ടത് കാണുക: "ഭാഷണചിന്തയുടെയും പുതിയ സാംസ്കാരിക പഠനങ്ങളുടെയും വെളിച്ചത്തിൽ തെളിഞ്ഞു വരുന്ന മറ്റൊരു കാര്യം ഏകമുഖമോ ഏകരൂപിയോ ആയ സാംസ്കാരിക പ്രവർത്തനം ആയിരുന്നില്ല ഭാരതീയ നവോത്ഥാനം എന്നതാണ്. പുരോഗമനപരവും പരിഷ്കരണപരവുമായ അതിന്റെ പ്രത്യക്ഷരൂപത്തിനടിയിൽ അത്രയൊന്നും പുരോഗമനപരമല്ലാത്ത മറ്റൊരു രൂപം ഒരു പാഠത്തിനടിയിൽ ഒരു ഉപപാഠമെന്നപോലെ ഒളിഞ്ഞിരിക്കുന്നു എന്നാണ് കാണുന്നത്". (ആധുനികാനന്തരം – വിചാരം. വായന – 1999 കറന്റ് ബുക്സ്, തൃശ്ശൂർ പു.97)



**'വ്യാകരണമില്ലാത്ത ഭാഷ രാജാവില്ലാത്ത രാജ്യം പോലെയാകുന്നു. ഭരണത്തിലും തന്ത്രഭേദമുള്ളതുപോലെ ആഭ്യൂഹിക വ്യാകരണം രാജാധിപത്യത്തിന്റെയും ആഗമികവ്യാകരണം പൗരാധിപത്യത്തിന്റെയും സ്ഥാനം വഹിക്കും'**

എന്നാൽ നവോത്ഥാന പ്രക്രിയയിലടങ്ങിയിരിക്കുന്ന അധിനിവേശ പ്രത്യയശാസ്ത്ര വിവക്ഷകളെ മുൻനിർത്തി നവോത്ഥാനം നമ്മുടെ പാരമ്പര്യത്തെ തകിടം മറിക്കുകയായിരുന്നുവെന്ന തീർപ്പിലെത്തുന്നത് ശരിയാവില്ല. യഥാർത്ഥത്തിൽ അധിനിവേശ ആധുനികത പാരമ്പര്യത്തെ ദിവ്യവും ഉത്കൃഷ്ടവുമായി വ്യാഖ്യാനിക്കുകയും അതിനെ നിശ്ചിതധാരകളിലേക്ക് നിജപ്പെടുത്തുകയുമാണ് ചെയ്തത്. സംസ്കൃതം നമ്മുടെ പൈതൃകത്തിന്റെ ഭാഷാ സ്വരൂപമാവുകയും വേദങ്ങളും ഉപനിഷത്തുക്കളും സാംസ്കാരിക പാരമ്പര്യത്തിന്റെ സമാഹൃതപാഠങ്ങളാവുകയും ചെയ്തത് അങ്ങനെയാണ്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരുടെ സ്വത്വവും ഭാഷയും സംസ്കാരവും പാരമ്പര്യത്തെ സംബന്ധിച്ച അധിനിവേശ വ്യാഖ്യാനത്തിന് പുറത്തായി. ഇംഗ്ലീഷ് പരിജ്ഞാനം മാത്രമല്ല, സംസ്കൃതവ്യുൽപ്പത്തി കൂടി ഉള്ള ആളാണ് ചന്തുമേനോന്റെ നായകൻ. നവോത്ഥാനവും പാരമ്പര്യവും തമ്മിലുള്ള ബന്ധം കേവല നിഷേധത്തിന്റേതായിരുന്നില്ല എന്നതാണ് ഇതിനർത്ഥം. പാരമ്പര്യവുമായി ബന്ധപ്പെട്ട് നവോത്ഥാനത്തിലന്തർഭവിച്ചിരിക്കുന്ന സങ്കീർണത 'കേരളപാണിനീയ'ത്തെയും ചൂഴ്ന്നുനിൽക്കുന്നുണ്ട്.

## സംസ്കൃത സ്വാധീനത്തിന്റെ പ്രശ്നം

തന്റെ മുൻഗാമികളിൽ നിന്ന് വ്യത്യസ്തമായി സംസ്കൃതവ്യാകരണ സമ്പ്രദായങ്ങളുടെ സ്വാധീനത്തിൽ നിന്ന് കുതറിമാറാനുള്ള ശ്രമം തന്റെ ഗ്രന്ഥത്തിൽ എ.ആർ. നടത്തുന്നുണ്ട്. 'കേരളപാണിനീയ'ത്തിന്റെ ആദ്യപതിപ്പിൽ നിന്ന് രണ്ടാം പതിപ്പിലെത്തുമ്പോൾ തന്നെ ഈ മാറ്റം പ്രകടമാണ്. ഭാഷാസ്വഭാവങ്ങളെ സംസ്കൃതഭാഷയുടേതിൽ നിന്ന് വ്യവച്ഛേദിച്ച് വിശദീകരിക്കാനുള്ള ശ്രമം ഈ കൃതിയിലുടനീളം കാണാം. മലയാളത്തിലെ വിഭക്തികൾക്ക് പുതിയ പേരുകൾ നിർദേശിക്കുമ്പോൾ മുമ്പേ പോയവർ വല്ല കാരണവശാലും ഒരു കുഴിയിൽ വീണു എന്നു വച്ചിട്ട് പിമ്പേ വരുന്നവരും ആ കുഴിയിൽ വീഴുകയോ എന്ന് അദ്ദേഹം ചോദിക്കുന്നുണ്ട്. ഇവിടെ സംസ്കൃത സ്വാധീനമെന്ന 'കുഴി'യെക്കുറിച്ചാണ് സൂചന. എന്നാൽ വിഭക്തി ചർച്ചയുൾപ്പെടെ പുതിയ രീതി എന്തെങ്കിലും

ഗുണം ചെയ്തോ എന്ന ചോദ്യം പ്രസക്തമാണ്. മാത്രവുമല്ല, ചിലയിടത്തെങ്കിലും സംസ്കൃത സ്വാധീനത്തിന്റെ കെട്ടുപാടുകളിൽ നിന്ന് മുക്തനാവാൻ എ.ആറിന് കഴിയുന്നുമില്ല. ഉദാഹരണത്തിന് 'നാമാദിയാം വിഭാഗത്തിനെല്ലാമർത്ഥം നിയാമകം' എന്ന് അർത്ഥത്തെ അടിസ്ഥാനമാക്കി പദവർഗീകരണം നടത്തുന്നിടത്ത് രൂപഘടനയെയും പ്രയോഗസാധ്യതകളെയും മുൻനിറുത്തി പദങ്ങളെ തരം തിരിക്കുന്ന നവീന മാതൃകയിൽ നിന്ന് അദ്ദേഹം പുറം തിരിഞ്ഞു നിൽക്കുന്നു. സംസ്കൃതവ്യാകരണങ്ങൾ പദത്തിന്റെ അർത്ഥം നോക്കിയാണ് വിശേഷണവിശേഷ്യങ്ങളെ വേർതിരിച്ചിരിക്കുന്നത് എന്നു കൂടി മനസ്സിലാക്കണം. അതായത് സംസ്കൃതത്തിന്റേതായ പരമ്പരാഗത മാർഗമാണോ നവീനമായ മാതൃകകളാണോ പിന്തുടരേണ്ടത് എന്ന സന്ദിഗ്ധത കേരള പാണിനീയത്തിലുണ്ട് എന്നാണ് ഇതെല്ലാം കാണിക്കുന്നത്. എന്നാൽ ആധുനികമായ ഒരു വ്യാകരണം രചിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് എ.ആർ. പ്രഖ്യാപിക്കുന്നുണ്ട്. ഇതാകട്ടെ കേവലം വ്യാകരണബോധത്തിന്റെ പ്രശ്നവുമല്ല. 'വ്യാകരണമില്ലാത്ത ഭാഷ രാജാവില്ലാത്ത രാജ്യം പോലെയാകുന്നു. ഭരണത്തിലും തന്ത്രഭേദമുള്ളതുപോലെ ആഭ്യൂഹിക വ്യാകരണം രാജാധിപത്യത്തിന്റെയും ആഗമികവ്യാകരണം പൗരാധിപത്യത്തിന്റെയും സ്ഥാനം വഹിക്കും' എന്ന മുഖവുരയിലെ വാക്കുകൾ നോക്കുക. ഈ വരികളിൽ ഒരു സംക്രമണകാലത്തിന്റെ മുഴക്കങ്ങളുണ്ട്. ആധുനികതയുടേതായ ഒരു പ്രത്യശാസ്ത്രമണ്ഡലമാണ് പൗരനെ/വ്യക്തിയെ സൃഷ്ടിച്ചത്. നമ്മുടെ സാഹിത്യ വ്യവഹാരങ്ങളിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈ വ്യക്തി പ്രത്യക്ഷപ്പെടുന്നുണ്ട്. ചന്തുമേനോന്റെ നായകനും ആശാൻ കവിതയിലെ ദർശനകേന്ദ്രവും ഈ വ്യക്തിയാണ്. ചന്തുമേനോന്റെ 'സ്വകാര്യതയോടടുക്കുന്ന സൗഹൃദത്തിന്റെ ശൈലി' ഈ ദർശനത്തെ പിൻപറ്റുകയാണ് ചെയ്യുന്നത്. ആധുനികതയുടെ ഈ ദർശനത്തെ വ്യാകരണത്തിന്റെ മണ്ഡലത്തിലേക്ക് പരാവർത്തനം ചെയ്യുകയായിരുന്നു എ.ആർ എന്നർത്ഥം. രാജവാഴ്ചയുടെ അഥവാ നാടുവാഴിത്തത്തിന്റെ ലംബതല അധികാര ഘടനയോടല്ല, ജനാധിപത്യത്തിന്റെ തിരശ്ചീനതല സാമൂഹികഘടനയോടാണ് തന്റെ ആഭിമുഖ്യമെന്ന് അദ്ദേഹം ഇതിലൂടെ പ്രഖ്യാപിക്കുന്നു. കേരള പാണിനീയത്തിൽ പ്രകടമാവുന്ന സംവാദപരതയെ ഈ രീതിയിൽ വേണം കാണാൻ. അതായത് കേരളത്തിന്റെ നവോത്ഥാനത്തെ സാധ്യമാക്കിയ ദേശബോധത്തിന്റെയും അതിനനുപൂരകമായി ശക്തിപ്പെട്ട ഭാഷാബോധത്തിന്റെയും പ്രത്യക്ഷ നിദർശനങ്ങളിലൊന്നായി കേരളപാണിനീയത്തെ മനസ്സിലാക്കാം. ഒരു പക്ഷേ, മലയാള വ്യാകരണഗ്രന്ഥങ്ങളിൽ ഈ കൃതി കരസ്ഥമാക്കിയ പ്രാമാണികതയുടെ പ്രധാന കാരണം ഇതാണ്. ■



മാട്ടുപ്പെട്ടി ഡാം

ഹൈഡൽ ടൂറിസം പദ്ധതികൾ വ്യാപകമാക്കി വിനോദ സഞ്ചാര മേഖലയിൽ തനതായ സ്ഥാനം കണ്ടെത്തുകയാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. കേരളത്തിൽ ഏറെ സാധ്യതകളുള്ളതും എന്നാൽ വേണ്ടത്ര ശ്രദ്ധ പതിയാത്തതുമായ മേഖലയാണ് ഹൈഡൽ ടൂറിസം.

ജല വൈദ്യുതി പ്രദേശങ്ങളിലെ അണക്കെട്ടുകൾ, ജല സംഭരണികൾ, ഇവയ്ക്ക് ചുറ്റുമുള്ള മനോഹരമായ പ്രദേശങ്ങൾ എന്നിവ സുരക്ഷാനിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെ സഞ്ചാരികൾക്ക് ആസ്വദിക്കാൻ അവസരമൊരുക്കുന്ന സംരംഭമാണ് ഹൈഡൽ ടൂറിസം.

പ്രകൃതി രമണീയമാണ് കേരളത്തിന്റെ കിഴക്കൻ മലയോരങ്ങളും അവിടെനിന്നുത്ഭവിക്കുന്ന നദികളും. ഈ നദികളുമായി ബന്ധപ്പെട്ട് സംസ്ഥാന വൈദ്യുതി ബോർഡിന് ഒട്ടേറെ ജലവൈദ്യുതി പദ്ധതികൾ നിലവിലുണ്ട്. ഇവ വൈദ്യുതി ഉത്പാദനത്തിനുപുറമെ ടൂറിസത്തിനും ഉപയോഗിക്കാമെന്ന തിരിച്ചറിവാണ് ഹൈഡൽ ടൂറിസം എന്ന ആശയത്തിന് പിന്നിലുള്ളത്.

ഹരിതാഭമായ കുന്നുകളും മലകളും അതിരിടുന്ന നയന മനോഹരമായ



ഇടുക്കി ആർച്ച് ഡാം

# അനന്തസാധ്യതകളുമായി ഹൈഡൽ ടൂറിസം

**ഒരു വർഷം ആറുലക്ഷം പേർ സഞ്ചാരികളായെത്തുന്ന ഒരു പുതിയ ടൂറിസം മേഖല കൂടി തുറക്കുകയാണ് സംസ്ഥാനം.**



ട്രൗട്ട് ലഗൂൺ, കുണ്ടള

പ്രദേശങ്ങളിലാണ് വൈദ്യുത പദ്ധതികളുടെ ജല സംഭരണികൾ സ്ഥിതി ചെയ്യുന്നത്. കാടിനകത്തും കാടിനോടു ചേർന്നും നീലത്തടാകങ്ങൾ കണക്കെ നീണ്ടുപരന്നു കിടക്കുന്ന ജലസംഭരണികൾ, അവയ്ക്കുള്ളിലേക്കു പോയാൽ ഇരുവശങ്ങളിലും ദൃശ്യചാരുതയുടെ കലവറ. അവിസ്മരണീയമാണ് ജലസംഭര ണികളിലൂടെയുള്ള യാത്ര. ഇതിന് അവസരമൊരുക്കുന്നതിനൊപ്പം സഞ്ചാരികളെ ആകർഷിക്കാനാവശ്യമായ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താണ് ഹൈഡൽ ടൂറിസം പദ്ധതിക്ക് തുടക്കംകുറിച്ചത്. 2000-ൽ കേരള ഹൈഡൽ ടൂറിസം സെന്റർ എന്ന പേരിൽ സൊസൈറ്റി രൂപീകരിച്ചു. ഈ സൊസൈറ്റിയാണ് സംസ്ഥാനത്ത് ഹൈഡൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത്. 2000 മെയ് 19 ന് മൂന്നാർ ഹൈഡൽ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. പിന്നീട് മൂന്നാർ സർക്ക്യൂട്ടിന്റെ കീഴിൽ മാട്ടുപ്പെട്ടി, കുണ്ടള ഹൈഡൽ ടൂറിസം യൂണിറ്റുകൾ തുടങ്ങി.

കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഹൈഡൽ ടൂറിസം മേഖലയിൽ കാര്യമായ പ്രവർത്തനം ഉണ്ടായില്ല. ജലവൈദ്യുത പദ്ധതികളുടെ സുരക്ഷാ നിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെ ഹൈഡൽ ടൂറിസത്തിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗിക്കുക എന്നതാണ് എൽ.ഡി.എഫ് സർക്കാരിന്റെ നയം. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

വയനാട് ജില്ലയിലെ ബാണാസുരസാഗർ ഹൈഡൽ ടൂറിസം സെന്റർ 2006 സെപ്റ്റംബർ 24-ന് ആരംഭിച്ചു. തുടർന്ന്, ലോവർ മീൻമുട്ടി ഹൈഡൽ ടൂറിസം സെന്റർ ഡിസംബർ 21-നും ആരംഭിച്ചു.

സ്പീഡ് ബോട്ടുകളും പെഡൽബോട്ടുകളുമാണ് ബാണാസുരസാഗറിലെ പ്രധാന ആകർഷണം. കൂടാതെ ഡാം സന്ദർശനത്തിനും സൗകര്യമുണ്ട്. ലോവർ മീൻമുട്ടിയിൽ ഡ്രിഫ്റ്റിങ് കോഫി ഷോപ്പ്, റിവർ റാഫ്റ്റിങ്, പെഡൽ ബോട്ടിങ്, ആംഗ്ലിങ്, ട്രെക്കിങ്, വാട്ടർ കാസ്കേഡ് എന്നീ സൗകര്യങ്ങളാണുള്ളത്. ഇതിൽ പാറക്കെട്ടുകൾക്കിടയിലുള്ള ചങ്ങാടയാത്ര (റിവർ റാഫ്റ്റിങ്), ഒഴുകിനടക്കുന്ന കോഫി ഷോപ്പ് (ഡ്രിഫ്റ്റിങ് കോഫിഷോപ്പ്) എന്നിവ കേരളത്തിൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ആദ്യമായാണ് ഏർപ്പെടുത്തിയത്.

പതിനാറ് ഏക്കറിൽ പരന്നുകിടക്കുന്നതാണ് മൂന്നാർ ഹൈഡൽ പാർക്ക്. ഒരുവശത്ത് മുതിരപ്പുഴ. മറുവശത്ത് പള്ളിവാസൽ പദ്ധതിയുടെ പവർ ചാനൽ. ഇങ്ങനെ ഇരുവശത്തും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതാണ് ഹൈഡൽ പാർക്ക്. റോ ബോട്ടുകൾ (തുഴച്ചിൽ ബോട്ടുകൾ), പെഡൽബോട്ടുകൾ, വ്യത്യസ്തമായ ധാരാളം പൂക്കൾ നിറഞ്ഞ ഉദ്യാനം, പുൽത്തകിടി, അഡ്വഞ്ചർസ്വിങ്, ക്യാമ്പ് ഫയർ, റോളർ സ്കേറ്റിങ് യാർഡ്, ബാഡ്മിന്റൺ കോർട്ട്, വാക്ക്വേ സൗകര്യങ്ങൾ എന്നിവ മൂന്നാർ ഹൈഡൽ സെന്ററിൽ ഒരുക്കിയിട്ടുണ്ട്.

കുണ്ടളയിൽ കാശ്മീരി ശിക്കാരി (കാശ്മീരിലെ ദാൽ തടാകത്തിലെ ബോട്ടുകളുടെ മാതൃകയിലുള്ളത്), റോ ബോട്ടുകൾ, പെഡൽ ബോട്ടുകൾ എന്നിവയുണ്ട്. മാട്ടുപ്പെട്ടിയിൽ സ്പീഡ് ബോട്ടുകളും എക്കോ പോയിന്റിൽ റോ ബോട്ടുകളും ഒരുക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ നിന്ന് ഹൈഡൽ ടൂറിസം സെന്ററിന് വിട്ടുകിട്ടിയ നാടുകാണിയിൽ സൗകര്യങ്ങൾ

# ജസ്റ്റിസ് ബാലകൃഷ്ണൻ മലയാളത്തിന്റെ അഭിമാനം



ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ ഇന്ത്യയുടെ 37-ാമത് ചീഫ്ജസ്റ്റിസായി നിയമിതനായി. ഇന്ത്യൻ നീതിന്യായ പീഠത്തിലെ പരമോന്നത പദവിയിൽ എത്തുന്ന ആദ്യ മലയാളിയാണ് അദ്ദേഹം. ഇപ്പോഴത്തെ ചീഫ് ജസ്റ്റിസ് വൈ. കെ. സബർവാൾ ജനുവരി 14ന് വിരമിക്കുന്ന ഒഴിവിലാണ് ജസ്റ്റിസ് ബാലകൃഷ്ണന്റെ നിയമനം. 2010 മെയ് 12 വരെ അദ്ദേഹം ചീഫ് ജസ്റ്റിസ് ആയിരിക്കും. ദളിത് സമുദായത്തിൽ നിന്ന് ഈ പദവിയിൽ എത്തുന്ന ആദ്യ വ്യക്തിയും കൂടിയാണ്.

കോട്ടയം തലയോലപ്പറമ്പ് സ്വദേശിയായ കോനകുപ്പക്കാട്ടിൽ ഗോപിനാഥൻ ബാലകൃഷ്ണൻ 1945 മെയ്-12ന് ജനിച്ചു. 1968 മാർച്ച് 16നാണ് കേരള ബാർ കൗൺസിലിൽ വക്കീലായി എൻറോൾ ചെയ്തത്. കേരള ജുഡീഷ്യൽ സർവീസിൽ 1973 ജനുവരി 10ന് ചേർന്നു. പിന്നീട് കേരള ഹൈക്കോടതിയിൽ അഡ്വക്കേറ്റായി പ്രാക്ടീസ് ആരംഭിക്കുകയും 1958 സെപ്തംബർ 26ന് കേരള ഹൈക്കോടതിയിൽ ജഡ്ജിയാവുകയും ചെയ്തു.

1998 ജൂലൈ 16ന് ഗുജറാത്ത് ഹൈക്കോടതി ചീഫ് ജസ്റ്റിസായി. 1999 സെപ്തംബർ 9 മുതൽ മദ്രാസ് ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായി. 2000 ജൂണിലാണ് സുപ്രീം കോടതി ജഡ്ജിയാകുന്നത്. ദളിത് വിഭാഗത്തിൽ നിന്നുള്ള ആദ്യ രാഷ്ട്രപതിയെ (കെ.ആർ. നാരായണൻ) ഭാരതത്തിന് സംഭാവന ചെയ്ത കേരളത്തിന് ആ വിഭാഗത്തിൽ നിന്നുതന്നെയുള്ള ആദ്യ ചീഫ് ജസ്റ്റിസിനെയും സംഭാവന ചെയ്യാനായത് അഭിമാനകരമായ നേട്ടമായി.

ഒരുക്കുന്നതേയുള്ളൂ.

ഓണം, ക്രിസ്തുമസ് വേളയിൽ ഇടുക്കി ആർച്ച് ഡാമിൽ സന്ദർശകർക്കായി തുറന്നു കൊടുക്കുന്നതും ജലസംഭരണിയിൽ സ്പീഡ് ബോട്ട് സൗകര്യം ഒരുക്കുന്നതും ഹൈഡൽ ടൂറിസം സെന്ററാണ്.

ഇടുക്കി ഡാമിനോട് അനുബന്ധിച്ച് റോപ്പ് വേയും ഡാം പശ്ചാത്തലമാക്കി ലൈറ്റ് ആന്റ് സൗണ്ട് ഷോയും ഏർപ്പെടുത്താനും ഹൈഡൽ ടൂറിസം സെന്റർ ആലോചിക്കുന്നുണ്ട്. കൂടാതെ മൂന്നാർ, മാട്ടുപ്പെട്ടി എന്നിവിടങ്ങളിൽ വിദേശ ടൂറിസ്റ്റുകൾക്കായി താമസ സൗകര്യം, കുണ്ടളയിൽ ട്രൗട്ട് ഫിഷിംഗ് അടിസ്ഥാനമാക്കി ടൂറിസ്റ്റ് സങ്കേതം, ബാണാസുര സാഗർ തടാകത്തിലെ ദ്വീപുകളിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിലുള്ള കോട്ടേജുകൾ, വെള്ളച്ചാട്ടത്തിൽ സ്നാൻ ഘട്ടുകൾ, ഡ്രിഫ്റ്റിങ് കോഫി ഷോപ്പുകൾ, മീൻമുട്ടിയിൽ നദിക്കരയിൽ കോട്ടേജുകൾ എന്നിവയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മൂന്നാർ, മാട്ടുപ്പെട്ടി, കുണ്ടള, എക്കോ പോയിന്റ്, നാടുകാണി, ബാണാസുര സാഗർ എന്നിവിടങ്ങളിലെ ഹൈഡൽ ടൂറിസം സെന്ററുകളിൽ ഇപ്പോൾ പ്രതിവർഷം ആറ് ലക്ഷത്തോളം സന്ദർശകർ എത്തുന്നുണ്ട്. ഇന്ത്യയുടെ ടൂറിസം ഭൂപടത്തിൽ തനിമയുള്ള ഒരു സംവിധാനമായി കേരളത്തിലെ ഹൈഡൽ ടൂറിസത്തെ മാറ്റുവാനാണ് എൽ.ഡി.എഫ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ഹൈഡൽ ടൂറിസം സെന്റർ

കേരളത്തിൽ ഹൈഡൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത് കേരള ഹൈഡൽ ടൂറിസം സെന്റർ സൊസൈറ്റിയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 2000-ത്തിലാണ് സൊസൈറ്റി സ്ഥാപിച്ചത്. സർക്കാർ വായ്പയായി അനുവദിച്ച 30 ലക്ഷം രൂപയാണ് സൊസൈറ്റിയുടെ പ്രവർത്തന മൂലധനം. 10 വർഷം കൊണ്ടാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്. ആറ് വർഷം കൊണ്ട് 60 ശതമാനം തിരിച്ചടച്ചു. പുതുതായി വായ്പ എടുക്കാതെ പ്രവർത്തന ലാഭത്തിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് സൊസൈറ്റി പുതിയ പദ്ധതികൾ ആരംഭിച്ചത്.



ഹൈഡൽ പാർക്ക്, മൂന്നാർ

സൊസൈറ്റിയുടെ ഗവേണിങ് ബോഡി ചെയർമാൻ വൈദ്യുതി മന്ത്രിയാണ്. വൈസ് ചെയർമാൻ കെ.എസ്.ഇ.ബി ചെയർമാനും. കെ.എസ്. ഇ.ബി. മെമ്പർ (ഡിസ്ട്രിബ്യൂഷൻ), മെമ്പർ (ട്രാൻസ് മിഷൻ), ചീഫ് എഞ്ചിനീയർ (കൺസ്ട്രക്ഷൻസ്), സ്പെഷ്യൽ ഓഫീസർ (പബ്ലിക് റിലേഷൻസ്), സ്പെഷ്യൽ ഓഫീസർ (ടൂറിസം) എന്നിവർ ഗവേണിംഗ് ബോർഡ് അംഗങ്ങളാണ്. സ്പെഷ്യൽ ഓഫീസർ ടൂറിസം സൊസൈറ്റിയുടെ ഡയറക്ടറായി പ്രവർത്തിക്കുന്നു. ■

ഡോ. ലിബു ജി.കെ.



# വൃത്തിയുള്ള സമൂഹസൃഷ്ടിക്കായ്

സംഭവബഹുലമായ നിരവധി ദിവസങ്ങളിലൊന്ന് - ബസ് കാത്ത് നിൽക്കുകയാണ് ഞാൻ. വാഹനങ്ങളുടെ ശബ്ദം, ചെവിപൊട്ടുമാറുള്ള ഫോണിന്റെ സ്വരം. പുകയും പൊടിപടലങ്ങളും, അന്തരീക്ഷമാകെ മലിനമായിരിക്കുന്നു. കാലിൽ തടയുന്ന ചവറുകൾ തട്ടിനീക്കി ഞാൻ അടുത്ത തൂണിനെ ലക്ഷ്യമാക്കി നടന്നു. അതിൽ ഒന്ന് ചാരി നിൽക്കാനായി നോക്കുമ്പോൾ കണ്ട കാഴ്ച അസഹനീയം - കീറി മാറ്റിയ ഒത്തിരി പോസ്റ്ററുകളുടെ അവശിഷ്ടം, അതിലൂടെ ആരോ മുറുക്കിത്തുപ്പിയിരിക്കുന്നു. ചാരി നിൽക്കാനുള്ള എന്റെ മോഹം ഞാൻ തൽക്കാലം ഉപേക്ഷിച്ചു.

പലപ്പോഴും അറിഞ്ഞിട്ടുള്ള ഒരു ഗന്ധം. ഞാൻ എന്റെ വലത് വശത്തേക്ക് നോക്കി. അവിടെ ഒരു മധ്യവയസ്കൻ. ചുറ്റുപാടുകളെക്കുറിച്ച് ഒട്ടും തന്നെ വേവലാതിപ്പെടാതെ നിസംഗതയോടെ പുകച്ചുരുളുകൾ തന്റെ ചുറ്റുമുള്ള അന്തരീക്ഷത്തിലേക്ക് ഊതി വിടുന്നു. എനിക്ക് ശ്വാസം മുട്ടുന്നു. ഇടതുവശത്തായി ഒരു ചെറുപ്പക്കാരൻ. കോളേജ് വിദ്യാർത്ഥിയാണ് എന്ന് തോന്നുന്നു. എന്തിനാണ് ആ ചെറുപ്പക്കാരൻ തലങ്ങും വിലങ്ങും തുപ്പി തുപ്പി നിൽക്കുന്നത്. ഞാൻ പെട്ടെന്നാണ് അത് ശ്രദ്ധിച്ചത്. അവന്റെ കീഴ്ചുണ്ടുകൾക്കുള്ളിൽ എന്തോ തിരുകി വച്ചിരിക്കുന്നത് പോലെ.

"ഇവിടെ നിന്ന് രക്ഷപ്പെട്ടല്ലോ". ബസ് വന്നപ്പോൾ ഞാൻ ആശ്വസിച്ചു. ബസിനുള്ളിൽ തിക്കി തിരക്കി ഞാൻ ഒരു സീറ്റ്

കാലിൽ തടയുന്ന ചവറുകൾ തട്ടിനീക്കി ഞാൻ അടുത്ത തൂണിനെ ലക്ഷ്യമാക്കി നടന്നു. അതിൽ ഒന്ന് ചാരി നിൽക്കാനായി നോക്കുമ്പോൾ കണ്ട കാഴ്ച അസഹനീയം - കീറി മാറ്റിയ ഒത്തിരി പോസ്റ്ററുകളുടെ അവശിഷ്ടം, അതിലൂടെ ആരോ മുറുക്കിത്തുപ്പിയിരിക്കുന്നു.

കണ്ടു പിടിച്ചു. ജനാലയ്ക്കരികിൽ. ഞാൻ സന്തോഷിച്ചു. എന്നാൽ എന്റെ സന്തോഷത്തിന് അല്പായുസ്സായിരുന്നു. ജനാലയുടെ കീഴ്ഭാഗത്തായിട്ട് ആരോ കുറച്ച് മുമ്പായി മുറുക്കിത്തുപ്പിയതിന്റെ ബാക്കി ഞാൻ ഉള്ളിലേക്ക് ചരിഞ്ഞ് ഒരിടവും തട്ടാതെ ഇരുന്നു. എന്റെ തൊട്ടു പിന്നിലെ സീറ്റിലെ ആളുകളുടെ ശകാരം കേട്ട് നോക്കിയ എനിക്ക് ആ മുറുക്കിത്തുപ്പിയതിന്റെ ഉറവിടം മനസ്സിലായി. എന്റെ മുൻസീറ്റിലെ വൃദ്ധൻ പുറത്തേക്ക് ഒന്നും കാര്യമാക്കാതെ മുറുക്കിത്തുപ്പുന്നു. അകത്തേക്ക് ചരിഞ്ഞിരുന്നതിനാൽ ഞാൻ കഷ്ടിച്ച് രക്ഷപ്പെട്ടു

മെഡിക്കൽ കോളേജ് ജംങ്ഷനിൽ ഇറങ്ങി ഹോസ്പിറ്റലിലേക്ക് നടക്കുമ്പോൾ ഞാൻ കണ്ടത്, വൃക്ഷങ്ങളിലെ പക്ഷികളുടെ കാഷ്ഠം കാരണം റോഡിൽ ടാർ കാണാനുണ്ടായിരുന്നില്ല. പോരാത്തതിന് നമ്മുടെ രോഗികളുടെയും സന്ദർശകരുടെയും തലങ്ങും വിലങ്ങുമുള്ള തുപ്പൽ, തുമ്മൽ, ചുമ!! ഞാൻ ചിന്തിക്കുകയായിരുന്നു, ശരീരത്തിൽ പക്ഷിയുടെ കാഷ്ഠം വീണാലും കുഴപ്പമില്ല. ആരുടെയെങ്കിലും തുപ്പലോ കഫമോ വീഴാതിരുന്നാൽ മതിയായിരുന്നു. കാരണം മുകളിലെ നിലക

(26-ാം പേജിൽ തുടരും)



ഇന്നു ഞാൻ, നാളെ നീ!



മഴയെ ഗർഭം കൊണ്ട മേഘത്തെ
നിൽക്കുന്ന നീർത്തടം. ഒരു മല പി
ത്തപ്പെടുന്നു. അമൃതവാഹിനിയാണ



യന്ത്രവത്കരണം അധ്വാനത്തെ ലഘൂകരിക്കുന്നു. പക്ഷേ,കാൽച്ചുവട്ടിലെ മണ്ണു മാന്താനുള്ളതാവരുത് അത്.



പ്രകൃതിസംരക്ഷണം യാഥാസ്ഥിതിക
അതിനർത്ഥം പ്രകൃതിവേണ്ട, വികസ

# വിട
# മഴുമു
# കേ



ഉരുള ഉരുട്ടുന്ന കൈയിൽ കൊലക്കത്തി ഏന്തിയപ്പോൾ...



ഏറ്റുവാങ്ങാൻ ഇരുകൈയും നീട്ടി
ളർക്കുമ്പോൾ ഒരുപാട് നീർത്തടങ്ങൾ നിക
റ് മഴ; നീർത്തടം അമൃതകുംഭവും.



ലാഭം, ദുര, ക്രൗര്യം: മലകളെ വിഴുങ്ങുന്ന ഉദരപൂരണ രാക്ഷസന്മാരെ നിലയ്ക്ക് നിർത്തിയാലേ പ്രകൃതി പിണങ്ങാതിരിക്കൂ. മലയില്ലാത്ത നാട്ടിൽ മഴയും ഇല്ല.



കവും വികസനവിരുദ്ധവുമാകേണ്ടതില്ല.
സനം മതി എന്നുമാവരുത്.



ഇന്നത്തെ പ്രകൃതിയെ നാളത്തെ തലമുറയ്ക്ക് കൈമാറാനുള്ള ചുമതല നമുക്കുണ്ട്. പ്രകൃതിവിഭവങ്ങളെ നല്ലകാര്യങ്ങൾക്കായി വിനിയോഗിക്കാം. പക്ഷേ, ഒടുക്കത്തെ ദാഹത്തോടെ അവളുടെ ഹൃദയരക്തം കുടിക്കലാവരുത്.... ലക്ഷ്യം.

# ടനഖര
# നകളുടെ
# കളി...

ചിത്രങ്ങൾ: **ദിനേശൻ കണ്ണപുരം**

ളിലെ ജനാലകൾക്കരികിൽ ആൾക്കാർ നിൽക്കുന്നു. അവർ ഏത് നിമിഷവും താഴേക്ക് തുപ്പാം.

ഹോസ്പിറ്റലിനുള്ളിലേക്ക് കയറിയപ്പോൾ കണ്ട കാഴ്ച വളരെ ശോചനീയം. ജനൽപ്പടികൾ, കോണിപ്പടികളുടെ വശങ്ങൾ, ഇടനാഴികൾ... എല്ലാം തുപ്പലിൽ കുളിച്ച് നിൽക്കുന്നു.

ഇത് ഒരു ഒറ്റപ്പെട്ട അനുഭവമല്ല. എല്ലാവർക്കും ഇത്തരം അനുഭവങ്ങൾ പറയാനുണ്ടാകും. വീടുകളിൽ, റോഡിൽ, നിരത്തിൽ. ചന്തയിൽ, ബസിൽ, ട്രെയിനിൽ, സ്കൂളിൽ, കോളേജിൽ, എല്ലായിടത്തും നിങ്ങൾക്ക് ഇത്തരം സാഹചര്യങ്ങൾ കാണാൻ കഴിയും.

ഈ പറഞ്ഞ പ്രശ്നങ്ങൾ ലോകമെങ്ങും നിലനിൽക്കുന്നു. എന്നാൽ വികസിത രാജ്യങ്ങൾ വളരെ കർശനമായ നിയമങ്ങളിലൂടെയും ജീവിതചര്യാ പരിശീലനങ്ങളിലൂടെയും നല്ലൊരു പരിധി വരെ ഇത്തരം പ്രശ്നങ്ങളിൽ നിന്നും മുക്തി നേടിയിട്ടുണ്ട്.

കേരള ജനത വിദ്യാഭ്യാസപരമായി ഇന്ത്യൻ സംസ്ഥാനങ്ങളിൽ വളരെ മുന്നിലായിരിക്കാം. എന്നാൽ ശുചിത്വസ്വഭാവങ്ങളിൽ നാം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലെ ജനതയിൽ നിന്നും ഭിന്നരല്ല.

വ്യക്തിശുചിത്വത്തിൽ നാം ശ്രദ്ധ ചെലുത്തുന്നുണ്ട്. എന്നാൽ പരിസരശുചിത്വത്തിലും പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട ചില മര്യാദകളുടേയും ശുചിത്വസ്വഭാവങ്ങളുടേയും കാര്യത്തിൽ നാം വളരെ മുന്നേറേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുസ്ഥലത്ത് തുപ്പുന്നതിനെതിരെ അടുത്തിടെ പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവിന് വളരെയധികം പ്രാധാന്യമുണ്ട്.

പൊതുസ്ഥലത്ത് തുപ്പുന്നത്, പൊതുസ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നതുപോലെ വൃത്തിഹീനമായ പ്രവൃത്തിയാണ്. എന്നാൽ ഭൂരിപക്ഷം വരുന്ന ജനത പൊതുസ്ഥലത്ത് തുപ്പുന്നതിനെ വൃത്തിഹീനമായ പ്രവൃത്തിയായി കരുതുന്നില്ല.

പൊതുസ്ഥലത്ത് തുപ്പുതുപോലെ വൃത്തിഹീനമായ ഒരു പ്രവൃത്തിയാണ് പൊതുസ്ഥലങ്ങളിൽ തുമ്മുക എന്നതും ചുമയ്ക്കുക എന്നതും. എന്നാൽ ഇവ രണ്ടും തന്നെ തുപ്പുക എന്ന പ്രവൃത്തിയിൽ നിന്നും വ്യത്യസ്തമാണ്. കാരണം ഇത് ഒരാൾക്ക് പലപ്പോഴും സ്വയം നിയന്ത്രിക്കാൻ കഴിയാത്ത ഒരു പ്രവൃത്തിയാണ്. സാധാരണ ഗതിയിൽ ശ്വാസകോശസംബന്ധമായ രോഗങ്ങളോ അലർജിയുടെ അസുഖമുള്ളവരോ ആണ് ധാരാളമായി തുമ്മുകയും ചുമയ്ക്കുകയും ചെയ്യുക.

വെറ്റില കൂട്ടി മുറുക്കുന്നത് നമ്മുടെ സമൂഹത്തിൽ അംഗീകരിച്ചിരിക്കുന്ന ഒരു സ്വഭാവചര്യയാണ്. എന്നാൽ പണ്ടുകാലങ്ങളിൽ ആൾക്കാർ മുറുക്കിത്തുപ്പിയിരുന്നത് 'കോളാമ്പി'യിലായിരുന്നു. ഇപ്പോൾ കോളാമ്പി അപ്രത്യക്ഷമായി. വെറ്റില കൂട്ടി മുറുക്കുക എന്ന സ്വഭാവം പക്ഷേ ഇന്നും നിലനിൽക്കുന്നു.

പാൻമസാലകളുടെ സുലഭമായ ഉപയോഗവും കൂടുതലായി തുപ്പുന്നതിന്റെ മറ്റൊരു പ്രധാന കാരണമാണ്. ഇസ്ലാം മതവിശ്വാസികൾ വ്രതമനുഷ്ഠിക്കുന്ന കാലത്ത് ഉമിനീർ ബോധപൂർവ്വം ഇറക്കാറില്ല. എന്നാൽ ഊറി വരുന്ന ഉമിനീർ ചിലപ്പോൾ തുപ്പാതെ നിർവ്വാഹമില്ല.

ജലദോഷവും ചുമയും കാരണം ബുദ്ധിമുട്ടുന്ന രോഗികളും പൊതുവെ കൂടുതൽ കഫവും ഉമിനീരും തുപ്പുന്നതായി കാണാം.

അശ്രദ്ധമായി അവിടെയും ഇവിടെയും തുപ്പുന്നയാളെ നാം കാണാൻ ഇഷ്ടപ്പെടുമോ? എത്രതന്നെ നന്നായി വസ്ത്രധാരണം ചെയ്തതായാലും എത്ര വിദ്യാഭ്യാസമുള്ളയാളായാലും.


നമ്മുടെ പരിസരവും കെട്ടിടങ്ങളുടെ പുറവും ഉൾഭാഗവും തുപ്പി വൃത്തികേടാക്കിയിരിക്കുന്നത് കാണാൻ നാം ഇഷ്ടപ്പെടുമോ?

മലമൂത്രവിസർജ്ജ്യത്തെ പോലെ അറപ്പുളവാക്കുന്ന ഒരു കാഴ്ചയാണ് പൊതുസ്ഥലത്ത് കഫത്തിനും തുപ്പലിനും ഉള്ളത്. തുപ്പൽ, കാഴ്ചയിൽ മാത്രമല്ല ആരോഗ്യപരമായ കാരണങ്ങളാലും അപകടകാരിയാണ്.

- തുപ്പൽ കാഴ്ചയ്ക്ക് അരോചകമാണ്
- തുപ്പൽ ഈച്ചകളെ ആകർഷിക്കുന്നു
- ദുർഗന്ധമുണ്ടാക്കുന്നു
- തുപ്പൽ/കഫം/തുമ്മൽ/ചുമ ഇവ രോഗാണുവാഹകരാണ്

നേരത്തെ പറഞ്ഞതുപോലെ ധാരാളമായി തുപ്പുന്നത് മുറുക്കുന്നതു പോലുള്ള വൃത്തിഹീനമായ സ്വഭാവമുള്ളവരോ അസുഖമുള്ളവരോ ആണ്. അതിനാൽ തന്നെ അവരുടെ കഫത്തിലും തുപ്പലിലും ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും ഉണ്ടാകുന്ന കണികകളിലും ധാരാളം അണുക്കളും ഉള്ളതായി കാണാം. ഇവ ക്ഷയം പോലുള്ള ശ്വാസകോശ സംബന്ധമായ രോഗങ്ങൾ പകരാനിടയാകും. പല അണുക്കളും തുപ്പലിൽ

# ഉമിനീർ



ഉമിനീരിലെ അമിലൈസ്

മനുഷ്യനടക്കം എല്ലാ ജന്തുക്കളുടെയും വായിൽ 24 മണിക്കൂറും ഉമിനീർ ഉണ്ടാകുന്നു. ജലമയമുള്ളതും പതയുള്ളതുമാണ് ഉമിനീർ. ഉമിനീർ ഗ്രന്ഥിയിൽ നിന്ന് ഉണ്ടാവുന്ന ഇവയിൽ 98% വെള്ളവും ബാക്കി ശരീരത്തിന് അത്യാവശ്യമുള്ള അയോണീകരിക്കപ്പെട്ട കണങ്ങൾ, കഫം, ബാക്ടീരിയെ പ്രതിരോധിക്കുന്ന പല ജൈവ പദാർത്ഥങ്ങൾ, എൻസൈമുകൾ എന്നിവയും അടങ്ങിയിരിക്കുന്നു.

ഉമിനീരിന്റെ ഏറ്റവും പ്രധാന ധർമം ദഹനത്തിന് സഹായിക്കുക എന്നതാണ്. ദഹനത്തിന് ഭക്ഷണത്തെ നനയ്ക്കാനും എളുപ്പത്തിൽ വിഴുങ്ങാൻ ഭക്ഷണം ഉരുളയാക്കാനും ഉമിനീർ സഹായിക്കുന്നു. ഉമിനീരിൽ അടങ്ങിയിരിക്കുന്ന അമിലെയ്സ് (amylase) എന്ന എൻസൈം അന്നജത്തെ വിശ്ലേഷിപ്പിച്ച് ശരീരത്തിന് ആവിശ്യമായ മാൽട്ടോസും (Maltose) ഡെക്സിട്രിനും (Dextrin)മായി മാറ്റുന്നു. ഭക്ഷണം ആമാശയത്തിൽ എത്തുന്നതിനും മുമ്പുള്ള ആദ്യഘട്ട ദഹനമാണ് ഉമിനീരിന്റെ സഹായത്തോടെ വായിൽ നടക്കുന്നത്. ഇതുകൂടാതെ നാവിന്റെ സഹായത്തോടെ രുചി അറിയാനും വായയും മോണയും വൃത്തിയാക്കാനും, വായുടെ അകത്ത് രോഗ സംക്രമണ പ്രതിരോധത്തിനും ഉമിനീർ സഹായിക്കുന്നു. പൂർണ ആരോഗ്യവാനായ ഒരുവ്യക്തിയിൽ ശരാശരി 700ml ഉമിനീർ വരെ ഒരു ദിവസം ഉത്പാദിപ്പിക്കപ്പെടുമെന്നാണ് കണക്ക്. ഇതിൽ ഭൂരിഭാഗവും ആമാശയത്തിലേക്ക് എത്തുന്നു. ചില അസുഖങ്ങൾ കാരണവും അലർജി കാരണവും ചിലരിൽ ക്രമാതീതമായി ഉമിനീർ ഉണ്ടാകുന്നു.

# കോളാമ്പി വിശേഷം





ഇന്റർനെറ്റിലെ ബ്ലോഗ് സൈറ്റുകളിലൊന്നിൽ സർഫറസ് കെ. നിയാസി എന്ന വിദേശ മെഡിക്കൽ ഡോക്ടർ തന്റെ സുഹൃത്തിന്റെ ഭാര്യയ്ക്കുണ്ടായ അനുഭവം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ നാട്ടിലെ ടെലഫോൺ വകുപ്പിലെ കസ്റ്റമർ സർവീസ് സെന്ററിൽ ചെന്നതാണവർ. മനോഹരമായ ഗ്രാനൈറ്റ് പാകിയ, ആധുനിക സൗകര്യങ്ങളുള്ള റിസപ്ഷൻ ഹാൾ അവരെ വല്ലാതെ ആകർഷിച്ചു. വിവരം തിരക്കാനായി ഡസ്കിലെത്തി ക്ലാർക്കിനെ നോക്കി. വായ നിറച്ചു വെറ്റില മുറുക്കുമായി അയാൾ ഒരു നിമിഷം കാത്തിരിക്കാൻ ആംഗ്യഭാഷയിൽ അറിയിച്ച് പിന്നിലേക്കുള്ള ഡോർ തുറന്നു. വെളുത്ത ടൈൽ പാകിയ മിനുസമുള്ള ബാത്ത്റൂമായിരുന്നു ഉള്ളിൽ. വായിലുള്ള മുറുക്കാൻ ചാർ മുഴുവൻ പുറത്തേക്കാക്കി അയാൾ നീട്ടിവലിച്ചു തുപ്പി. പിന്നീട് മുഷിഞ്ഞ ഉടുപ്പിന്റെ തോൾഭാഗം കൊണ്ട് ചിറി തുടച്ച് ചോദിച്ചു *"ഞാൻ നിങ്ങളെ സഹായിക്കട്ടെ"*.





നമ്മുടെ നാട്ടിൽ നടന്നതല്ല ഇത്. പൊതുസ്ഥലത്തെ തുപ്പൽ ഇവിടെ മാത്രമല്ല പ്രശ്നം. ഇക്കാലത്തു മാത്രവുമല്ല നീട്ടി വലിച്ചു തുപ്പുന്നതിനു പകരം അതിനായി കോളാമ്പി ഉപയോഗിക്കുന്ന ശീലം മിക്കവാറും എല്ലാ നാടുകളിലും ഉണ്ടായിരുന്നു. പുകയിലയും വെറ്റിലയും ചവയ്ക്കുമ്പോഴും മുറുക്കുമ്പോഴും മാത്രമല്ല സാധാരണ തുപ്പുന്നതിനും ഇതുപയോഗിച്ചിരുന്നു. ലക്നൗ, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലും മുമ്പ് മുഗൾ ഭരണകാലത്ത് കോളാമ്പിയുമായി സഞ്ചരിക്കുക ആഢ്യൻമാരുടെ ഒരു ശീലമായിരുന്നു. തുപ്പുന്നതും വായ മറച്ചു പിടിച്ചേ ചെയ്യാറുണ്ടായിരുന്നുള്ളൂ. ആളുകൾ കാൺകെ പൊതു സ്ഥലത്ത് തുപ്പുന്നത് അപരിഷ്കൃതമായിട്ടാണ് കണക്കാക്കിയിരുന്നത്. ഉയർന്ന തരം ലോഹങ്ങൾ കൊണ്ട് കൊത്തുപണികളൊക്കെയുള്ള കോളാമ്പികൾ അന്തസ്സിന്റെ ചിഹ്നമായിരുന്നു.





ഇന്നിപ്പോൾ കോളാമ്പി പോയ്മറഞ്ഞു. തുപ്പൽ തുടരുന്നു.

കുറേനാൾ ജീവിക്കും. തുപ്പൽ ഉണങ്ങി പൊടിയായി പറന്നാലും അവ രോഗാണുക്കളെ വഹിക്കുന്നതായി കാണാം.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ ഒരു സംശയം-ശരി, പൊതുസ്ഥലത്ത് തുപ്പരുത്, തലങ്ങും വിലങ്ങും തുപ്പരുത്, പിന്നെ എന്ത് ചെയ്യും?

തുപ്പുന്നത് എത്രമാത്രം അത്യാവശ്യമാണ്? നമ്മുടെ ശരീരത്തിൽ ധാരാളം ഉമിനീർ ദിനവും ഉണ്ടാകുന്നുണ്ട്. ഇവ നാം അറിയാതെ തന്നെ കുടിച്ചിറക്കുന്നുണ്ട്. ഉമിനീർ, ദഹനത്തിനും വായയുടെ ആരോഗ്യത്തിനും സംസാരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. എന്നാൽ മുറുക്കുന്ന വ്യക്തികളിലും രോഗികളിലും ധാരാളമായി ഉമിനീരും കഫവും ഉണ്ടാകാം. ഇവ കുടിച്ചിറക്കുന്നത് ആരോഗ്യത്തിന് ഹാനീകരം തന്നെയാണ്. അതിനാൽ മുറുക്കുന്നതും പാൻമസാല ചവയ്ക്കുന്നതുമായ സ്വഭാവം നിയന്ത്രിക്കുക എന്നതും ജലദോഷവും ചുമയും യഥാസമയം ചികിത്സിച്ചു മാറ്റുക എന്നതും പ്രാധാന്യമർഹിക്കുന്നു.

മുറിക്കിത്തുപ്പുന്നവർ കോളാമ്പി (spittoons) പോലുള്ള ഉപാധികൾ ഉപയോഗിക്കുന്നത്, തുപ്പൽ ശേഖരിച്ച ശേഷം ഒരു മിച്ച് നശിപ്പിക്കുവാൻ സഹായിക്കും.

രോഗികൾ കഴിയുന്നതും കഫം ഒരു വിസ്താരമുള്ള വായുള്ള കുപ്പിയിലോ മറ്റോ ശേഖരിച്ച ശേഷം അണുവിമുക്തമാക്കി അതിനെ നശിപ്പിക്കേണ്ടതാണ്.

പൊതുസ്ഥലങ്ങളിൽ പ്രത്യേക ദൂരയളവുകളിൽ Public Comfort Station-കളും അവയിൽ തുപ്പുന്നതിനായി വാഷ്ബോസിനുകളും സ്ഥാപിക്കേണ്ടതാണ്.

പൊതുസ്ഥാപനങ്ങളിലെല്ലാം തന്നെ ജനത്തിന് ഉപയോഗിക്കും വിധം ധാരാളം spittoons സ്ഥാപിക്കേണ്ടതും അവ ദിനം പ്രതി വൃത്തിയാക്കി സൂക്ഷിക്കേണ്ടതുമാണ്.

കൈയിൽ എപ്പോഴും ഒരു തൂവാല കരുതുകയും ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായ തൂവാലകൊണ്ട് മൂടുകയും ചെയ്യുന്നത് ചുമയിലും തുമ്മലിലും കൂടെ അണുക്കൾ നിറഞ്ഞ ഉമിനീരിന്റെയും കഫത്തിന്റെയും കണികകൾ അന്തരീക്ഷത്തിൽ വരുന്നത് തടയാനും രോഗവ്യാപനം കുറക്കാനും സഹായിക്കും.

പൊതുസ്ഥലത്ത് തുപ്പുന്നതിനെതിരായി നിയമനിർമ്മാണം നടത്തുന്നത് എത്രമാത്രം ഉചിതമാണ്? പല വികസിത വികസ്വര രാഷ്ട്രങ്ങളിലും പൊതുസ്ഥലത്ത് തുപ്പുന്നതിനെതിരെ നിയമം നിലനിൽക്കുന്നു. പലയിടത്തും വളരെ കർശനമായി പൊതുസ്ഥലത്ത് തുപ്പുന്നവരിൽ നിന്നും പിഴ ഈടാക്കുന്നുമുണ്ട്. തുപ്പുന്നത് ഹ്രസ്വമായ ഒരു പ്രവൃത്തിയാണ്. ഒരാൾ തുപ്പുന്നതു കണ്ടാൽ മാത്രമേ അയാളെ ശിക്ഷിക്കാനാവൂ. തുപ്പിക്കഴിഞ്ഞ ശേഷം തുപ്പൽ ആരിൽ നിന്നു വന്നു എന്ന് കണ്ടുപിടിച്ച് ശിക്ഷിക്കുക അസാധ്യം. പൊതുസ്ഥലങ്ങളിലെല്ലാം ക്യാമറക്കണ്ണുകളുള്ള വികസിത രാജ്യങ്ങളിൽ ഒരു പരിധിവരെ ഇത് സാധ്യമാണ്. നമ്മുടെ നാട്ടിൽ, ജാഗരൂകരായ പോലീസ് ഉദ്യോഗസ്ഥർ ഈ ചുമതല ഏറ്റെടുക്കേണ്ടിവരും. പോലീസ് തുപ്പിയാലോ ?

ഈ സാഹചര്യത്തിൽ വേണ്ടിയിരിക്കുന്നത് ഒരു സാമൂഹികമായ സമീപനമാണ്. വിദ്യാർത്ഥികൾ മുതൽ മുതിർന്നവർ വരെയുള്ളവരെ ലക്ഷ്യമാക്കി സദാചാര മൂല്യങ്ങളെക്കുറിച്ചും പൊതു സ്ഥലങ്ങളിൽ പാലിക്കേണ്ട വൃത്തി സ്വഭാവങ്ങളെക്കുറിച്ചും വേണ്ട സന്ദേശങ്ങൾ എത്തിക്കേണ്ടതാണ്. ഈ സമീപനം ഭവനങ്ങളിൽ തുടങ്ങി വിദ്യാലയങ്ങളിലൂടെയും ഓഫീസുകളിലൂടെയും മാധ്യമങ്ങളിലൂടെയും ജനങ്ങളിൽ എത്തിക്കേണ്ടതാണ്.

പൊതുസ്ഥലത്ത് തുപ്പുന്നതിനെതിരെയുള്ള ഈ നീക്കം വൃത്തിയുള്ള ഒരു സമൂഹത്തിന്റെ രൂപീകരണത്തിനിടയിലെ ഒരു നാഴികക്കല്ലായി മാറട്ടെ എന്നാശിക്കുന്നു. ■

പി. ഗോവിന്ദപ്പിള്ള

# അയ്യൻകാളി

## കേരള നവോത്ഥാനത്തിന്റെ രക്തനക്ഷത്രം

**അധഃസ്ഥിത വർഗ്ഗത്തിന്റെ മോചനത്തിനായി അയ്യൻകാളി സ്ഥാപിച്ച സാധുജന പരിപാലന സംഘത്തിന്റെയും അതിന്റെ നേതൃത്വത്തിൽ നടന്ന കർഷക സമരങ്ങളുടെയും 100-ാം വാർഷികം 2007 ജനുവരിയിൽ ആഘോഷിക്കുകയാണ്.**

കേരള ചരിത്രത്തിന്റെ ഏടുകളിൽ അവിസ്മരണീയമായ ഇടം നേടിയ പ്രഥമ കർഷകത്തൊഴിലാളി സമരത്തിന് നൂറു വർഷം തികയുകയാണ്. യുഗസംക്രമ പുരുഷരായിരുന്ന പ്രഗത്ഭമതികളായ നവോത്ഥാന നായകരുടെ നിരയിൽ അത്യപൂർവമായ സിദ്ധികളും അനിതരസാധാരണമായ സാധനയും കൊണ്ട് അനുഗൃഹീതനായിരുന്ന അയ്യൻകാളിയുടെ (1863-1941) നേതൃത്വത്തിൽ ഇന്നത്തെ തിരുവനന്തപുരം ജില്ലയിലാണ് 1907-ൽ ഇതിഹാസപ്രസിദ്ധമായ ആ പോരാട്ടം നടന്നത്.

1903-ൽ രൂപീകരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ശ്രീനാരായണ ധർമപരിപാലന യോഗത്തിന്റെ മാതൃകയിൽ നാരായണഗുരുവിന്റെയും ഡോ. പൽപുവിന്റെയും കുമാരനാശാന്റെയും മറ്റും ഉപദേശ നിർദേശങ്ങൾ തേടി വിവിധ വിഭാഗം ദളിതരുടെ ഉന്നമനത്തിനായി അയ്യൻകാളി സ്ഥാപിച്ച സാധുജനപരിപാലന സംഘം 1907ലാണ് നിലവിൽവന്നത്. മഹാകവി കുമാരനാശാന്റെ വീണപൂവിന്റെ പ്രസിദ്ധീകരണത്തോടെ മലയാള സാഹിത്യത്തിലെ പുത്തൻ വഴിത്താര തുറന്നതും ആ വർഷം തന്നെയായിരുന്നു എന്നത് ശ്രദ്ധേയമാണ്. എസ്.എൻ.ഡി.പി. മാതൃക പിൻതുടർന്ന് നമ്പൂതിരിമാരുടെ യോഗക്ഷേമസഭയും അരയരുടെ സഭയും എൻ.എസ്.എസിന്റെ പൂർവരൂപവും എല്ലാം ഈ ഘട്ടത്തിൽത്തന്നെയാണ് അവരവരുടെ സാമൂഹ്യ പരിഷ്കരണയത്നങ്ങൾക്കായി രൂപീകരിക്കപ്പെട്ടത്. എന്നാൽ അവയുടെയെല്ലാം വികാസഗതിയിൽ നിന്ന് തികച്ചും വ്യത്യസ്തമായി സംഘർഷാത്മകവും പ്രക്ഷുബ്ധവുമായ ഒരു ചരിത്രമാണ് അധഃസ്ഥിതരിൽ അധഃസ്ഥിതരായിരുന്ന ദളിതരുടെ സാധുജനപരിപാലന സംഘത്തിന്റേത്. ഈ സംഘത്തിന്റെ നേതൃത്വത്തിലാണ് അയ്യങ്കാളി കേരള ചരിത്രത്തിലെ പ്രഥമ കർഷകത്തൊഴിലാളി പണിമുടക്ക് നടത്തിയത്. ഇതിന്റെ പശ്ചാത്തലത്തെയും വികാസത്തെയും കുറിച്ച് അയ്യൻകാളിയുടെ പ്രഥമ ജീവചരിത്രകാരൻ ആയ ടി.എച്ച്. ചെന്താരശ്ശേരി ഇപ്രകാരം എഴുതുന്നു:

“സാധുജന പരിപാലന സംഘത്തിന്റെ പ്രവർത്തന പരിപാടിയിലെ പ്രധാനയിനം സ്കൂൾ പ്രവേശന സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതായിരുന്നു. വി.ജെ. തോമസ് വാധ്യാരുടെ ഉത്സാഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി അനേകം നിവേദനങ്ങൾ സർക്കാരിനു സമർപ്പിച്ചു കഴിഞ്ഞിരുന്നു. തദ്ഫലമായി അയിത്ത ജാതിക്കാർക്ക് സ്കൂൾ പ്രവേശനം അനുവദിച്ചുകൊണ്ട് സർക്കാർ തലത്തിൽ 1907-ൽ ഒരു തീരുമാനമുണ്ടായി. തിരുവിതാംകൂർകാരനല്ലാത്ത ദിവാൻ (പി. രാജഗോപാലാചാരി) അക്കാര്യത്തിൽ അനുകൂലിയായിരുന്നതാണ് പ്രധാന കാരണം. എന്നാൽ അന്ന് ഭരണത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ ഇരുന്നത് സവർണമനോഭാവക്കാരായിരുന്നു. അവർ ദിവാന്റെ ഉത്തരവ് പൂഴ്ത്തിവച്ചു. എങ്കിലും തങ്ങൾക്കനുകൂലമായി ഒരു ഉത്തരവുണ്ടായിട്ടുള്ളതായി എങ്ങനെയോ അറിയാൻകഴിഞ്ഞതോടുകൂടി തന്റെ സമുദായാംഗങ്ങൾക്ക് സ്കൂൾ പ്രവേശനം നൽകണമെന്ന് അയ്യൻകാളി സ്കൂൾ അധികൃതരോട് ആവശ്യപ്പെടുവാൻ തുടങ്ങി. സ്കൂൾ നടത്തിയിരുന്നത് സവർണ ജൻമി വിഭാഗക്കാരായിരുന്നു. പ്രസ്തുത ജൻമികൾക്കു വേണ്ടി ആജീവനാന്തം പണിയെടുക്കുന്ന വിഭാഗക്കാരാണ് ഇപ്പോൾ ഒരു പുതിയ ആവശ്യം മുന്നോട്ടു വച്ചിരിക്കുന്നത്. പാടത്തിലും പുരയിടത്തിലും പണിയെടുക്കേണ്ടവർ പള്ളിക്കൂടത്തിൽപോയാൽ പിന്നെ പ്രസ്തുത പണികൾ ആരു ചെയ്യുമെന്ന പ്രശ്നം ജൻമികൾക്ക് നിസ്സാരമാക്കുവാൻ പറ്റുമോ. അതുതന്നെയുമല്ല, സവർണരായ വിദ്യാർത്ഥികളോടൊപ്പം ഇരുന്നു പഠിക്കണമെന്ന് അടിയാളരുടെ കിടാങ്ങൾ ശഠിക്കുന്നത് എന്തു നീതിയാണ്! നാറുന്ന കിടാങ്ങളെ തങ്ങളുടെ കോമളകളേബരൻമാരായ പൊന്നോമനക്കുഞ്ഞുങ്ങളോടൊപ്പം ഇരുത്തി പഠിപ്പിക്കുവാൻ സാധ്യമല്ല എന്നു തന്നെ ജൻമി വിഭാഗക്കാർ കൂട്ടംകൂടി തീരുമാനിച്ചു. സർക്കാരിന്റെ ഉത്തരവു വന്നാലും തങ്ങൾക്കതു ബാധകമല്ല എന്നും അവർ തീർത്തു പറഞ്ഞു. ഈ പ്രതികരണം അയ്യൻകാളിയെ അരിശംകൊള്ളിച്ചു. അദ്ദേഹം ഹതാശനായില്ല. എല്ലാ സ്കൂളുകളുടെയും പടിവാതുക്കൽ അദ്ദേഹം മുട്ടിനോക്കി. ഒന്നും തുറക്കപ്പെട്ടില്ല. തന്റെ വർഗക്കാരുടെ വിയർപ്പു കൊണ്ട് നെല്ലുവിളയിച്ചു കൊടുക്കുന്നതിന്റെ ഫലം പള്ളിക്കൂടം മുടക്ക് ആണെന്നു കണ്ടപ്പോൾ ഉരുളയ്ക്കുപ്പേരി നൽകുവാൻ തന്നെയായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.

**എല്ലാ സ്കൂളുകളുടെയും പടിവാതുക്കൽ അദ്ദേഹം മുട്ടിനോക്കി. ഒന്നും തുറക്കപ്പെട്ടില്ല. തന്റെ വർഗക്കാരുടെ വിയർപ്പു കൊണ്ട് നെല്ലുവിളയിച്ചു കൊടുക്കുന്നതിന്റെ ഫലം പള്ളിക്കൂടം മുടക്ക് ആണെന്നു കണ്ടപ്പോൾ ഉരുളയ്ക്കുപ്പേരി നൽകുവാൻ തന്നെയായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.**

സമരം വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങിയപ്പോൾ സവർണരും ജന്മിമാരും പരിഭ്രാന്തരായി സംഘട്ടനങ്ങൾക്ക് തന്നെ പുറപ്പെട്ടു. ദളിതരും വിട്ടു



കൊടുത്തില്ല. അവരും തിരിച്ചടിച്ചു. പുലയരുടെ മാടങ്ങൾക്ക് തീ പിടിച്ചപ്പോൾ പ്രമാണിമാരുടെ നാലുകെട്ടുകൾ എരിഞ്ഞടങ്ങി. മാത്രമല്ല വിദ്യാലയ പ്രവേശനം എന്ന ആവശ്യത്തിൽ ഒതുങ്ങിനിൽക്കാതെ കർഷക ത്തൊഴിലാളികളുടെ വേതന സേവന വ്യവസ്ഥകൾ മെച്ചപ്പെടുത്തണം എന്ന ആവശ്യവും ഉയർന്നു. നിസ്സാരകാര്യങ്ങൾക്കായി കർഷകത്തൊഴിലാളികളെ തെങ്ങിൽ കെട്ടിയിട്ട് അടിച്ച് പുറംപൊളിക്കുന്നതുവരെ ചെല്ലുന്ന അതിക്രമങ്ങളും അവസാനിപ്പിക്കണം എന്ന ആവശ്യവും തുടർന്നു വരികയുണ്ടായി.

സമരത്തെ പരാജയപ്പെടുത്താൻ നാലുകെട്ടുകളിലെ കെട്ടിലമ്മമാരും തമ്പുരാട്ടിമാരും കളപറിക്കാനും ഞാറ് നടുവാനും കൊയ്യാനുമെല്ലാം പാടത്തിറങ്ങിനോക്കി എങ്കിലും അധികം താമസിയാതെ തങ്ങൾക്കതിനു കഴിവില്ലെന്ന് ബോധ്യമായി അതിൽനിന്ന് പിന്തിരിഞ്ഞു. കർഷക ത്തൊഴിലാളികളും പട്ടിണിയിലും പരിവട്ടത്തിലുമായി. നെൽവയലുകളെല്ലാം കുറ്റിക്കാടുകളും ചതുപ്പുകളും കൊണ്ട് നിറഞ്ഞപ്പോൾ മേലാളന്മാരും മുഷ്ക് ഉപേക്ഷിച്ച് സന്ധിമനോഭാവം പ്രകടിപ്പിക്കാൻ നിർബന്ധിതരായി. സർക്കാരും ആ ഘട്ടത്തിൽ പോലീസിനെ ഉപയോഗിച്ച് സമരം അടിച്ചമർത്താൻ ശ്രമിച്ചില്ല. അക്രമസംഭവങ്ങളെ മുൻനിറുത്തി ഇരുവിഭാഗക്കാരുടെയും പേരിൽ ചില കേസുകൾ ചാർജുചെയ്യുക മാത്രമേ ചെയ്തുള്ളൂ. ഈ അനുകൂലസന്ദർഭം ഉപയോഗിച്ച് സമരം ഒത്തുതീർപ്പാക്കാൻ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കണ്ടള നാഗംപിള്ളയെ ദിവാൻ സി. രാജഗോപാലാചാരി നിയോഗിച്ചു. സ്കൂൾ പ്രവേശനം, പണിക്കാരെ ദേഹോപദ്രവം ഏൽപിക്കൽ, അല്പം മെച്ചപ്പെട്ട കൂലി തുടങ്ങിയ ആവശ്യങ്ങൾ ഔപചാരികമായിട്ടെങ്കിലും അംഗീകരിക്കപ്പെട്ടു. അങ്ങനെ 1908-ൽ ചരിത്രം സൃഷ്ടിച്ച പ്രഥമ കർഷകത്തൊഴിലാളി സമരം ഔപചാരികമായിട്ടെങ്കിലും വിജയം വരിച്ചു.

എന്നാൽ വിജയം പൂർണമോ അന്തിമമോ ആയിരുന്നില്ല. മധ്യതിരുവിതാംകൂറിലും നായർ - പുലയ ലഹളകൾ മാത്രമല്ല നായർ - ഈഴവ ലഹളകളും നടക്കുകയുണ്ടായി. അങ്ങനെ സവർണാധിപത്യത്തിനും ജന്മി മേൽക്കോയ്മയ്ക്കും എതിരെയുള്ള സമരത്തിൽ സാധുജന പരിപാലന സംഘവും അയ്യൻകാളിയും വഹിച്ച പങ്കിനെ അവഗണിക്കാൻ സർക്കാരിനും സാധിച്ചില്ല. 1913-ൽ ഈ അംഗീകാരത്തിന്റെ ഫലമായി പുലയസമുദായത്തെ പ്രതിനിധീകരിച്ച് അയ്യൻകാളി ശ്രീമൂലം പ്രജാസഭയിലേയ്ക്ക് സർക്കാരിനാൽ നിയോഗിക്കപ്പെട്ടു. സാധുജനപരിപാലന സംഘം പുലയരുടെ ഉന്നമനത്തിന് മാത്രം ലക്ഷ്യമാക്കി രൂപീകരിച്ചതല്ല. പുലയർ, പറയർ, ചേരമർ തുടങ്ങി ഇന്ന് പട്ടികജാതിക്കാർ എന്ന് വിളിച്ചുവരുന്ന എല്ലാ വിഭാഗങ്ങൾക്കും വേണ്ടിയാണ് അയ്യൻകാളി പരിശ്രമിച്ചതും സമരം നടത്തിയതും നിയമസഭയിൽ പ്രസംഗിച്ചതും എല്ലാം. ഏതെങ്കിലും ഒരു സമുദായത്തെ പ്രതിനിധീകരിച്ച് നാമനിർദേശം ചെയ്യപ്പെടുമ്പോൾ ആ സമുദായത്തിന്റെ പരാധീനതകളുടെ പരിധിയിൽ നിന്നുകൊണ്ട് മാത്രമേ നിയമസഭയിൽ പ്രസംഗിക്കാവൂ എന്ന് ചട്ടം ഉണ്ടായിരുന്നതിനാൽ അയ്യൻകാളിയുടെ പ്രജാസഭാ പ്രസംഗങ്ങളിൽ എന്റെ വർഗം, പുലയ സമുദായം എന്നൊക്കെയുള്ള പരാമർശങ്ങൾ വാസ്തവത്തിൽ ദളിതജനവിഭാഗങ്ങളെ എല്ലാം ഉദ്ദേശിച്ചുകൊണ്ട് അവരുടെയെല്ലാം താത്പര്യസംരക്ഷണങ്ങൾക്കായി ചെയ്തവ ആയിരുന്നു. ആ വിഭാഗങ്ങളിൽ മതംമാറിയ ക്രിസ്ത്യാനികളായ ദളിത ക്രിസ്ത്യാനികളുടെ അവകാശങ്ങളെയും അദ്ദേഹം അവഗണിച്ചിരുന്നില്ല എന്നത് അയ്യൻകാളിയുടെ വിശാലവീക്ഷണത്തിന്റെയും നവോത്ഥാന പ്രതിഭയുടെയും ദൃഷ്ടാന്തമാണ്.

എങ്കിലും മതപരിവർത്തനം കൊണ്ട് ദളിതരുടെ അവശതകൾ പരിഹരിക്കപ്പെടും എന്ന മിഷണറിമാരുടെ അവകാശവാദത്തെ അയ്യൻകാളി അംഗീകരിച്ചിരുന്നില്ല. അയ്യൻകാളിയുടെ സമകാലികനും മതംമാറിയ ദളിതനുമായിരുന്ന പൊയ്കയിൽ യോഹന്നാന്റെ (1878 - 1938) അനുഭവങ്ങളും അദ്ദേഹത്തിന് ദളിത ക്രിസ്ത്യാനികളുടെ അവകാശ സംരക്ഷണത്തിനായി രൂപീകരിക്കേണ്ടി വന്ന പ്രത്യക്ഷ രക്ഷാദൈവസഭയും അയ്യൻകാളിയുടെ ദീർഘവീക്ഷണത്തെ സ്ഥിരീകരിക്കുന്നു. അതുപോലെ തന്നെ മതം മാറിയ ചേരമർക്ക് വേണ്ടി പാമ്പാടി ജോൺ ജോസഫിന്റെ (1887-1940) നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ചേരമർ മഹാസഭയുടെ സമരങ്ങളും സാമൂഹികസമത്വ സ്ഥാപനത്തിൽ മതം മാറ്റത്തിന്റെ വ്യർത്ഥത വ്യക്തമാക്കുന്നു.

1930കളുടെ ഉത്തരാർദ്ധത്തോടുകൂടി അയ്യൻകാളിയുടെ അരോഗദൃഢമായിരുന്ന ശരീരം രോഗഗ്രസ്തമാകാൻ തുടങ്ങി. സാധുജനപരിപാലന സംഘമാകട്ടെ ദളിതരിലെ ഉപവിഭാഗങ്ങൾ തമ്മിലുള്ള (പുലയരും പറയർ അഥവാ സാംബവരും ചേരമരും കുറവരും മറ്റും)കിടമത്സരങ്ങളുടെയും അനൈക്യത്തിന്റെയും വേദിയായതും മഹാനായ ആ മനുഷ്യസ്നേഹിയെ കുറച്ചൊന്നുമല്ല വേദനിപ്പിച്ചത്. എങ്കിലും 1936-ലെ ക്ഷേത്ര പ്രവേശന വിളംബരവും അതിന് തൊട്ട്മുമ്പ് സ്ഥാപിക്കപ്പെട്ട പബ്ലിക്

സർവീസ് കമ്മീഷനും ഉദ്യോഗനിയമനത്തിലും നിയമസഭാ പ്രാതിനിധ്യത്തിലും ആനുപാതിക വ്യവസ്ഥ അംഗീകരിച്ചതും ഉൾപ്പെടെയുള്ള നടപടികൾക്ക് അയ്യൻകാളിയും സാധുജന പരിപാലന സംഘവും നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. ഇവയിലെല്ലാം ഏറ്റവും ശ്രദ്ധേയമായ വസ്തുത അയ്യൻകാളിയുടെ അതുല്യമായ വ്യക്തി പ്രതിഭയാണ്. കേരളത്തിലും ഇന്ത്യയിൽത്തന്നെയും ദളിത വിഭാഗങ്ങളുടെ സമരനായകരായി നേട്ടങ്ങൾ ഉണ്ടാക്കിയ ത്യാഗിവര്യന്മാർ കുറവല്ല. പെട്ടെന്ന് മനസ്സിൽ വരുന്ന പേരുകളാണ് ഭരണഘടനാ ശില്പിയായ ഡോ.ബി.ആർ. അംബേദ്കറുടെയും അദ്ദേഹത്തിന്റെ മുൻഗാമിയായി മഹാരാഷ്ട്രത്തിൽ ദളിത് നവോത്ഥാനത്തിന് അരങ്ങൊരുക്കിയ മഹാത്മാ ജ്യോതി ബഫൂലെയുടേയും. പ്രക്ഷോഭകാരികളും പരിഷ്കർത്താക്കളും എന്നതിന് പുറമെ അഭ്യസ്തവിദ്യരായ മഹാപണ്ഡിതന്മാരും ആയിരുന്നു അവർ. കേരളത്തിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. നമ്മുടെ കേരള നവോത്ഥാനത്തിന്റെ രാജശില്പി ആയ ശ്രീനാരായണഗുരു പിന്നാക്ക ജാതിയിലാണ് ജനിച്ചത് എങ്കിലും സംസ്കൃതത്തിലും തമിഴിലും മലയാളത്തിലും ഗഹനമായ പാണ്ഡിത്യവും രചനാപാടവവും നേടിയിരുന്നു. പുലയ സമുദായത്തിൽപ്പെട്ട കൊച്ചിയിലെ നവോത്ഥാന നായകർ ആയിരുന്ന കൃഷ്ണാദി, കെ.പി. വള്ളോൻ, പി.സി. ചാഞ്ചൻ തുടങ്ങിയവരും അഭ്യസ്തവിദ്യരായ എഴുത്തുകാരായിരുന്നു. ഇവരെല്ലാം ആ സമുദായങ്ങളിലെ തന്നെ മേലേക്കിടയിൽപ്പെട്ട കുടുംബങ്ങളിൽ പിറന്നവരുമായിരുന്നു. എന്നാൽ അയ്യൻകാളിയാകട്ടെ

**നിരന്തര സമരങ്ങളിലൂടെ അധഃസ്ഥിതരെ സ്കൂളിൽ പ്രവേശിപ്പിക്കാനുള്ള ഉത്തരവ് മഹാരാജാവിൽ നിന്നും അയ്യൻകാളി നേടിയെടുത്തു.**

സാധാരണ ദളിതരായിരുന്ന അയ്യന്റെയും മാലയുടെയും മകനായി പിറന്ന് അക്ഷരം പഠിക്കാൻ അവസരം ലഭിക്കാതെ തൊഴിലാളിയായി വളർന്ന് സമൂഹത്തിന്റെയും രാജ്യത്തിന്റെയും അത്യുന്നത തലങ്ങളിൽ എത്തിയ മഹാമതിയാണ്. ഗംഭീരമായ പ്രഭാഷണപാടവവും ജനങ്ങളെ കൂട്ടിയിണക്കി സമരരംഗത്ത് ഇറക്കുവാനുള്ള കഴിവും അവർ ശാരീരികമായ സംഘട്ടനങ്ങളിൽ നിന്ന് പോലും ഓടിയൊളിക്കാതെ തല ഉയർത്തിപ്പിടിച്ച് മനുഷ്യത്വത്തിനും തുല്യതയ്ക്കും വേണ്ടി അടരാടിയ പോരാളിയുമായിരുന്നു അദ്ദേഹം. ഈ പോർ വീര്യം അദ്ദേഹത്തിന്റെ കൂടിയാലോചനകളിലും ഒത്തുതീർപ്പ് സംഭാഷണങ്ങളിലും പ്രകടമായ നയതന്ത്ര വൈദഗ്ധ്യത്തിന് പോറലേൽപ്പിച്ചില്ല. അക്കാലത്തെ തിരുവിതാംകൂറിലെ മേൽജാതിക്കാരിൽപ്പെട്ട പണ്ഡിതന്മാരും ധിഷണാശാലികളുമായ ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെയും മറ്റും സ്നേഹാദരങ്ങൾ നേടാനുള്ള കഴിവ് അയ്യൻകാളിക്കുണ്ടായിരുന്നു. ഔപചാരിക വിദ്യാഭ്യാസം ലഭിക്കാതിരുന്ന അയ്യൻകാളിയുടെ മുഖ്യമുദ്രാവാക്യം അധഃസ്ഥിതർക്ക് വിദ്യാഭ്യാസം അഭിഗമ്യമാക്കുക എന്നതായിരുന്നു. അതിലദ്ദേഹം ഗണ്യമായി വിജയിക്കുകയും ചെയ്തു. ദളിത ജനവിഭാഗങ്ങൾക്ക് കേരള രാഷ്ട്രീയത്തിലും സാമൂഹിക ജീവിതത്തിലും തനിക്കുതാൻ പോരിമ കൈവരുത്തുന്നതിൽ അയ്യൻകാളി നേടിയ വിജയം അവിസ്മരണീയമാണ്.

സ്വാതന്ത്ര്യം ലഭിച്ച് 60 വർഷം തികയാൻ പോകുന്ന ഈ കാലഘട്ടത്തിലും ദളിത ജനവിഭാഗങ്ങളുടെ അവശതകളും അസമത്വങ്ങളും അവസാനിച്ചിട്ടില്ല എന്ന വസ്തുത ഈ നേട്ടങ്ങളുടെ വെട്ടിത്തിളക്കങ്ങളിൽ വിസ്മൃതമായിക്കൂട. അയ്യൻകാളിയുടെയും സഖാക്കളുടെയും മാതൃകയും സന്ദേശവും ഉൾക്കൊണ്ട് ഇനിയും പോരാട്ടങ്ങൾ തുടരേണ്ടതുണ്ട്. വിജയത്തിന്റെ പല ശിഖരങ്ങളിലേക്കും കടന്നുകയറേണ്ടതുണ്ട്. കേരളത്തിലെ പ്രഥമകർഷകത്തൊഴിലാളി സമരത്തിന്റെ വീരചരിതവും അതിന്റെ അധിനായകനായ അയ്യൻകാളിയുടെ സമരപാതകളും പുതിയ തലമുറയ്ക്ക് പ്രചോദനം പകരട്ടെ. ■



# 30 നാട്ടുവിശേഷം

യു.ജി. വള്ളിക്കുന്ന്

**വില്യം ലോഗന്റെ മലബാർ മാന്വലിൽ കടൽ+തുണ്ടി (കടലിന്റെ നാഭി) എന്ന അർത്ഥത്തിലാണ് കടലുണ്ടി തുറമുഖത്തെ വിവരിക്കുന്നത്. യവനന്മാരുടെ കപ്പലുകൾ കടലുണ്ടി തുറമുഖത്ത് വന്നും പോയും കൊണ്ടിരുന്നതായി 'പെരിപ്ലസ്' പറയുന്നു.**

കടലുണ്ടിപ്പുഴയുടെ ചിലമ്പൊലി കേട്ടുണരുകയും അറബിക്കടലിന്റെ താരാട്ടു കേട്ടുറങ്ങുകയും ചെയ്യുന്ന 'കുന്നും പൊന്തക്കാടുകളും' ഓർമയിൽ തെളിയുന്ന പേരുള്ള മനോഹരമായ ഒരു ഗ്രാമം – അതാണ് മലപ്പുറം ജില്ലയുടെ വടക്കുപടിഞ്ഞാറേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്.

കേരളസർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പ് 1998 ഒക്ടോബർ 5ന് പ്രസിദ്ധീകരിച്ച വലിയൊരു പത്രപ്പരസ്യത്തിന്റെ തലക്കെട്ട്, 'വള്ളിക്കുന്നിന്റെ സൗഭാഗ്യം കേരളത്തിന്റേതാകുന്നു' എന്നായിരുന്നു. പരസ്യം ഇപ്രകാരം തുടരുന്നു:

"സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള ആദ്യത്തെ സ്വരാജ് ട്രോഫി നേടിയ ഗ്രാമമാണ് മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്. കൃഷി, വ്യവസായം, സംസ്കാരം, കായികം തുടങ്ങിയ മേഖലകളിൽ കൂട്ടായ്മയുടെയും സംഘശക്തിയുടെയും സമ്മേളനം ഇവിടെ വിനിയോഗിക്കപ്പെട്ടത് നാടിന്റെയും ജനങ്ങളുടെയും വികസനത്തിനും ക്ഷേമത്തിനുമാണ്. കേരളീയ ജനമനസ്സുകളിൽ ഒരു മന്ത്രധ്വനി പോലെ മുഴങ്ങിക്കൊണ്ടിരിക്കുന്ന പേരാണ് 'വള്ളിക്കുന്ന്'! ഈ ഗ്രാമത്തിന്റെ വിജയഗാഥ സംസ്ഥാനത്താകമാനമുള്ള ഒട്ടനവധി ഗ്രാമങ്ങൾക്ക് ഉണർത്തുപാട്ടായി മാറുകയായിരുന്നു".

കടലുണ്ടിപ്പുഴക്ക് 'വല്ലിയാർ' എന്നൊരു പേരുണ്ട്. ഉദ്ദണ്ഡശാസ്ത്രികളുടെ 'കോകില സന്ദേശ'ത്തിൽ പ്രതിപാദിക്കുന്ന വല്ലിയാർ വളരെ പ്രസിദ്ധമായ ഒരു നദിയായിരുന്നു. വല്ലിയാറിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന കുന്നിനെ 'വല്ലിക്കുന്ന്' എന്നു വിളിച്ചുവന്നു. കാലാന്തരത്തിൽ വല്ലിക്കുന്ന് വള്ളിക്കുന്നായി മാറിയെന്നത് ചരിത്രം. സൈലന്റ്‌വാലിയിലെ നീലഗിരിക്കുന്നുകളിൽ നിന്നുത്ഭവിച്ച് 180 കിലോമീറ്റർ സഞ്ചരിച്ച് കടലുണ്ടിപ്പുഴ (വല്ലിയാർ) അറബിക്കടലിനെ വാരിപ്പുണരുന്നത് വള്ളിക്കുന്നിൽ വച്ചാണ്.

ക്രി.പി. ആറാംശതകത്തിൽ തമിഴകത്ത് പ്രധാനമായി നാല് രാജ്യവിഭാഗങ്ങളുണ്ടായിരുന്നു. അവരിൽ ചേരചോള പാണ്ഡ്യന്മാരായിരുന്നു തമിഴിന്റെ രക്ഷാധികാരികൾ. കൊല്ലത്തിന് വടക്കുള്ള കുട്ടനാടു മുതൽ തൃശ്ശൂർ ജില്ലയും തെക്കേ മലബാറും ഉൾപ്പെട്ട കുടനാട് വരെ ചേരരാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ചേരരാജാക്കന്മാരുടെ കാലത്തെ തുറമുഖപട്ടണമായിരുന്ന 'തൊണ്ടി'യാണ് പിൽക്കാലത്ത് കടലുണ്ടിയായത്. തൊണ്ടി തുറമുഖം കടലുണ്ടി തുറമുഖമായും



# വള്ളിക്കുന്ന്

## ചരിത്രമുറങ്ങുന്ന ഭൂമി

തൊണ്ടി നഗരം ഇന്നത്തെ കടലുണ്ടി നഗരമായും രൂപാന്തരം പ്രാപിച്ചു. സംഘകാല കൃതികൾ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. വില്യം ലോഗന്റെ മലബാർ മാന്വലിൽ കടൽ+തുണ്ടി (കടലിന്റെ നാഭി) എന്ന അർത്ഥത്തിലാണ് കടലുണ്ടി തുറമുഖത്തെ വിവരിക്കുന്നത്. യവനന്മാരുടെ കപ്പലുകൾ കടലുണ്ടി തുറമുഖത്ത് വന്നും പോയും കൊണ്ടിരുന്നതായി 'പെരിപ്ലസ്' പറയുന്നു. തൊണ്ടിതുറമുഖം വഴി വരുന്ന കപ്പലുകൾ വള്ളിക്കുന്നിന്റെ കിഴക്കുള്ള 'കപ്പേപ്പാടം' എന്ന സ്ഥലത്ത് നങ്കൂരമിട്ടിരുന്നതിനാലാണ് ഈ സ്ഥലത്തിന് 'കപ്പേപ്പാടം' എന്ന് പേരു വന്നത്.

കടലുണ്ടി അഴിമുഖത്തെ പാറക്കെട്ടുകൾക്ക് മുകളിൽ ഒരു കൂറ്റൻ കരിങ്കൽ സ്തൂപം, അടുത്ത കാലം വരെ സ്ഥിതി ചെയ്തിരുന്നു. കപ്പലുകൾക്ക് അഴിമുഖത്തേക്ക് പ്രവേശിക്കുന്നതിനുള്ള വഴികാട്ടിയായി ഈ സ്തൂപത്തിന് മുകളിൽ വെളിച്ചം വെച്ചിരുന്നു. സ്തൂപത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെയുണ്ട്.

വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകൾ ചേർത്ത് 1962ലാണ് നിലവിലുള്ള വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. ജില്ലാ ആസ്ഥാനത്ത് നിന്ന് 60 കിലോമീറ്ററും കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് 15 കിലോമീറ്ററും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് 8 കിലോമീറ്ററും ദൂരമേ വള്ളിക്കുന്നിലേക്കുള്ളു. 25.14 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള വള്ളിക്കുന്നിലെ ജനസംഖ്യ 43000 മാണ്. വടക്ക് കടലുണ്ടിപ്പുഴ, കിഴക്ക് കടലുണ്ടിപ്പുഴ, ചേലേമ്പ്ര, തേഞ്ഞിപ്പലം, മൂന്നിയൂർ പഞ്ചായത്തുകൾ, തെക്ക് പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറ് അറബിക്കടൽ എന്നിവയാണ് നാലതിരുകൾ.

വള്ളിക്കുന്നിന്റെ തെക്കുകിഴക്കേ മൂലയിൽ ഇരുമ്പോത്തിങ്ങൽ എന്നൊരു സ്ഥലമുണ്ട്. മുമ്പ് ഈ പ്രദേശങ്ങളിലെ പാറകൾ അടിച്ചുടച്ച് ഉലയിൽ ചൂടാക്കി അതിൽ നിന്നും ഇരുമ്പ് ഊതിയെടുത്ത് ആയുധങ്ങൾ ഉണ്ടാക്കിയിരുന്നുവത്രെ. അതുകൊണ്ട് 'ഇരുമ്പൂത്തിങ്ങൽ' എന്ന പേർ ഈ സ്ഥലത്തിന് ലഭിച്ചു. കാലക്രമത്തിൽ അത് 'ഇരുമ്പോത്തിങ്ങലാ'യി. ഏതായാലും അസംസ്കൃതരൂപത്തിലുള്ള ഇരുമ്പയിര് ഈ പ്രദേശത്ത് ഉണ്ടായിരുന്നെന്നും അത് കൊല്ലന്മാർ ഉപയോഗപ്പെടുത്തിയിരുന്നുവെന്നും തെളിയുന്നുണ്ട്. ഭൂഗർഭഗവേഷണ വകുപ്പ് ഈ സ്ഥലം പരിശോധിച്ചപ്പോഴും ഈ വസ്തുതകൾ തെളിഞ്ഞിട്ടുണ്ട്.



പഴയ നാടുവാഴി പ്രഭുത്വത്തിന്റെ അന്തസ്സും ആഭിജാത്യവും മണ്ണടിഞ്ഞുകിടക്കുന്ന പ്രദേശമാണ് വള്ളിക്കുന്ന് നോർത്തിലെ കോട്ട. പരപ്പനാട് രാജവംശക്കാരുടെ അധീനതയിലായിരുന്നു വള്ളിക്കുന്ന്. വടക്ക് ബേപ്പൂർപ്പുഴ മുതൽ തെക്ക് പൂരപ്പുഴവരെയുള്ള സ്ഥലങ്ങൾ പരപ്പനാട്ട് രാജാക്കന്മാർ കൈവശം വച്ചിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് പരപ്പനാട്ട് രാജാക്കന്മാർ തിരുവിതാംകൂറിലെ ഹരിപ്പാട്ടേയ്ക്ക് ഓടിപ്പോയപ്പോൾ ഈ അംശത്തിലുണ്ടായിരുന്ന കോവിലകങ്ങളും മറ്റും സാമന്തന്മാർ സ്വന്തമാക്കി. ആകെ ഏഴ് കോവിലകങ്ങളാണുണ്ടായിരുന്നത്. പരപ്പനാട്ട് രാജവംശത്തിൽപ്പെട്ട ഒരു രാജാവിന്റെ കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും ഇവിടെയുണ്ട്. 'കൊട്ടാരത്തിൽ' എന്ന പേരിലാണ് ഇന്നും ആ പറമ്പ് അറിയപ്പെടുന്നത്.

കേരളവർമ വലിയകോയിത്തമ്പുരാനും അദ്ദേഹത്തിന്റെ ഭാഗിനേയൻ രാജരാജവർമയും തിരുവിതാംകൂറിലാണ് ജനിച്ചതെങ്കിലും അവരുടെ നടുമുറ്റത്തെ ഭഗവതിയുടെ ക്ഷേത്രമാണ് കേരളം മുഴുവൻ പ്രസിദ്ധമായ നിറങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം. കൊടുങ്ങല്ലൂരിൽ നിന്ന് നോക്കിയാൽ ഒരു കോഴിമുട്ടയുടെ വലിപ്പത്തിൽ ഈ അമ്പലം കാണാം. സമുദ്രനിരപ്പിൽ നിന്ന് 600 അടി ഉയരത്തിലുള്ള കോട്ടക്കുന്നിന്റെ നെറുകയിലുള്ള ഈ ക്ഷേത്രം എ.ഡി. ആറാം നൂറ്റാണ്ടിൽ നിർമിച്ചതത്രെ. പുറംകടലിൽ മീൻ പിടിക്കാൻ പോകുന്നവർ ഉന്നം വയ്ക്കുന്നത് ഈ ക്ഷേത്രത്തെ തന്നെയാണ്. ബേപ്പൂർ തുറമുഖത്തിന്റെ പ്ലാൻ തയ്യാറാക്കുമ്പോഴും ഈ കുന്നിന്റെ കടലിൽ നിന്നുള്ള

കാഴ്ചയെ പ്രത്യേകം കണക്കിലെടുത്തിരുന്നു.

നിറങ്കൈതക്കോട്ട ആസ്ഥാനമാക്കി നാടു വാണിരുന്ന ക്ഷത്രിയരാജാക്കന്മാരായിരുന്നു പരപ്പനാട്ട് രാജവംശം. ആ രാജവംശത്തിന്റെ കോവിലകം സ്ഥിതി ചെയ്തിരുന്ന പ്രദേശമാണ് ഇന്ന് ക്ഷേത്രം നില്ക്കുന്ന സ്ഥലം.

ഏതാണ്ട് 700-ൽപ്പരം വർഷങ്ങൾക്ക് മുമ്പ് നല്ല ജനവാസകേന്ദ്രമായിരുന്നു കോട്ട. അനേകം നൂറ്റാണ്ടുകൾക്ക് മുമ്പ് കോട്ടയുടെ ചുറ്റുമുള്ള പ്രദേശം നിറയെ കൈതക്കാടുകളായിരുന്നു. അതുകൊണ്ടാകാം 'നിറങ്കൈതക്കോട്ട' എന്ന പേര് വന്നത്. സുരക്ഷിതമായ കോട്ടമതിലുകളും ആഴം കൂടിയ കിടങ്ങുകളും മറ്റു മണ്ഡപങ്ങളും പരപ്പനാട്ട് രാജവംശത്തിന്റെ നിത്യസ്മാരകമായി ഇന്നും നിലനില്ക്കുന്നു.

കുറുമ്പ്രനാട്, പരപ്പനാട്, ബേപ്പൂർ എന്നിങ്ങനെ മൂന്ന് താവഴികളായി രാജവംശം വിഭജിച്ചു പോയതിനുശേഷം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ക്ഷേത്രവും സ്ഥലങ്ങളും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനി ഏറ്റെടുത്തു. ക്ഷേത്രാദികാര്യങ്ങളുടെ ഭരണം പ്രശസ്തിയിലേക്ക് കുതിച്ചുകൊണ്ടിരുന്ന സാമൂതിരി രാജവംശത്തെ ട്രസ്റ്റിയെന്ന നിലയിൽ ഏല്പിക്കുകയും ചെയ്തു. മൂന്ന് രാജവംശങ്ങളും യോജിച്ച് കൈകാര്യകർത്തൃത്വം ഏറ്റെടുക്കാൻ തയ്യാറാകുന്ന അവസരത്തിൽ പരിപൂർണ ഉടമസ്ഥാവകാശം പരപ്പനാട്ട് കോവിലകത്തിന് വിട്ടുകൊടുക്കണമെന്ന ധാരണയോടെ, ഇന്നും സാമൂതിരിപ്പാടാണ് ക്ഷേത്രകാര്യങ്ങളും മറ്റും നിയന്ത്രിക്കുന്നത്.

ഐതിഹ്യങ്ങളുടെ ആവരണമണിയാത്ത ചരിത്രവസ്തുതകൾ വിരളമാണ്. ക്ഷേത്രത്തെച്ചുറ്റി ധാരാളം ഐതിഹ്യങ്ങളുണ്ട്. ഈ ഐതിഹ്യങ്ങൾ പലതും കെട്ടുകഥകളാകാം.

വർഷങ്ങൾക്ക് മുമ്പ് കോട്ടയുടെ താഴെ ഒരു വീട്ടിൽ വൃദ്ധയായ ഒരു അന്ധസ്ത്രീയും ഒരു കുട്ടിയും മാത്രമായിരുന്നു താമസം. ഒരു സന്ധ്യാസമയത്ത് ഒരു സ്വാമി ആ വീട്ടിൽ ചെന്ന് രാത്രി സമയത്തെ ഭക്ഷണം ആവശ്യപ്പെട്ടു. ദരിദ്രരായിരുന്ന ആ വീട്ടുകാർക്ക് പാകം ചെയ്യാനുള്ള മൂന്ന് നാഴി അരിയും കൊടുത്ത് കുട്ടിയെയും കൂട്ടി സ്വാമി കുളിക്കാൻ പോയി. പോകുന്നതിന് മുമ്പായി വെള്ളം കൊണ്ടുവരാൻ തനിക്ക് കണ്ണിന് കാഴ്ചയില്ലെന്ന കാര്യം വൃദ്ധ സ്വാമിയെ ധരിപ്പിച്ചിരുന്നു. വെള്ളക്കുടവും എടുത്ത് പോയാൽ മതിയെന്നും കണ്ണ് കാണാനാകുമെന്നും സ്വാമി അനുഗ്രഹിച്ചു. കുളിയ്ക്കാൻ പോയി കുറെ കഴിഞ്ഞപ്പോൾ കുട്ടി മാത്രം മടങ്ങി വന്നു. അന്വേഷിച്ചപ്പോൾ വെള്ളത്തിൽ മുങ്ങിയ സ്വാമി ഇത്ര നേരമായിട്ടും പുറത്തു വന്നിട്ടില്ലെന്നും കൂടുതൽ നില്ക്കേണ്ടെന്ന് കരുതി താൻ തിരിച്ചു പോന്നതാണെന്നും അമ്മയോടു പറഞ്ഞു. ഇതിനിടയിൽത്തന്നെ ആ അമ്മയ്ക്ക് കണ്ണിന് കാഴ്ചശക്തി തിരിച്ചു കിട്ടിയെന്നു മാണ് കഥ!

മറ്റൊരുദിവസം ഒരു ഹരിജൻ കൈതക്കാടുകൾ വെട്ടാൻ വേണ്ടി കോട്ടയ്ക്ക് താഴെയുള്ള കാട്ടിൽ വന്നു. കത്തി ഒരു കല്ലിൽ അണച്ചുകൊണ്ടിരുന്നപ്പോൾ രക്തപ്രവാഹം ഉണ്ടായി. കോവിലകത്തും മറ്റും വിവരമറിയിച്ചു. എല്ലാവരും പ്രസ്തുത സ്ഥലത്ത് വന്നു ചേർന്ന ശേഷം മേല്പറഞ്ഞ ഹരിജന് വെളിപാടുണ്ടായി. ആ അവസരത്തിൽ വെളിപാടുണ്ടായിരുന്ന വ്യക്തി അവിടെ കുടി കൊണ്ടിരിക്കുന്ന മൂർത്തി ഹരിഹരപുത്രനായ അയ്യപ്പനാണെന്നും അതേ സ്വാമി തന്നെയാണ് കുറച്ചുനാൾ മുമ്പ് 'താഴത്തേതിൽ' എന്ന വീട്ടിൽ അത്താഴത്തിനായി ചെന്നതെന്നും കല്പിച്ചു. കൂടാതെ എന്നും ആ വീട്ടിൽ അത്താഴത്തിന്റെ സമയത്ത് ഒരാൾക്കുള്ള ചോറ് കരുതിവയ്ക്കണമെന്നും കല്പിച്ചു. അതിൻപ്രകാരം ഇന്നും ആ വീട്ടിൽ ഒരാൾക്കുള്ള ചോറ് എടുത്ത് വെയ്ക്കാറുണ്ടത്രെ!

മറ്റൊരു ഐതിഹ്യം വാനരന്മാരുടെ ആഗമനത്തെക്കുറിച്ചാണ്. മേക്കോട്ട എന്നും കോട്ട എന്നും രണ്ട് ക്ഷേത്രങ്ങളാണിവിടെ. മേക്കോട്ടയിൽ ഭഗവതിയും കോട്ടയിൽ ശാസ്താവുമാണ് പ്രതിഷ്ഠ. കോട്ടയിൽ കുറേ വർഷങ്ങൾക്ക് മുമ്പ് നാഗേരി സ്വാമികൾ എന്ന ഒരു സന്ന്യാസി ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ശ്രീരാമസ്വാമിയുടെ വിഗ്രഹവുമായി വന്നു ചേർന്നുവെന്നും ശ്രീരാമസങ്കല്പത്തിൽ സ്വാമികൾ ഉച്ചപൂജാസമയത്ത് പൂജനടത്തിയെന്നുമാണ് ഐതിഹ്യം. വില്വമംഗലം സ്വാമിയാർ ഒരു കാലത്ത് ഇവിടെ വന്നിരുന്നു. മഹാവിഷ്ണുവിന് പൂജ നടത്തിയ ശേഷമല്ലാതെ സ്വാമിയാർ ഭക്ഷണം പതിവില്ല. അതിൻപ്രകാരം കോട്ടയിൽ എത്തിയ സ്വാമിയാർ ശ്രീരാമസങ്കല്പത്തിൽ സ്വാമിയുടെ വിഗ്രഹത്തിൽത്തന്നെ പൂജ നടത്തുകയും ചെയ്തു. ഇന്ന് ഉച്ചപൂജയ്ക്ക് ശ്രീരാമസങ്കല്പത്തിലാണ് പൂജ നടത്താറ് പതിവ്. ശ്രീരാമദാസന്മാരായ വാനരന്മാരുടെ ആഗമനവും ഈ പൂജ ആരംഭിച്ചതിന് ശേഷമാണ്.

ഈ ക്ഷേത്രത്തിലെ കുരങ്ങൻമാർ(മൊച്ചകൾ) വളരെ പ്രസിദ്ധമാണ്. അയൽവാസികളുടെ തോട്ടങ്ങൾ നശിപ്പിക്കാറുണ്ടെങ്കിലും ശ്രീരാമന്റെ വാനരപ്പടയെന്ന നിലയിൽ ഭക്തർ അവയെ ബഹുമാനിക്കുന്നു. അഞ്ഞൂറോളം വരുന്ന വെളുത്ത മൊച്ചകൾ മൂന്നുനേരം കുളിയ്ക്കുകയും കല്ലുടച്ച് അതിന്റെ പൊടി മുഖത്ത് തേയ്ക്കുകയും ചെയ്യാറുണ്ടത്രെ! ഒരു പ്രത്യേക അതിർത്തി കടന്നു പോകുന്ന കൂട്ടുകാർ തിരികെ വന്നാൽ അവ സംഘം ചേർന്ന് ഓടിപ്പോയവനെ അടിച്ചു കൊല്ലുന്നു.



നിറങ്കൈതക്കോട്ട ക്ഷേത്രത്തിൽ വ്യത്യസ്തപതനങ്ങളിലൂടെ ഒഴുകുന്ന ഒരു നീർച്ചോലയുണ്ട്. ആ കൊച്ചു ചോലയിൽ എപ്പോഴും ഒരു കുടം വെള്ളം മാത്രം നിറയുകയും എത്ര എടുത്താലും വീണ്ടും അത് നിറയുകയും ചെയ്യുന്നത് ഒരു അത്ഭുതമായി തോന്നും. ഈ തീർത്ഥത്തിന് മുകളിൽ ശ്രീപരമേശ്വര പ്രതിഷ്ഠയുണ്ട്.

കൂത്തമ്പലത്തിന്റെ മുകൾഭാഗത്തും മറ്റും രാമായണം കഥ മുഴുവൻ തേക്കുതടിയിൽ കൊത്തിവച്ചിരിക്കുന്നത് വിസ്മയകരമായ ഒരു കാഴ്ചയാണ്. ഈ തേക്കുതടിയിൽ കൊത്തിയ രാമായണം കഥ ഇന്ന് ചിതലിന്റെ ആക്രമണത്തിൽ നശിക്കുന്നത് ദുഃഖകരമാണ്.

ബ്രിട്ടീഷ് സാമ്രാജ്യശക്തിക്കെതിരായി പടപൊരുതിയ വേലുത്തമ്പിദളവയുടെ പിതാമഹൻ വള്ളിക്കുന്നിൽ നിന്നും തിരുവിതാംകൂറിലേക്ക് ഓടിപ്പോയതാണ്. ആ കുടുംബം താമസിച്ചിരുന്ന തട്ടാരിക്കോവിലകം പറമ്പും കുളവും മറ്റും ഇന്നും നിലനിൽക്കുന്നുണ്ട്.

ഇവിടെ ധാരാളം ബ്രാഹ്മണർ ഇല്ലങ്ങളിലും മഠങ്ങളിലും താമസിച്ചിരുന്നു. അവരും ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഓടിപ്പോയി. അത്തരം അനാഥമായ അമ്പലങ്ങളും ഇല്ലങ്ങളുടെ അവശിഷ്ടങ്ങളും ഈ ഗ്രാമത്തിൽ ധാരാളമുണ്ട്. ടിപ്പു സുൽത്താന്റെ വിഹാര ഭൂമി കൂടിയായിരുന്നു ഈ ഗ്രാമം. അഞ്ച് കിലോമീറ്റർ നീളത്തിൽ അറബിക്കടലിന് സമാന്തരമായി വള്ളിക്കുന്നിലൂടെ കടന്നുപോകുന്ന ടിപ്പു സുൽത്താൻ റോഡ് ഒരു സ്മാരകം പോലെ

ഇന്നും നിലകൊള്ളുന്നു.

ഖിലാഫത്ത് പ്രസ്ഥാനം വഴി പിഴച്ച് ഒരു ലഹളയായപ്പോൾ അതിന്റെ തലകൾ വള്ളിക്കുന്നിലും വ്യാപിച്ചിരുന്നു. 'തിരുതി ക്കളത്തിൽ' എന്ന വലിയൊരു ബ്രാഹ്മണ ഗൃഹം അഗ്നിക്കിരയായി. ക്രൂരമായ കൊല പാതകങ്ങൾ ലഹളക്കാലത്ത് ഇവിടെ ഉണ്ടാ യിട്ടില്ലത്രെ. കേരളത്തിന്റെ ആയോധനവി ദ്യയായ കളരിപ്പയറ്റും മറ്റ് അഭ്യാസമുറകളും ഇവിടെ നടന്നിരുന്നു. അതിന്റെ അവശിഷ്ട ങ്ങളുമായി നാല് കളരികൾ ഇന്നും നില നിൽക്കുന്നുണ്ട്. ചേലക്കോട്ട് കളരി പ്രസി ദ്ധമാണ്.

ഈ അംശത്തിൽ ആദ്യകാലത്ത് മൂന്ന് എഴുത്ത് പള്ളികളുണ്ടായിരുന്നു. അവ യിലെ അദ്ധ്യാപകന്മാരിൽ രണ്ടുപേർ വള്ളു വനാട്ടിൽ നിന്നും വന്ന എഴുത്തച്ഛന്മാരും ഒന്ന് തദ്ദേശീയനുമായിരുന്നു. ആധുനിക വിദ്യാലയങ്ങളുടെ ആവിർഭാവത്തോടെ അവ നടത്തിയിരുന്നത് ചാലക്കുടിക്കാര നായ കുഞ്ചുണ്ണി നമ്പ്യാരായിരുന്നു. നമ്പ്യാർമാസ്റ്റർ എന്ന പേരിൽ അറിയപ്പെ ട്ടിരുന്ന അദ്ദേഹം അടുത്ത കാലത്താണ് മര ണപ്പെട്ടത്. വിദ്യാഭ്യാസപരമായും സാംസ്കാ രികമായും ഏറ്റവും മുന്നണിയിൽ നില്ക്കുന്ന ഒരു പഞ്ചായത്താണിത്.

കുടവായിൽ കീരത്തനാർ പാടിയ ഒരു നെയ്തൽപ്പാട്ട് പരിശോധിക്കാം:

നെയ്തൽ അഥവാ (സമുദ്രതീര) പ്രദേ ശത്തെയും അവിടെ വസിക്കുന്ന മത്സ്യ ത്തൊഴിലാളികളുടെ ജീവിതത്തെയും നെയ്തൽപ്പാട്ടുകളിൽ വർണിക്കുന്നു. വിവാ ഹത്തിന് മുമ്പുള്ള ഗൂഢസമാഗമങ്ങളോ വിവാഹാനന്തരമുള്ള വിരഹമോ അവയിൽ വർണിക്കാം. നെയ്തലിലെ നായികമാർക്ക് കാമം അടക്കാൻ കഴിയില്ലത്രെ! നായിക യുടെ തോഴി സങ്കേതത്തിലെത്തിയ നായ കനോട് പറയുന്നതാണ് സന്ദർഭം. വളരെ നാൾ ഇങ്ങനെ 'കളവ്' തുടരാൻ പ്രയാസമാ ണെന്നും വേഗം വിവാഹം നടത്തണമെന്നും തോഴി നേരിട്ടല്ലാതെ സൂചിപ്പിക്കുന്നു.

"അഴകുറ്റ മലകളോടുകൂടി നെടുംതിമി ലിൽ പോയി പെരും കടൽപ്പരപ്പിലെ സ്രാവ് നടുങ്ങുമാറ് കൊടും തൊഴിൽ ചെയ്ത് വൈകിവന്ന തന്തയ്ക്ക് ഉപ്പു കൊടുത്തുവാ ങ്ങിയ നെല്ലിന്റെ അരികൊണ്ടുണ്ടാക്കിയ പുഞ്ചിരിപോലെ വെണ്മപൂണ്ട ചോറ്, അയി ലമീൻ പുളിങ്കറി ഒഴിച്ച് കൊഴുമീൻ കഷ്ണ ങ്ങളോടു കൂടി ഇളയമകൾ വിളമ്പിക്കൊടു ക്കുന്നിടമാണ് വൻതേരാർന്ന ചേരന്റെ കടലുണ്ടി നഗരം. ഐശ്വര്യപൂർണമായ ഈ കടലുണ്ടിപോലെ കാന്തിപൂണ്ട് ശോഭിക്കുന്ന എന്റെ തോഴിയുടെ വളകൾ ഞണുങ്ങുമാറ് അങ്ങ് അമർത്തരുത്....."

"കൊണ്ടലാൽ തിളക്കമാർന്ന കടലിന്റെ അലകൾ അലച്ചുടയ്ക്കുന്ന മണ്ണിൽ മേട്ടിൽ കിടക്കുന്ന പഴം തിമിലിന്റെ കേടുപാട് തീർത്ത് പുതിയവയോടു കൂടിപ്പോയ പര വതർ മണൽപ്പത്താർന്ന അടകരയിൽ കൊമ്പുള്ള സ്രാവ് കൊണ്ടുവന്ത് മണമാർന്ന പാക്കത്തുവെച്ച് ഭാഗിക്കുന്നിടമായ കടലു ണ്ടിനഗരം (തൊണ്ടിനഗരം) പോലെ അഴകുറ്റ ഇവളെ വിവാഹം കഴിച്ച് കൂട്ടി ക്കൊണ്ട് പോകണം...."

– അമ്മുവനാർ എഴുതിയ നെയ്തൽപ്പാ ട്ടിലെ വരികളാണിവ.

"കിഴക്കേ കടൽത്തീരത്തുള്ള നാരകപ്പ ക്ഷിക്ക് പടിഞ്ഞാറേ തീരത്തുള്ള തൊണ്ടി തുറമുഖത്തെ (കടലുണ്ടി തുറമുഖം) 'അയി ലമീൻ' എന്ന പോലെ നായിക തനിക്ക് ദുഷ്പ്രാപ്യമായിത്തീർന്നിരിക്കുന്നതായി വിലപിക്കുന്ന ഒരു കാമുകനെ" കടലുണ്ടി യിലെ മഹാകവി പരണർ തന്റെ 'കുറു ന്താകൈ' എന്ന ഗ്രന്ഥത്തിൽ അവതരിപ്പി ക്കുന്നു.

കടലുണ്ടിയിലെ വെണ്മയേറിയ അരി പ്രസിദ്ധമായിരുന്നുവെന്ന് പല പാട്ടുകളും തെളിയിക്കുന്നു. വള്ളിക്കുന്ന് പഞ്ചായ ത്തിലെ ഒരു വില്ലേജിന്റെ പേര് അരിയല്ലൂർ എന്നാണ്. അരി നല്ല ഊരായിരിക്കാം അരി യല്ലൂരായത്.

ആറാം ശതകത്തിൽ ജീവിച്ചിരുന്ന കുറുങ്കോഴിയൂർ, "ഞെരുങ്ങി നിൽക്കുന്ന കുലകൾ നിറഞ്ഞ തെങ്ങുകളും വിസ്തൃ തമായ വയലുകളും പൂനിലാവ് പോലെ

**പി.കൃഷ്ണപിള്ള, ഇ. എം.എസ്., കെ.എ. കേരളീയൻ തുടങ്ങി ഒട്ടേറെ പ്രമുഖർ വള്ളി ക്കുന്നിൽ ഒളിവ് ജീവിതം നയിച്ചിട്ടുണ്ട്.**

വെണ്മനിറഞ്ഞു. വിസ്താരമാർന്ന കടലോ രങ്ങളും തീ പോലെ ഒളി തിരളുന്ന പൂക്കൾ വിരിഞ്ഞു നിൽക്കുന്ന കുഴികളും മലയാ കുന്ന വേലിയുമുള്ള മനോഹരമായ കട ലുണ്ടി നഗരത്തെ" വർണിച്ചിട്ടുണ്ട്.

കടലുണ്ടി പട്ടണത്തിന്റെ കിഴക്കേ അറ്റ ത്തുള്ള കാടുകളിൽ തിനപ്പുറം കാക്കുന്ന പുനവർ, തിന തിന്നാൻ വരുന്ന കിളികളെ ഓടിക്കാൻ പറ കൊട്ടുമ്പോൾ അതിന് പടി ഞ്ഞാറുള്ള മരുതനിലത്തെ വയലുകളിലും സമുദ്രതീരത്തെ ചോല വൃക്ഷങ്ങളിലുമുള്ള കിളികൾ ആ ശബ്ദം കേട്ട് പറന്നു പോകും. 'മലയാകുന്ന വേലി' എന്ന് പറ ഞ്ഞതുകൊണ്ട് കടലുണ്ടി നഗരത്തിന് കിഴ ക്കുഭാഗം കുന്നും കാടുകളുമായിരുന്നു വെന്ന് സൂചിപ്പിക്കുന്നു. കോട്ടക്കുന്നും കാൽവരി ഹിൽസുമെല്ലാം ഓർക്കുക.

ധ്രുവാന്തരങ്ങളിൽ നിന്നു പോലും പറ ന്നെത്തുന്ന ആയിരക്കണക്കായ ദേശാടന ക്കിളികളുടെ പറുദീസയാണിന്ന് കടലുണ്ടി അഴിമുഖം. കടലുണ്ടി പക്ഷിസങ്കേതം കേര ളത്തിലെ പ്രസിദ്ധ പക്ഷി സങ്കേതങ്ങളിലൊ ന്നാണ്.

കേരള രാഷ്ട്രീയ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയും മാതൃഭൂമിയുടെ സഹപത്രാധിപരും 'എന്റെ ഹിമാലയയാത്ര' എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ കെ.മാധവനാർ വള്ളിക്കു ന്നിലെ ആദ്യത്തെ ബി.എ.ക്കാരനായിരുന്നു. അഖിലേന്ത്യാ സമാധാന പ്രസ്ഥാനത്തിന്റെ സഹകാര്യദർശിയും കെ.പി.സി.സി.യുടെ ആദ്യത്തെ ജനറൽ സെക്രട്ടറിയുമായിരുന്ന അദ്ദേഹം ഗാന്ധിജിയുടെ 'എന്റെ സത്യാ ന്വേഷണ പരീക്ഷകൾ' എന്ന കൃതി മല യാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

'അറിയപ്പെടാത്ത ഇ.എം.എസ്' എന്ന കൃതിയുടെ കർത്താവും പത്രപ്രവർത്തക നുമായ അപ്പുക്കുട്ടൻ വള്ളിക്കുന്ന്, നോവ ലിസ്റ്റും പത്രപ്രവർത്തകനുമായ സിദ്ധാർ ത്ഥൻ പരുത്തിക്കാട്ട്, ഹാസ്യകവിയായ രാവ ണപ്രഭു എന്നിവർ വള്ളിക്കുന്ന് പഞ്ചായ ത്തിലെ അറിയപ്പെടുന്ന വ്യക്തികളാണ്. മാപ്പിള സാഹിത്യഗവേഷകൻ ബാലകൃ ഷ്ണൻ വള്ളിക്കുന്നും ഇന്നാട്ടുകാരനാണ്.

ജനകീയകൂട്ടായ്മയിലൂടെ ലോകശ്രദ്ധ പിടിച്ചുപറ്റിയ നിരവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ യു. കലാനാഥൻ അക്ഷരാർത്ഥത്തിൽ വള്ളി ക്കുന്നിന്റെ നാഥനാണ്. രണ്ടുതവണ വള്ളി ക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ സാരഥിയായി രുന്ന അദ്ദേഹം കേരള യുക്തിവാദി സംഘ ത്തിന്റെ സംസ്ഥാന പ്രസിഡന്റാണിപ്പോൾ.

ഒരു പഞ്ചായത്തിന് കേരളത്തിൽ ആദ്യ മായി വെബ്സൈറ്റ് തുടങ്ങിയതും സി.ഡി. ലൈബ്രറി ആരംഭിച്ചതും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്താണ്. വി.പി. സോമസുന്ദരനാണ് ഇപ്പോൾ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

പി.കൃഷ്ണപിള്ള, ഇ.എം.എസ്., കെ. എ. കേരളീയൻ തുടങ്ങി ഒട്ടേറെ പ്രമുഖർ വള്ളിക്കുന്നിൽ ഒളിവ് ജീവിതം നയിച്ചി ട്ടുണ്ട്.

പീലി വിടർത്തി ആടുന്ന തെങ്ങോല തലപ്പുകളും പച്ചയുടുപ്പണിഞ്ഞ നെൽവ യലുകളുടെ ഗ്രാമത്തെ കെട്ടിപ്പുണർന്ന് പൊട്ടിച്ചിരിച്ചൊഴുകുന്ന കടലുണ്ടിപ്പുഴയും തിരമാലക്കൈകളാൽ തീരത്തെ തഴുകുന്ന അറബിക്കടലും ചകിരി പിരിക്കുന്ന റാട്ടു കളുടെ സംഗീതവും കൊയ്ത്തുപാട്ടിന്റെ ഈരടികളും പുഴയോരങ്ങളിൽ നിന്നു യർന്നു കേൾക്കുന്ന ചകിരിയടിക്കുന്ന തൊഴിലാളി സ്ത്രീകളുടെ വളകിലുക്കങ്ങളും മത്സ്യത്തൊഴിലാളികളുടെ ഏലയ്യാ....ഏ ലേലയ്യാ!... വിളികളും പള്ളികളിൽ നിന്നു യരുന്ന ബാങ്ക് വിളികളും അമ്പലത്തിലെ ശംഖുനാദങ്ങളും തീവണ്ടികളുടെ ചൂളംവി ളികളും ചകിരിക്കുഴികളിൽ നിന്നും ബഹിർഗമിക്കുന്ന ഹൈഡ്രജൻ സൾഫൈ ഡിന്റെ ഗന്ധവും ഒത്തുചേർന്നതാണ് വള്ളി ക്കുന്ന് എന്ന 'ഈ മനോഹരതീരം!' ടൂറിസം വികസനത്തിന് ധാരാളം സാധ്യതകളുള്ള ഒരു മേഖലയാണിത്. കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ വള്ളിക്കുന്നിന് മികച്ചൊരു സ്ഥാനമുണ്ടാകുമെന്ന കാര്യത്തിൽ സംശ യിക്കേണ്ടതില്ല. ■

ശശി ആമ്പല്ലൂർ

# ഇന്ത്യൻ നാണ്യവ്യവ

മനുഷ്യവർഗം സാമൂഹികജീവിതം ആരംഭിച്ചകാലത്തു തന്നെ നാണ്യ വ്യവസ്ഥയും നിലവിൽ വന്നിരുന്നു. ഇന്ന് പണമായി കണക്കാക്കുന്ന വസ്തുക്കളായിരുന്നില്ല ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. പല കാലഘട്ടങ്ങളിലൂടെ വളർന്നു വന്ന നാണ്യ സമ്പ്രദായമാണ് ഇന്ന് എല്ലാ രാജ്യങ്ങളിലും നിലനിൽക്കുന്നത്. സാധനങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്ന ബാർട്ടർ രീതിയായിരിക്കണം ആദ്യകാലത്ത് നിലവിലുണ്ടായിരുന്നത്. ക്രമേണ പുതിയ ഉപാധികളെക്കുറിച്ച് മനുഷ്യൻ ചിന്തിച്ചു. പല മാർഗങ്ങളിലൂടെയും കാലഘട്ടങ്ങളിലൂടെയുമാണ് ഇന്നത്തെ നാണ്യ വ്യവസ്ഥിതിയിൽ എത്തിച്ചേർന്നിട്ടുള്ളത്.







മുഗൾ ചക്രവർത്തിമാരുടെ കാലത്ത് മോഹർ എന്ന സ്വർണ നാണയവും റുപ്പിയ എന്ന വെള്ളിനാണയവും ഡാം എന്ന ചെമ്പ് നാണയവും നിലവിലിരുന്നതായി ചരിത്രത്തിൽ കാണുന്നു. മുഗൾ ഭരണത്തിന്റെ അവസാനത്തോടെ ഓരോ സ്വതന്ത്ര നാട്ടുരാജ്യവും അതിന്റേതായ നാണ്യവ്യവസ്ഥ നടപ്പിൽ വരുത്തി. ബ്രിട്ടീഷ് ഭരണം നാട്ടുരാജ്യങ്ങളിൽ നിലവിലിരുന്ന നാണ്യസമ്പ്രദായം നിർത്തലാക്കുകയും അവരുടെ നാണ്യസമ്പ്രദായം നടപ്പിലാക്കുകയും ചെയ്തു. തുടർന്നുള്ള നാണ്യവ്യവസ്ഥയെ പത്തു ഘട്ടങ്ങളായി തിരിക്കാം.

1. 1801 – 1835 – ദ്വി നാണ്യ വ്യവസ്ഥിതി നടപ്പിലാക്കുന്നതിനുള്ള ശ്രമം
2. 1835 – 1873 – വെള്ളിനാണ്യ വ്യവസ്ഥ
3. 1873–1898 – വെള്ളിനാണ്യ വ്യവസ്ഥയുടെ തകർച്ച
4. 1898 – 1917 – സ്വർണ വിനിമയ വ്യവസ്ഥ
5. 1917 – 1926 – സ്വർണ വിനിമയ വ്യവസ്ഥയുടെ തകർച്ച
6. 1926 – 1931 – സ്വർണ ഉരുപ്പടി വ്യവസ്ഥ
7. 1931 – 1939 – സ്റ്റെർലിംഗ് വിനിമയ വ്യവസ്ഥ
8. 1939 – 1947 – സ്റ്റെർലിംഗ് നിയന്ത്രണ വ്യവസ്ഥയും യുദ്ധകാലനിയന്ത്രണവും
9. 1947 – അന്താരാഷ്ട്ര നാണ്യനിധിയുടെ കീഴിലുള്ള വിനിമയ നിരക്ക് നിയന്ത്രണ വ്യവസ്ഥ
10. 1957 – ഏപ്രിൽ ഒന്നു തുടങ്ങി മെട്രിക് നാണ്യവ്യവസ്ഥ

**വിക്ടോറിയ രാജ്ഞിയുടെ മുദ്ര കുത്തിയ ഇന്ത്യൻ നാണയം.**
**പവനും അരപ്പവനും ബ്രിട്ടീഷ് നാണയങ്ങളായി ഇന്ത്യയിൽ പ്രചാരത്തിൽ വന്നു.**

## ദ്വി നാണ്യ വ്യവസ്ഥ

ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി പ്രത്യേക വിനിമയനിരക്ക് നിശ്ചയിച്ചുകൊണ്ട് സ്വർണ നാണയങ്ങളും വെള്ളിനാണയങ്ങളും ഇറക്കി. ഇവയുടെ മൂല്യം ഇടയ്ക്കിടയ്ക്ക് മാറിക്കൊണ്ടിരുന്നു. അതിനാൽ 1835-ൽ ഈ വ്യവസ്ഥ ഉപേക്ഷിക്കേണ്ടി വന്നു.

## വെള്ളി നാണ്യവ്യവസ്ഥ

ഈ കാലഘട്ടത്തിൽ 180 നെല്ലിട തൂക്കവും 12-ൽ 11 മാറ്റും ഉള്ള വെള്ളിനാണയങ്ങൾ നിലവിലിരുന്നു. സ്വതന്ത്രമായി നാണയങ്ങൾ അടിക്കാനുള്ള വ്യവസ്ഥയും നടപ്പിലാക്കിയിരുന്നു. ഇന്ത്യൻ രൂപയുടെ വിദേശ വിനിമയ നിരക്ക് വെള്ളി ഉരുപ്പടിയുടെ വിലയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെടുകയും ചെയ്തു.

## വെള്ളിനാണ്യ വ്യവസ്ഥയുടെ തകർച്ച

1873-ൽ വെള്ളിനാണ്യ വ്യവസ്ഥയുടെ തകർച്ച ആരംഭിച്ചു. സ്വർണവുമായുള്ള വെള്ളിയുടെ വിലത്തോത് ഇടിഞ്ഞു. പുതിയ വെള്ളിഖനികൾ കണ്ടുപിടിച്ചതിന്റെ ഫലമായി വെള്ളി സുലഭമായിത്തീർന്നു. ജർമനി, സ്വർണ നാണ്യ വ്യവസ്ഥ സ്വീകരിച്ചപ്പോൾ സ്വർണത്തിന്റെ ലഭ്യത ലോകവിപണിയിൽ കുറഞ്ഞു. ഇതിന്റെ ഫലമായി സ്വർണത്തിന്റെ വെള്ളിയുമായുള്ള വിലത്തോത് ഉയർന്നു. വെള്ളി നാണ്യ വ്യവസ്ഥയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കാൻ നിയമിച്ചിരുന്ന ഹെർഷൽ കമ്മിറ്റി താഴെപ്പറയുന്ന നിർദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചു. 1) ഇന്ത്യയിൽ രൂപയ്ക്ക് നിയമ പ്രാബല്യം നൽകണം. 2) സ്വതന്ത്രമായി നാണയം അടിക്കുന്ന വ്യവസ്ഥ നിർത്തലാക്കണം. 3) രൂപയ്ക്ക് ഒരു ഷില്ലിങ് നാലു പെൻസ് എന്ന നിരക്കിൽ സ്വർണം നൽകിയാൽ പകരം വെള്ളി നാണയങ്ങൾ ലഭിക്കുന്ന വ്യവസ്ഥ ഗവൺമെന്റ് നിലനിർത്തണം. ഹെർഷൽ കമ്മിറ്റിയുടെ നിർദേശങ്ങൾക്ക് 1893-ൽ നിയമപ്രാബല്യം ലഭിച്ചു.

## സ്വർണ വിനിമയ വ്യവസ്ഥ

വിപണിയിൽ വെള്ളിക്ക് സംഭവിച്ച വിലയിടിവ് മൂലം ഇന്ത്യൻ നാണ്യവ്യവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നിർദേശം നൽകുന്നതിനായി 1898-ൽ ഫൗളർ കമ്മിറ്റിയെ നിയമിച്ചു. ഫൗളർ കമ്മിറ്റി താഴെപ്പറയുന്ന നിർദേശങ്ങൾ സമർപ്പിച്ചു. 1) ബ്രിട്ടീഷ് നാണയങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുകയും അതിന് നിയമപ്രാബല്യം നൽകുകയും ചെയ്യുക. 2) ആസ്ട്രേലിയയിൽ നിലവിലുള്ളതുപോലെ സ്വർണ നാണയങ്ങൾ സ്വതന്ത്രമായി അടിക്കുന്നതിന് അനുവദിക്കുക. 3) ഇന്ത്യയിൽ രൂപയുടെ വിദേശ വിനിമയ നിരക്ക് ഒരു ഷില്ലിങ് 4 പെൻസ് എന്ന നിലയിൽ നിർത്തുക. 4) രൂപയ്ക്ക് തുടർന്നും നിയമപ്രാബല്യം നൽകുക. 5) ഗവൺമെന്റ് സ്വർണത്തിനു പകരം രൂപ നൽകുകയും ചില കാര്യങ്ങൾ നേടുന്നതു വരെ പുതിയ

# സ്ഥയുടെ ഇന്നലെകൾ

രൂപ അടിക്കാതിരിക്കുകയും ചെയ്യുക. 6) രൂപയുടെ വിദേശ മൂല്യം കുറയുന്നുവെന്നു തോന്നുമ്പോൾ വിദേശ വിനിമയത്തിന് വേണ്ടി ഗവൺമെന്റ് സ്വർണം നൽകുക.

കമ്മിറ്റിയുടെ നിർദേശങ്ങൾക്ക് 1899-ൽ നിയമപ്രാബല്യം ലഭിച്ചു. അതുമൂലം ബ്രിട്ടീഷ് നാണയങ്ങളായി പവനും അരപ്പവനും ഇന്ത്യയിൽ പ്രചാരത്തിൽ വന്നു. സ്വർണ നാണയങ്ങൾ അടിക്കുന്നതിനുള്ള ഒരു കമ്മട്ടം ഇന്ത്യയിൽ സ്ഥാപിച്ചു. 1902-ൽ സ്വർണ നാണയം അടിക്കുന്നതിനുള്ള പദ്ധതി ഉപേക്ഷിച്ചു. 1904-ൽ ഇന്ത്യയുടെ സ്വർണനിധി ലണ്ടനിലേക്ക് മാറ്റി. പിന്നീട് പേപ്പർ നാണ്യനിധി രൂപവത്കരിച്ചു. അതിന്റെ ഒരു ഭാഗം ലണ്ടനിലും മറ്റൊരു ഭാഗം ഇന്ത്യയിലും സൂക്ഷിച്ചു. സ്വർണ നാണ്യ വിനിമയ വ്യവസ്ഥയെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകാൻ 1913-ൽ ജോസഫ് ആസ്റ്റിൻ ചേമ്പർ ലെയിൻ അദ്ധ്യക്ഷനായി ഒരു കമ്മിഷനെ നിയമിച്ചു.

ഇന്ത്യൻ നാണ്യ വ്യവസ്ഥയ്ക്ക് ഏറ്റവും അനുകൂലം സ്വർണനാണ്യ വ്യവസ്ഥയാണെന്ന് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. ലണ്ടനായിരിക്കും റിസർവ് സൂക്ഷിക്കുന്നതിനുള്ള ഏറ്റവും ഉചിതമായ സ്ഥലമെന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു. 1914- ഫെബ്രുവരിയിലാണ് ചേംബർ ലെയിൻ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. 1914 ജൂലൈയിൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചതുമുതൽ 1917 വരെ സ്വർണവിനിമയ നിരക്കിന്റെ പ്രവർത്തനം തൃപ്തികരമല്ലായിരുന്നു. വെള്ളിയുടെ വില ഇരട്ടിയായി. സ്വർണത്തെക്കാൾ വെള്ളിക്ക് ആവശ്യക്കാരുണ്ടായി. രൂപയുടെ വില 43 പെൻസിൽ കൂടുതലായപ്പോൾ ഗവൺമെന്റ് വിനിമയനിരക്ക് മാറ്റാൻ നിർബന്ധിതമായി. 1917-ൽ സ്വർണ നാണ്യ വിനിമയ വ്യവസ്ഥ ഉപേക്ഷിച്ചു.

ഒന്നാം ലോക മഹായുദ്ധം ഇന്ത്യൻ രൂപയെ എങ്ങനെ ബാധിച്ചു എന്നു തിട്ടപ്പെടുത്തുവാൻ വേണ്ടി 1919-ൽ ബാബിങ്ടൺ സ്മിത്ത് കമ്മീഷനെ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ രൂപയുടെ വിദേശവിനിമയ മൂല്യം രണ്ടു ഷില്ലിങ് ആയി നിലനിർത്താൻ ഗവൺമെന്റ് ശ്രമിച്ചെങ്കിലും വിജയിച്ചില്ല. 1925-ൽ ഹിൽടൺ യങ് കമ്മീഷനെ നിയമിച്ചു. കമ്മീഷൻ ഇന്ത്യക്ക് സ്വർണ ഉരുപ്പടി വ്യവസ്ഥ നിർദേശിച്ചു.

**ഇന്ത്യ അന്താരാഷ്ട്ര നാണ്യനിധിയിലെ അംഗമായതോടുകൂടി സ്വർണസമതാവ്യവസ്ഥ അംഗീകരിച്ചു. സ്വർണത്തിന്റെ മൂല്യവുമായും അമേരിക്കൻ ഡോളറുമായും ബന്ധപ്പെടുത്തി ഇന്ത്യൻ രൂപയുടെ വില നിശ്ചയിച്ചു.**






**1931 സെപ്തംബർ 21നും 1947 മാർച്ച് 1നും ഇടയിൽ സ്റ്റെർലിങ് വിനിമയ വ്യവസ്ഥ നിലവിലുണ്ടായിരുന്നു. ഇതു പ്രകാരം ഇന്ത്യൻ രൂപയുടെ വില ഒരു ഷില്ലിംഗ് ആറ് പൈ ആയി നിശ്ചയിച്ചിരുന്നു.**

നിർദേശങ്ങൾ: 1) രൂപ സ്വർണമാക്കി മാറ്റിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥ അംഗീകരിക്കുക. പക്ഷേ, അതൊരിക്കലും 400 ഔൺസിൽ കുറയാൻ പാടില്ല. 2) രൂപ, പവൻ, അരപ്പവൻ എന്നിവയെ നിയമപ്രാബല്യമുള്ള നാണയങ്ങളായി തുടരാൻ അനുവദിക്കുക. 3)സ്വർണവും രൂപയും അന്യോന്യം മാറ്റാവുന്നതാണെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനുവേണ്ടി സമ്പാദ്യ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുക. 4) ഒറ്റരൂപാ നോട്ടുകൾ വിതരണം ചെയ്യുക.

## സ്വർണ ഉരുപ്പടി വ്യവസ്ഥ

1931 സെപ്തംബർ 21നും 1947 മാർച്ച് ഒന്നിനും ഇടയിൽ സ്റ്റെർലിങ് വിനിമയ വ്യവസ്ഥ നിലവിലുണ്ടായിരുന്നു. ഇതു പ്രകാരം ഇന്ത്യൻ രൂപയുടെ വില ഒരു ഷില്ലിംഗ് ആറ് പൈ ആയി നിശ്ചയിച്ചിരുന്നു. വില നിരക്ക് ഇന്ത്യൻ രൂപയെ സംബന്ധിച്ച് അല്പം കൂടുതലായിരുന്നു. ഇത് ഇന്ത്യൻ വിദേശവ്യാപാരത്തെ ദോഷകരമായി ബാധിച്ചു. ഇന്ത്യയിൽ നിന്ന് സ്വർണം കയറ്റുമതി ചെയ്യേണ്ട സ്ഥിതിയുണ്ടായി. തുടർന്ന് സ്റ്റെർലിങ് വിനിമയ വ്യവസ്ഥ പരാജയപ്പെട്ടു.

ഇന്ത്യ അന്താരാഷ്ട്ര നാണ്യനിധിയിലെ അംഗമായതോടുകൂടി സ്വർണസമത വ്യവസ്ഥ അംഗീകരിച്ചു. സ്വർണത്തിന്റെ മൂല്യവുമായും അമേരിക്കൻ ഡോളറുമായും ബന്ധപ്പെടുത്തി ഇന്ത്യൻ രൂപയുടെ വില നിശ്ചയിച്ചു. 1944 സെപ്തംബർ 20ന് ഇന്ത്യൻ രൂപ സ്റ്റെർലിങിനോടൊപ്പം പുനർനിർണയം ചെയ്തു. 1956-ൽ റിസർവ് ബാങ്ക് നിയമവും കമ്പനി നിയമവും ഭേദഗതി ചെയ്തു. ഇതു പ്രകാരം വായ്പാസൗകര്യം നിയന്ത്രിക്കാനും കറൻസി നോട്ടുകൾ ഇറക്കാനും റിസർവ് ബാങ്കിന് കൂടുതൽ അധികാരങ്ങൾ ലഭിച്ചു. 1954-ഏപ്രിൽ ഒന്നുമുതൽ 1,000, 5,000, 10,000 എന്നീ വിലകളിലുള്ള കറൻസി നോട്ടുകൾ റിസർവ്ബാങ്ക് ഇറക്കാൻ തുടങ്ങി. 1941 ഏപ്രിൽ ഒന്നിന് വിക്ടോറിയ രാജ്ഞിയുടെ ചിത്രമുള്ള നാണയങ്ങളും 1942 മെയ് 31ന് എഡ്വേർഡ് ഏഴാമന്റെ ചിത്രമുള്ള നാണയങ്ങളും ജോർജ് ആറാമന്റെ ചിത്രമുള്ള വെള്ളിരൂപയും അരരൂപയും പിൻവലിച്ചു, ഒപ്പം 1946-ൽ അന്നു നിലവിലുണ്ടായിരുന്ന വെള്ളിനാണയങ്ങളും. 1957 ഏപ്രിൽ ഒന്നിന് മെട്രിക് നാണ്യവ്യവസ്ഥ നിലവിൽ വന്നു. ■

പ്രിയ തൂവ്വശ്ശേരി

# ചലച്ചിത്രോത്സവം പറയുന്നത്

**മികച്ച ചിത്രത്തിനുള്ള പ്രേക്ഷകരുടെ പുരസ്കാരം നേടിയ ഫ്രാൻസിസ്കോ വർഗാസിന്റെ 'ദി വയലിൻ' അവസാനിക്കുന്നത്, "സംഗീതവും പോരാട്ടവും ഒരിക്കലും അസ്തമിക്കുന്നില്ല, മറിച്ച് അവ നമ്മളിൽ അവശേഷിപ്പിക്കുന്നത് പ്രതീക്ഷയുടെ നല്ല നാളുകൾ മാത്രമാണ്" എന്ന് പറഞ്ഞുകൊണ്ടാണ്. തുടർന്നും നല്ല സിനിമകൾക്കായുള്ള പ്രതീക്ഷകൾ അവശേഷിപ്പിച്ചുകൊണ്ടാണ് ചലച്ചിത്രമേള സമാപിച്ചത്.**

എട്ടുദിനരാത്രങ്ങൾ കൊണ്ടു ലോകം ചുറ്റിക്കണ്ട പ്രതീതി-ഇതായിരുന്നു രാജ്യാന്തര ചലച്ചിത്രമേള പ്രേക്ഷകർക്ക് സമ്മാനിച്ച അനുഭവം. ഉദ്ഘാടന ചിത്രമായ 'സൗണ്ട്സ് ഓഫ് സാൻഡ്' കണ്ടിറങ്ങിയ ഒരു പ്രേക്ഷകൻ പറഞ്ഞതു പോലെ, "വെള്ളത്തിനു വേണ്ടി അന്തമില്ലാതെ മരുഭൂമിയിൽ കൂടി പലായനം ചെയ്യുന്ന ഒരു ജനതയുടെ ദുരിതങ്ങൾ കണ്ടപ്പോൾ നമ്മളെത്ര ഭാഗ്യവാൻമാരാണ് എന്നോർത്തുപോയി". 11-ാമതു കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച ചിത്രങ്ങൾ നല്കിയ ചാരിതാർത്ഥ്യവുമായാണ് മേളയിലെ പ്രതിനിധികൾ മിക്കവരും വിട വാങ്ങിയത്.

13 വിഭാഗങ്ങളിലായി പ്രദർശിപ്പിച്ച 220 ചിത്രങ്ങളും ജീവിതത്തിന്റെ നേർക്കാഴ്ചകൾ കൊണ്ട് സമ്പന്നമായിരുന്നു. ഭാഷയുടെയും സംസ്കാരത്തിന്റെയും അതിർവരമ്പുകളും മതിൽക്കെട്ടുകളും പൊളിച്ച് പ്രതിഷേധങ്ങളുടെയും പോരാട്ടത്തിന്റെയും അടിച്ചമർത്തലിന്റെയും ആശയുടെയും നിരാശയുടെയുമൊക്കെ കഥ പറഞ്ഞ ചിത്രങ്ങൾ മാർഗരറ്റ് കെന്നഡി വർണിച്ചതുപോലെ, സിനിമ യന്ത്രവത്കരിച്ച കാവ്യദേവതയാണെന്ന് വീണ്ടും തെളിയിച്ചു.

വിവിധ രാജ്യങ്ങളുടെ സംസ്കാരവും പൈതൃകവും പരിചയപ്പെടുത്തുന്ന വൈവിധ്യമാർന്ന ചിത്രങ്ങൾ എന്നും മേളകളിൽ ശ്രദ്ധ നേടാറുണ്ട്. കഴിഞ്ഞ വർഷം ലോകം കണ്ട ഏറ്റവും മികച്ച ചിത്രങ്ങളാണ് മത്സര വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. ഈ വിഭാഗത്തിലെ 14 ചിത്രങ്ങൾ തെരഞ്ഞെടുത്തത് 125 ചിത്രങ്ങളിൽ നിന്നായിരുന്നു എന്നത് ചിത്രങ്ങളുടെ മേന്മ മേളയുടെ മുമ്പ് തന്നെ വിളിച്ചറിയിച്ചു. ലൈംഗികത്തൊഴിലാളിയുടെ ജീവിത സംഘർഷങ്ങളിലൂടെ കടന്നു പോകുന്ന അബു സെയ്ദിന്റെ ബംഗ്ലാദേശ് ചിത്രമായ 'ഫോർ എവർ ഫ്ളോസ്', ഒരു ഇറാനിയൻ കുടുംബത്തിലൂടെ വ്യക്തിബന്ധങ്ങളുടെ തുടിപ്പുകൾ പുറത്തു കൊണ്ടുവന്ന 'ഫയർ വർക്ക്സ് വെനസ്ഡെ', സംഗീതം കൊണ്ടും അവതരണം കൊണ്ടും ശ്രദ്ധിക്കപ്പെട്ട ജോസ്ലിൻ സാബിന്റെ 'കിസ് മീ നോട്ട് ഓൺ ദി ഐസ്', ലൗകികതൃഷ്ണകളുടെയും ബന്ധങ്ങളുടെയും ഇടയിൽപ്പെട്ട യുവബുദ്ധഭിക്ഷുവിന്റെ കഥ പറയുന്ന ശ്രീലങ്കൻ ചിത്രമായ 'സങ്കര' എന്നിവയും ഈ മേളയുടെ വിജയത്തെ എടുത്തു കാണിച്ചു. ഇതിൽ മലയാളി സംവിധായകരായ എം.പി. സുകുമാരൻനായരുടെ 'ദൃഷ്ടാന്ത'വും ടി.വി. ചന്ദ്രന്റെ തമിഴ് ചിത്രമായ 'ആടുംകൂത്തും' ഉൾപ്പെടുത്തിയിരുന്നു.

ഇത്തവണ സ്കൂളുകളിലും ജയിലിലും പുവർഫോമിലുമൊക്കെ മേളയുടെ ഭാഗമായി ചെറിയ പ്രദർശനങ്ങൾ നടത്തുകയുണ്ടായി ഇതുകൂടാതെ ഫിലിം പ്രമോഷനുവേണ്ടി



ചിത്രം: ഏഞ്ചൽസ് ഫാൾ



ചിത്രം: ഫോർ എവർ ഫ്ളോസ്



സെമി കപ്ല നോഗ്ലു

## സുവർണചകോരം

ബംഗ്ലാദേശ് ചലച്ചിത്രം 'ഫോർ എവർ ഫ്ളോസ്', തുർക്കി ചിത്രമായ എഞ്ചൽസ് ഫാൾ എന്നിവ സുവർണചകോരം നേടി. 'ഫോർ എവർ ഫ്ളോസി'ന്റെ സംവിധായകൻ അബു സെയ്ദും 'ഏഞ്ചൽസ് ഫാളി'ന്റെ സംവിധായകൻ സെമി കപ്ല നോഗ്ലുവും ആണ്.



## രജതചകോരം

## മികച്ച സംവിധായകൻ

കേരളത്തിൽ നടന്ന രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ മികച്ച സംവിധായകനുള്ള രജത ചകോരം അസ്ഗർ ഫർഹദി നേടി. ▯ഫയർ വർക്സ് വെനസ് ഡേ▯ എന്ന ഇറാൻ ചിത്രമാണ് ഫർഹദിയെ അവാർഡിനർഹനാക്കിയത്.



## രജതചകോരം

## നവാഗത സംവിധായകൻ



ചിത്രം: സങ്കാര

നവാഗത സംവിധായകനുള്ള അവാർഡ് പ്രസന്ന ജയകോടിക്ക് ലഭിച്ചു. ശ്രീലങ്കൻ ചിത്രമായ ‘സങ്കാര’യാണ് ജയകോടിക്ക് രജതചകോരം നേടിക്കൊടുത്തത്.

പ്രത്യേക സെൽ രൂപീകരിക്കുകയും ചെയ്തത് ഈ മേളയിലെ പ്രത്യേകതയായി.

മൂന്നാം ലോക രാജ്യങ്ങളിൽ നിന്ന് അടർത്തിയെടുത്ത അല്ലികൾ പോലെയായിരുന്നു ലോകസിനിമാ വിഭാഗത്തിലെ 43 ചിത്രങ്ങളും. കഴിഞ്ഞ മേളയിൽ ജനങ്ങൾ മനസ്സിലേറ്റിയ കിം കിസുകിന്റെ ‘ദി ബോ’ സിനിമയുടെ മാന്ത്രികസ്പർശം ഒരിക്കൽക്കൂടി പ്രേക്ഷകർക്ക് പകർന്നു നൽകി. മനുഷ്യന്റെ സ്നേഹവികാരങ്ങളെ പ്രതീകങ്ങളിലൂടെയും നിശബ്ദതയിലൂടെയും പ്രേക്ഷകരിൽ എത്തിച്ച ഈ ചിത്രം വളരെയധികം ശ്രദ്ധിക്കപ്പെട്ടു. പ്രമേയങ്ങളിലെ വ്യത്യസ്തതയും അവതരണമികവും ലോകസിനിമയെ വ്യത്യസ്തമാക്കി. ഇസ്രയേൽ-പാലസ്തീൻ പോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ ചിത്രീകരിച്ച ഹനി അബു ആസാദിന്റെ ‘പാരഡൈസ് നൗ’ പാലസ്തീനിയൻ യുവത്വത്തിന്റെ വികാരങ്ങളിലേക്കാണ് കാണികളെ കൂട്ടിക്കൊണ്ടുപോയത്. ജീവിതത്തിലേക്കുള്ള തിരിച്ചുവരവ് പ്രഘോഷിക്കുന്ന ‘വോൾവറിന്’ പ്രേക്ഷകർ നൽകിയ കിരീടം ഈ നൂറ്റാണ്ടിന്റെ ചിത്രങ്ങളിലൊന്ന് എന്നാണ്. രാഷ്ട്രീയ ചിത്രങ്ങൾക്കൊപ്പം സാമൂഹിക വിഷയങ്ങളും ആഗോളവത്കരണവും വർണവിവേചനവും ജീവിതത്തിന്റെ വ്യത്യസ്ത ഭാവങ്ങളും എല്ലാം ലോകസിനിമാ വിഭാഗത്തിൽ മിന്നിമറഞ്ഞു. ദക്ഷിണാഫ്രിക്കൻ സിനിമകളുടെ സ്വരം മേളയിൽ വേറിട്ടു നിന്നു എന്നാണ് സംവിധായകൻ കമൽ അഭിപ്രായപ്പെട്ടത്.

മുമ്പത്തേക്കാളും ജനപങ്കാളിത്തമുള്ള ഒന്നായി ചലച്ചിത്രമേള. 6101 പേരാണ് നിത്യവും ചലച്ചിത്രങ്ങൾ കാണാൻ എത്തിയത്. മേള വർഷം തോറും ജനകീയമാകുന്നതിന്റെ ലക്ഷണം തന്നെയായിരുന്നു അത്. മണിക്കൂറുകൾക്ക് മുമ്പ് തന്നെ തിയേറ്ററുകൾ നിറഞ്ഞ് തറയിലും മറ്റും ഇരുന്നു പടം കാണുന്ന പ്രേക്ഷകരെയാണ് മേളയിൽ കാണാൻ സാധിച്ചത്. തന്റെ പടം കാണാൻ ഇങ്ങനെ പ്രേക്ഷകരുള്ള സദസ്സ് ആദ്യമായിട്ടായിരുന്നു എന്ന് ‘ഫോർ വിമൻ ബെയർ ഫുട്’ എന്ന ചിത്രത്തിന്റെ സംവിധായകനായ സാന്റിയാഗോ ലോസ അഭിപ്രായപ്പെട്ടത് ഇവിടെ സ്മരിക്കാം. നൂറിൽപ്പരം വിദേശ പ്രതിനിധികളുടെയും ഇരുപതോളം ഫിലിം ഫെസ്റ്റിവൽ ഡയറക്ടർമാരുടെയും സാന്നിധ്യം മേളയുടെ മാറ്റു കൂട്ടുന്നതായി. ലോകത്തിലെ തന്നെ ശ്രദ്ധിക്കപ്പെടുന്ന ചലച്ചിത്രമേളയായി കേരള രാജ്യാന്തര ചലച്ചിത്രമേള വളരുകയാണ്.


അതിജീവനത്തിന്റെ പച്ചപ്പ് തേടുന്ന ലോകസിനിമയിലെ പ്രതിഭാധനരുടെ റിട്രോസ്പെക്ടീവുകൾ മേളയിലെ വേറിട്ട ശബ്ദമായിരുന്നു. അമ്പതുകളിലെ ഫ്രാൻസിലെ നവതരംഗ സിനിമയുടെ വക്താക്കളിലൊരാളായ ലുയിമാൾ, സിനിമയുടെ കലഹിക്കുന്ന യൗവനം എന്നറിയപ്പെടുന്ന ലോക പ്രശസ്ത ചലച്ചിത്രകാരൻ ഗ്ലോബർ റോഷെ, മലയാള സിനിമയുടെ വേറിട്ട കലാകാരനായ അടൂർ ഗോപാലകൃഷ്ണൻ തുടങ്ങിയവരുടെ റിട്രോ വിഭാഗത്തിലെ ചിത്രങ്ങൾ ജീവിതത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ തുറന്നു കാണിക്കുന്നവയായിരുന്നു. മേളയിലെ ചിത്രങ്ങളുടെ തെരഞ്ഞെടുക്കൽ മികച്ച നിലവാരം പുലർത്തിയെന്നും അതിന് ഏറ്റവും നല്ല ഉദാഹരണമാണ് റിട്രോസ്പെക്ടീവ് ചിത്രങ്ങൾ എന്നും ലാറ്റിൻ അമേരിക്കൻ സംവിധായകൻ സാന്റിയാഗോ ലോസ് പറഞ്ഞു. എന്നാൽ ഈ വിഭാഗം ചിത്രങ്ങളുടെ പ്രേക്ഷകരിൽ യുവതലമുറയുടെ പ്രാതിനിധ്യം കുറവായിരുന്നു.

സ്ത്രീപക്ഷ പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്ന ചിത്രങ്ങൾ മേളകളിൽ എന്നും ചർച്ചാവിഷയമാണ്. ഫ്രാൻസിൽ നിന്നുള്ള ‘ബ്ലഡ് നമ്പർ വൺ’, തുർക്കി-ഗ്രീസ് ചിത്രമായ ‘ബ്ലാക്ക് ഐഡ് ഡോഗ്’, തെലുങ്ക് ചിത്രമായ ‘വനജ’, സുധീർ പനാഹിയുടെ

## പ്രത്യേക ജൂറി അവാർഡ്

‘വിസ്പറിങ് ഓഫ് ഗോഡ്സ്’ പ്രത്യേക ജൂറി അവാർഡിനർഹമായി. തട്തൂഷി ഒമാറിയാണ് ഈ ചിത്രം സംവിധാനം ചെയ്തത്.






വിസ്പറിങ് ഓഫ് ഗോഡ്സ്

കെ.ആർ. മോഹനൻ

# കൂടുതൽ മികച്ച മേളയിലേക്കുള്ള തുടക്കം

**ചലച്ചിത്ര അക്കാദമി ചെയർമാൻ കെ.ആർ. മോഹനൻ 2006-ലെ കേരള അന്താരാഷ്ട്ര മേളയെ വിലയിരുത്തി ജനപഥത്തോടു സംസാരിച്ചു. പ്രസക്ത ഭാഗങ്ങൾ..**

**മേളയെ എങ്ങനെ വിലയിരുത്തുന്നു?**

പിഴവുകൾ ഇല്ലാതില്ല. എങ്കിലും മൊത്തമായി നോക്കുമ്പോൾ സംഘാടകർ എന്ന നിലയിൽ ഞങ്ങൾ സംതൃപ്തരാണ്. മേളയെക്കുറിച്ച് വിദേശ പ്രതിനിധികൾ അടക്കമുള്ളവർ നല്ല അഭിപ്രായമാണ് പറഞ്ഞത്. പ്രത്യേകിച്ച് സിനിമയുടെ തിരഞ്ഞെടുക്കലിനെക്കുറിച്ചും റിട്രോസ്പെക്റ്റീവ് വിഭാഗത്തെക്കുറിച്ചും.

**കേരളത്തിലെ ചലച്ചിത്രമേളയ്ക്കു തൊട്ടു മുമ്പാണല്ലോ ഗോവയിൽ രാജ്യാന്തര ചലച്ചിത്രമേള നടന്നത്. അതിന്റെ നടത്തിപ്പ് ഏറെ വിമർശനവിധേയമായി. രണ്ടും വിലയിരുത്തുമ്പോൾ എന്താണഭിപ്രായം?**

ചലച്ചിത്രമേള സിനിമയിൽ നിന്നു വഴിമാറി ആഘോഷങ്ങളിലേക്കു തിരിഞ്ഞു എന്നതാണ് ഗോവയിൽ സംഭവിച്ചത്. അതുപോലെ തദ്ദേശ സിനിമകളുടെ പ്രാധാന്യക്കുറവും. ഈ രണ്ടു പ്രശ്നവും കേരള രാജ്യാന്തര മേളയിൽ ഉയരില്ല എന്ന് ഞങ്ങൾക്ക് ഉറപ്പായിരുന്നു. കാരണം നമ്മുടെ മേളകളിൽ ചലച്ചിത്രങ്ങൾക്കാണ് ഒന്നാം സ്ഥാനം. മറ്റ് ആഘോഷങ്ങൾ അതിനോട് ചേർന്നു നിൽക്കുന്നു എന്നുമാത്രമേയുള്ളൂ. നല്ല മേളയ്ക്ക് കേരളത്തിലേയ്ക്ക് വരൂ എന്ന് നമ്മുടെ സംവിധായകർ ഗോവയിൽ ചെയ്ത വിളംബരം സംഘാടകർ എന്ന നിലയ്ക്ക് ഞങ്ങളുടെ ഉത്തരവാദിത്തം വർദ്ധിപ്പിച്ചു എന്നുള്ളത് വാസ്തവമാണ്.

പ്രതിനിധികളുടെ വർധിച്ച പങ്കാളിത്തം നമ്മുടെ മേളയുടെ യശസ്സ് ഉയർത്തുന്നു. എന്നാൽ അതനുസരിച്ചുള്ള സജ്ജീകരണങ്ങൾ ഉണ്ടായിരുന്നില്ല. അതുപോലെ പങ്കെടുത്തവരിൽ ഭൂരിഭാഗവും മാധ്യമങ്ങളുമായി ബന്ധപ്പെട്ടവരോ വിദ്യാർത്ഥികളോ ആയിരുന്നു.

**മേളയെ കൂടുതൽ സാധാരണക്കാരിൽ എത്തിക്കാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?**

ഇറാനി ചിത്രമായ 'ഓഫ് സൈഡ്' തുടങ്ങിയവ നിലവാരം പുലർത്തി.

ലോക ചലച്ചിത്ര സംവിധായകരുടെയിടയിൽ കേരള ചലച്ചിത്രമേളയ്ക്ക് സവിശേഷമായ സ്ഥാനമാണുള്ളതെന്ന് ബംഗ്ലാദേശി സംവിധായകൻ അബു സെയ്ദ് അഭിപ്രായപ്പെട്ടത് ചലച്ചിത്രമേളയ്ക്ക് കിട്ടിയ അംഗീകാരങ്ങളിൽ ഒന്നായി കരുതാം.

ചലച്ചിത്രമേളകളിൽ തദ്ദേശീയ സിനിമകളുടെ സ്ഥാനം വലുതാണ്. കേരളീയ സമൂഹത്തിന്റെ പുതിയ പ്രവണതകൾ അനാവരണം ചെയ്യുന്നവയായിരുന്നു മലയാള ചിത്രങ്ങൾ ഒക്കെയും. ആഗോളവത്കരണം കേരള സമൂഹത്തിൽ സൃഷ്ടിച്ച മാറ്റങ്ങളാണ് ഭൂരിപക്ഷം ചിത്രങ്ങളുടെയും ഇതിവൃത്തം. 'പുലിജന്മം', 'സൈറ', 'നോട്ടം', 'പറഞ്ഞു തീരാത്ത വിഷയങ്ങൾ', 'തന്മാത്ര', 'കറുത്തപക്ഷികൾ', 'അച്ഛനുറങ്ങാത്ത വീട്' തുടങ്ങിയവയായിരുന്നു മേളയിലെ മലയാള സാന്നിദ്ധ്യം.

ചലച്ചിത്രമേളയിൽ എടുത്തുപറയാവുന്ന വിഭാഗം തന്നെയായിരുന്നു ഡോക്യുമെന്ററികളും ഡിപ്ലോമാ ചിത്രങ്ങളും. ഫിലിംസ് ഫ്രം സ്കൂൾ എന്ന വിഭാഗത്തിൽ ഇന്ത്യയിൽ നിന്നുള്ള ആറ് യുവ സിനിമാ സംവിധായകരുടെ ചിത്രങ്ങളുടെ കൂട്ടത്തിൽ കാൻ ഇന്റർനാഷണൽ ഫെസ്റ്റിവലിൽ ശ്രദ്ധ

## മേള ഇനിയും നന്നാവണം


എം.പി. സുകുമാരൻ നായർ

ചലച്ചിത്രമേളയുടെ വിജയം കണക്കാക്കേണ്ടത് ഡെലിഗേറ്റുകളുടെ എണ്ണം അളവുകോലാക്കി ആവരുതെന്ന് സംവിധായകൻ എം.പി. സുകുമാരൻ നായർ അഭിപ്രായപ്പെട്ടു. ഏറ്റവും നല്ല സിനിമകൾ പ്രദർശിപ്പിക്കുമ്പോഴാണ് മേള വിജയിക്കുക. ഈ അർത്ഥത്തിൽ മേള കുറെക്കൂടി നന്നാവാമായിരുന്നു. നല്ല സിനിമ കിട്ടാൻ നല്ലപോലെ പണം കൊടുക്കണം. 98-ൽ കൊച്ചി ഫെസ്റ്റിവലിൽത്തന്നെ, ഒരു സിനിമയ്ക്ക് 500 ഡോളർ ആവശ്യപ്പെട്ടിരുന്നു. ഇന്ന് കൂടുതൽ തുക മുടക്കിയാണെങ്കിലും കൂടുതൽ നല്ല സിനിമകൾ കൊണ്ടുവരികയാണ് വേണ്ടത്. ഓരോ മേളയിലും അടുത്ത മേളയിൽ നല്ല സിനിമകൾ ഉൾപ്പെടുത്താൻ വേണ്ടി മാത്രം പത്തോ പതിനഞ്ചോ ലക്ഷം രൂപ സമാഹരിക്കാൻ കഴിയണം.

ഇരുന്നൂറ് രൂപ മുടക്കിയാൽ ആർക്കും ഡെലിഗേറ്റാവാം എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. മുമ്പ് അർഹരായവർക്ക് പാസ് കിട്ടാതെ വന്നിരുന്നു. രണ്ടും ഒരു പോലെ ദുരന്തമാണ്.

സുകുമാരൻ നായർ സംവിധാനം ചെയ്ത 'ദൃഷ്ടാന്തം' മേളയിൽ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ചിരുന്നു. ടൂറിസവും സീരിയൽ നിർമാണവുമൊക്കെ കാലൂന്നിയതോടെ ഒരു ഗ്രാമം വളരുന്നതിന്റെ കഥയാണ് ഈ ചിത്രം. എന്നാൽ കഥാപാത്രങ്ങൾ അറിയാതെ അവരുടെ ഗ്രാമീണതയും ആചാരങ്ങളും വിശ്വാസങ്ങളുമെല്ലാം കൈവിട്ടു പോകുന്നതിന്റെ ദൃഷ്ടാന്തം കൂടിയാണ് ഈ സിനിമ. കലയും ക്രാഫ്റ്റും അർത്ഥപൂർണമായി സമന്വയിപ്പിച്ച ചിത്രം പ്രേക്ഷകരെ, വിശേഷിച്ച് യുവാക്കളെ വളരെയേറെ ആകർഷിച്ചിരുന്നു.

- ആർ.വി.



മേളയിൽ പങ്കെടുത്തത് 6101 പേരാണ്; ഞങ്ങൾ പ്രതീക്ഷിച്ചതിലും കൂടുതൽ. എങ്കിലും ഇത് ഒരു നല്ല മാറ്റമായി ഞങ്ങൾ കാണുന്നു. മേള കൂടുതൽ ജനകീയമായതിന്റെ ലക്ഷണം തന്നെയാണ് ഇത്. ഇക്കാര്യം മുന്നിൽ കണ്ടുകൊണ്ടായിരിക്കും ഇനിയുള്ള മേളകൾ സംഘടിപ്പിക്കുക. കൂടുതൽ സാധാരണക്കാരെ മേളയിൽ എത്തിക്കുവാനുള്ള തീവ്രശ്രമവും അടുത്ത തവണ ഉണ്ടാവും. ഇതിനായി മേളയുടെ മുമ്പോ അതിനു ശേഷമോ മറ്റു ജില്ലകളിലും പ്രദർശനങ്ങൾ സംഘടിപ്പിക്കും. ഇത്തവണ സ്കൂളുകളിലും കെയർഹോമിലും പ്രദർശിപ്പിച്ചതുപോലെ അടുത്തവർഷം കോളെജുകളിലും മറ്റും സംഘടിപ്പിക്കും. തിരക്കുകാരണം പലർക്കും ഇത്തവണ പല ചിത്രങ്ങളും കാണാൻ സാധിക്കാതെ തിയേറ്ററുകളിൽ നിന്നു മടങ്ങേണ്ടിവന്ന സാഹചര്യം ഉണ്ടായി. ഇതിനുള്ള പരിഹാരവും അടുത്ത മേളയിൽ കണ്ടെത്തും.

ഡോക്യുമെന്ററികളുടെയും ഡിപ്ലോമ ചിത്രങ്ങളുടെയും പ്രത്യേക പാക്കേജുകൾ ഇത്തവണ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രേക്ഷകരിൽ വലിയ ഒരു വിഭാഗം ലോകസിനിമകളിലും മത്സരവിഭാഗത്തിലും ആണ് കൂടുതൽ ശ്രദ്ധ ചെലുത്തിയത്. ഈ അവസ്ഥയ്ക്കു മാറ്റം വരണം. സാങ്കേതികമായ ചില പോരായ്മകൾ പ്രദർശനത്തിൽ ഉണ്ടായി. ഇതെല്ലാം പരിഹരിച്ച് കൂടുതൽ മെച്ചപ്പെട്ട ഒരു മേളയായിരിക്കും അടുത്ത തവണ ഉണ്ടാവുക.

**മേളയിലെ മലയാള സാന്നിധ്യത്തെക്കുറിച്ച്?**

ഓരോ മേളയുടെയും മുഖ്യഉദ്ദേശ്യം തദ്ദേശ സിനിമകളുടെ പ്രോത്സാഹനം തന്നെയാണ്. കേരള രാജ്യാന്തര മേളയിൽ 'മലയാളം സിനിമ റ്റുഡെ' എന്ന വിഭാഗത്തിൽ പോയ വർഷത്തെ നല്ല ചിത്രങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഇതുകൂടാതെ റിട്രോസ്പെക്റ്റീവ് വിഭാഗത്തിൽ അടൂർ ചിത്രങ്ങളും ഹോമെജ് വിഭാഗത്തിൽ പവിത്രൻ, ശ്രീവിദ്യ തുടങ്ങിയവരുടെ ചിത്രങ്ങളും ഉണ്ടായിരുന്നു. കഴിഞ്ഞ മേളയിൽ ഒരു മലയാള ചിത്രം ഒരിക്കൽ മാത്രമേ പ്രദർശിപ്പിച്ചിരുന്നുള്ളൂ. എന്നാൽ വിദേശ പ്രതിനിധികൾ അധികവും മലയാള ചിത്രങ്ങൾ കാണാൻ വരുന്നവരാണ്. അവരുടെ ആവശ്യപ്രകാരം മലയാള ചിത്രങ്ങൾ ഒന്നിൽക്കൂടുതൽ തവണ പ്രദർശിപ്പിക്കാനും ആലോചിക്കുന്നുണ്ട്.

**അടുത്ത മേളയെക്കുറിച്ച്?**

വിനോദത്തിലുപരി സാമൂഹിക പ്രസക്തിയുള്ള കലയാണ് സിനിമ. ലോകത്തിന്റെ ഓരോ കോണിലും ഉണ്ടാകുന്ന നല്ല സിനിമകൾ തിരഞ്ഞെടുത്ത്, അവ നല്ല രീതിയിൽ കോർത്തിണക്കിയാൽ മാത്രമേ ഒരു നല്ല ചലച്ചിത്രമേള ഉണ്ടാകൂ. അതിനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു. വരുംവർഷത്തിൽ ലോകത്തുണ്ടാകുന്ന നല്ല സിനിമകൾ തീർച്ചയായും നമ്മുടെ മേളയിൽ ഉൾപ്പെടുത്താൻ ശ്രമിക്കും.


-പി.ടി.

നേടിയ അനിൽബൻ ദത്തയുടെ ബംഗാളിചിത്രം ടെറ്റ്ട്രീസ് വരെയുണ്ടായിരുന്നു. എന്നാൽ ജീവിത യാഥാർത്ഥ്യത്തോട് അടുത്തു നിൽക്കുന്ന ഡോക്യുമെന്ററികളും നവാഗതരുടെ ഡിപ്ലോമാ ചിത്രങ്ങളും ഒരുവലിയ വിഭാഗം പ്രേക്ഷകരുടെ ശ്രദ്ധ ആകർഷിക്കാതെ പോയി.

സംഘാടനത്തിൽ മേള എല്ലാ മേഖലകളിലും അഭിനന്ദനം നേടിയിട്ടുണ്ട്. ഇതിനനുസൃതമായ പക്വമായ ചലച്ചിത്ര ആസ്വാദന സംസ്കാരം വളർത്തിയെടുക്കേണ്ടതും മേളയുടെ വരുംകാല ലക്ഷ്യങ്ങളിലൊന്നാകുന്നു. തലസ്ഥാനത്ത് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് സ്ഥാപിക്കാൻ ശ്രമിക്കും എന്ന് സമാപന ചടങ്ങിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രസ്താവിച്ചത് വരാൻ പോകുന്ന മേളയുടെ പ്രതീക്ഷകൾ വർധിപ്പിക്കുന്നു.

ലൂമിയർ സഹോദരങ്ങൾ 1896-ൽ ഇന്ത്യയിൽ നടത്തിയ ആദ്യ സിനിമാ പ്രദർശനത്തെ വിശേഷിപ്പിച്ചത് 'ഈ നൂറ്റാണ്ടിലെ അത്ഭുതം' എന്നാണ്. എട്ടുദിനരാത്രങ്ങളിൽ അനന്തപുരിക്ക് കാഴ്ചയുടെ ഉത്സവമേകിയ ചലച്ചിത്രമേള കഴിഞ്ഞ നൂറ്റാണ്ടിന്റെ എന്ന പോലെ ഈ നൂറ്റാണ്ടിന്റെയും അത്ഭുതമാണ് സിനിമ എന്നു തെളിയിച്ചു. നല്ല സിനിമയെ തേടി എത്തിയ ഒരു പ്രേക്ഷകനെയും ചലച്ചിത്രമേള നിരാശപ്പെടുത്തിയില്ല. മറിച്ച്, ഓർമിച്ചു രസിക്കാനും ചിന്തിക്കാനുമുള്ള ഒരുപിടി നല്ല ചിത്രങ്ങളെ മനസ്സിൽ അവശേഷിപ്പിച്ചാണ് മേള സമാപിച്ചത്. മികച്ച ചിത്രത്തിനുള്ള പ്രേക്ഷകരുടെ പുരസ്കാരം നേടിയ ഫ്രാൻസിസ്കോ വർഗാസിന്റെ 'ദി വയലിൻ' അവസാനിക്കുന്നത്, "സംഗീതവും പോരാട്ടവും ഒരിക്കലും അസ്തമിക്കുന്നില്ല, മറിച്ച് അവ നമ്മളിൽ അവശേഷിപ്പിക്കുന്നത് പ്രതീക്ഷയുടെ നല്ല നാളുകൾ മാത്രമാണ്" എന്ന് പറഞ്ഞുകൊണ്ടാണ്. ഒരു പിടി നല്ല സിനിമകൾക്കായുള്ള പ്രതീക്ഷകൾ അവശേഷിപ്പിച്ചുകൊണ്ടാണ് ചലച്ചിത്രമേള സമാപിച്ചത്. ■

സംഘാടനത്തിൽ മേള എല്ലാ മേഖലകളിലും അഭിനന്ദനം നേടിയിട്ടുണ്ട്. ഇതിനനുസൃതമായ പക്വമായ ചലച്ചിത്ര ആസ്വാദന സംസ്കാരം വളർത്തിയെടുക്കേണ്ടതും മേളയുടെ വരുംകാല ലക്ഷ്യങ്ങളിലൊന്നാകുന്നു.




'ദ വയലിൻ' ◘ സംവിധായകൻ ഫ്രാൻസിസ്കോ വർഗാസ്ക്യൂവേദോ

## പ്രേക്ഷക പുരസ്കാരം

'ദ വയലിൻ' പ്രേക്ഷക പുരസ്കാരത്തിന് അർഹമായി. ഫ്രാൻസിസ്കോ വർഗാസ്ക്യൂവേദോ ആണ് സംവിധായകൻ.

ഉണ്ണിക്കൃഷ്ണൻ പൂഴിക്കാട്





# ആർട്ടിസ്റ്റ് വി.എസ്. വല്യത്താൻ

## ഒരു രേഖാചിത്രം

ദൈവത്തിന്റെ വരദാനവുമായി, കലയ്ക്ക് വേണ്ടി പിറവികൊള്ളുന്ന ചിലരുണ്ട്. അവർ കലയുടെ കർമരംഗത്ത് നിസ്തുല സംഭാവനകൾ നൽകി ചരിത്രത്തിൽ ഇടം തേടുന്നു. കാലാതിവർത്തിയായ കലയുടെ പര്യായമായിത്തീരുന്ന ഈ യഥാർത്ഥ പ്രതിഭകൾ ചരിത്രമായിത്തന്നെ മാറുന്നു. ഈ മഹാപാരമ്പര്യത്തിന്റെ ഏറ്റവും തിളക്കമുള്ള ഒരു കണ്ണിയെയാണ് ആർട്ടിസ്റ്റ് വി.എസ്. വല്യത്താന്റെ വിയോഗത്തിലൂടെ കേരളത്തിന്റെ ചിത്രകലാരംഗത്തിന് നഷ്ടമായത്.

രാജാരവിവർമയുടെ ക്ലാസിക് ചിത്രകലാശൈലിയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട്, ചിത്രകലയ്ക്ക് വേണ്ടി ജീവിച്ച പ്രതിഭയായിരുന്നു ആർട്ടിസ്റ്റ് വി.എസ്. വല്യത്താൻ. സൂക്ഷ്മനിരീക്ഷണത്തിലൂടെ പ്രകൃതിയുടെ സമസ്ത സൗന്ദര്യഭാവങ്ങളെയും ആവാഹിച്ച് വരയിലൂടെയും വർണത്തിലൂടെയും പുനർജീവിപ്പിച്ച് ആസ്വാദകർക്ക് ഒരു അനുഭവമാക്കി മാറ്റാൻ കഴിയുന്ന യഥാതഥ ചിത്രകലാസമ്പ്രദായത്തിന്റെ ശക്തനായ വക്താവായിരുന്നു അദ്ദേഹം. ദുരൂഹതകളില്ലാത്ത ആശയതലവും ആദ്യകാഴ്ചയിൽത്തന്നെയുളവാകുന്ന ആകർഷണീയത്വവും ആയിരുന്നു വല്യത്താന്റെ ചിത്രങ്ങളുടെ ഏറ്റവും വലിയ സവിശേഷത.

കൊല്ലവർഷം 1095 (1921) കന്നിമാസത്തിലെ അശ്വതി നക്ഷത്രത്തിൽ, കവിയും പണ്ഡിതനുമായ പന്തളത്തു നടുവിലെ മാളികക്കൊട്ടാരത്തിൽ രേവതിനാൾ രാമവർമത്തമ്പുരാന്റെയും തോട്ടത്തിൽ മാധവിയമ്മയുടെയും മകനായി ശങ്കരൻ വല്യത്താൻ ജനിച്ചു. അദ്ദേഹത്തിന്റെ മാതൃപിതാവ് അശ്വതിനാൾ ഗോദവർമ വലിയതമ്പുരാൻ അറിയപ്പെടുന്ന ഒരു ചിത്രകാരനായിരുന്നു. പന്തളം തോന്നല്ലൂർ മലയാളം മിഡിൽ സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പന്തളം എൻ.എസ്.എസ്. ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു.

വളരെ ചെറുപ്പത്തിൽത്തന്നെ നാടകാഭിനയത്തിലും സംഗീതത്തിലും കഥകളിയിലും നൃത്തത്തിലും തന്റെ കഴിവ് അദ്ദേഹം തെളിയിച്ചു.

തുടർന്ന് ഡിസൈൻ ഗോപാലപിള്ള എന്ന പേരിൽ പ്രശസ്തനായിരുന്ന പി.കെ. ഗോപാലപിള്ളയുടെ ശിക്ഷണത്തിൽ ശാസ്ത്രീയമായിത്തന്നെ ചിത്രകല അഭ്യസിക്കുവാൻ തുടങ്ങി. മികച്ച ഈ ചിത്രകലാദ്ധ്യാപകന്റെ പ്രോത്സാഹനത്തിൽ ചിത്രരചനയിൽ തന്റെ ശൈലി കണ്ടെത്താനും ഏറെ പ്രശസ്തനാകാനും അദ്ദേഹത്തിന് കഴിഞ്ഞു. തന്റെ ശിഷ്ട ജീവിതത്തെ ചിത്രകലാരംഗത്തിനും പഠനത്തിനും അധ്യാപനത്തിനുമായി അദ്ദേഹം നീക്കിവച്ചു.



ചിത്രകലയിൽ നൂറുകണക്കിന് പ്രഗത്ഭ ശിഷ്യന്മാരെ നേടിക്കൊടുത്ത സാർത്ഥകമായ അദ്ധ്യാപനജീവിതമായിരുന്നു വല്യത്താന്റേത്. മോഡലുകളുടെ സഹായമില്ലാതെ ചിത്രങ്ങൾ വരയ്ക്കുവാനുള്ള അദ്ദേഹത്തിന്റെ അപൂർവസിദ്ധിയെ പല പ്രശസ്ത ചിത്രകാരന്മാരും പ്രശംസിച്ചിട്ടുണ്ട്. ഛായാചിത്രരചനയിൽ അദ്ദേഹം തന്റെ പ്രതിഭയെ തെളിയിച്ചു. ആയിരത്തി അഞ്ഞൂറിലധികം ജീവൻ തുടിക്കുന്ന ഛായാചിത്രങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും പിറവി കൊണ്ടു. നൂറു കണക്കിന് പെൻസിൽ ഡ്രോയിങ്ങുകളും അദ്ദേഹം രചിച്ചിട്ടുണ്ട്. അനായാസവും ലളിതവുമായ രചനാരീതിയിലൂടെ സൂക്ഷ്മാംശങ്ങളെ വ്യക്തമായി അഭിവ്യഞ്ജിപ്പിക്കുന്ന ഈ ചിത്രങ്ങൾ പഠിതാക്കൾക്ക് അമൂല്യനിധിയാണ്.

ക്ലാസിക് ശൈലിയുടെ തനിമ കാത്തുസൂക്ഷിച്ചുകൊണ്ട് വല്യത്താൻ വരച്ച സബ്ജക്ട് പെയിന്റിങ്ങുകൾ ഭാരതത്തിനകത്തും പുറത്തുമുള്ള പല ചിത്രപ്രദർശനശാലകളിലും സൂക്ഷിച്ചിട്ടുണ്ട്. മാക്ബത്ത്,

തൂപ്പുകാരി, കുരുക്ഷേത്രയുദ്ധം, ഉർവശി, പാഞ്ചാലീ വസ്ത്രാക്ഷേപം, കുളിക്കടവിൽ, തെമ്മാടിക്കാറ്റ് തുടങ്ങിയവ ഇവയിൽ ചില തുമാത്രമാണ്. രവിവർമാപാരമ്പര്യത്തെ ലംഘിച്ചുകൊണ്ട് ഷേക്സ്പിയർ നാടകങ്ങളുടെ ദൃശ്യങ്ങളും അദ്ദേഹത്തിന്റെ ചായക്കൂട്ടിന് വിഷയമായിത്തീർന്നുവെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

ചിത്രകലയിലെ പാരമ്പര്യശൈലിയെ എന്നും നെഞ്ചേറ്റിയ വരയിലെ ഈ മഹാപ്രതിഭ കേരളീയ പാരമ്പര്യകലകളെ അടുത്തറിയുകയും ആരാധിക്കുകയും ചെയ്തിരുന്നു. ഒരു തികഞ്ഞ കഥകളി പ്രേമിയായ അദ്ദേഹം നാട്യോത്ഭവം എന്നൊരു ആട്ടക്കഥയും രചിച്ചിട്ടുണ്ട്.

ശിഷ്യരെയും ആരാധകരെയും ധാരാളമായി നേടാൻ കഴിഞ്ഞെങ്കിലും അർഹമായ അംഗീകാരം അദ്ദേഹത്തിന് ലഭിച്ചോയെന്നത് സംശയമാണ്. ഇതൊരു നിശബ്ദ ദുഃഖമായി അദ്ദേഹത്തെ അറിയുന്നവർ കൊണ്ടു നടന്നു. എന്നാൽ അധികാരികളുടെ അംഗീകാരത്തിനായി തന്റെ കലാജീ



വിതത്തിൽ ഒരു തരത്തിലുള്ള സന്ധിയും അദ്ദേഹം ചെയ്തില്ല എന്നതും സത്യമാണ്.

ഒടുവിൽ വൈകിക്കിട്ടിയ അംഗീകാരമായി, കേരള സർക്കാരിന്റെ രാജാരവിവർമ പുരസ്കാരം അദ്ദേഹത്തെ തേടി വന്നു. സർക്കാർ തലത്തിൽ ചിത്രകാരന്മാർക്ക് നൽകുന്ന ഈ പരമോന്നത ബഹുമതി അരനൂറ്റാണ്ടിലേറെ നീണ്ടുനിന്ന ആ കലാജീവിതത്തിന് ഉചിതമായ അംഗീകാരമായി. പക്ഷേ, അത് ഏറ്റുവാങ്ങാൻ ആർട്ടിസ്റ്റ് വി.എസ്. വല്യത്താൻ കാത്തു നിന്നില്ല. രണ്ടു മാസങ്ങൾക്ക് മുമ്പ് ആ പ്രതിഭ നിറങ്ങളുടെ ലോകത്ത് നിന്ന് മറഞ്ഞുപോയി. ■




**കെട്ടിട നികുതി കണക്കാക്കുന്നതിന് ഇപ്പോഴുള്ള നിയമവ്യവസ്ഥകൾ എന്താണ്. ഞാൻ പുതിയതായി പണി കഴിപ്പിച്ച വിടിന് നിശ്ചയിച്ചിരിക്കുന്ന വാടക ന്യായമായതാണോ എന്ന് എങ്ങനെ പരിശോധിച്ചറിയാം? സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്തിലാണ് വീട് സ്ഥിതി ചെയ്യുന്നത്?**

**കെ. അശോകൻ, വടകര**

കെട്ടിടത്തിന്റെ വാർഷിക വാടകവില നിർണയിച്ച് അതിന്റെ 10 ശതമാനം ഡിപ്രീസിയേഷൻ കുറച്ച് ആ തുകയുടെ 6 മുതൽ 10 ശതമാനം വരെയുള്ള (ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്നു.) തുകയാണ് കെട്ടിട നികുതിയായി ഈടാക്കുന്നത്.

നികുതിയുടെ 5 ശതമാനം ലൈബ്രറി സെസ്സായി കെട്ടിട നികുതിയോടൊപ്പം പിരിക്കും. കെട്ടിട നികുതി നിർണയിക്കാൻ ഗ്രാമപഞ്ചായത്ത്/നഗരസഭാസെക്രട്ടറിക്കാണ് അപേക്ഷ നൽകേണ്ടത്.അംഗീകൃത പ്ലാനിന്റെയും അനുമതിയുടെയും(പെർമിറ്റ്) ഒരു കോപ്പിയും കംപ്ലിഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും സഹിതമാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷാഫീസില്ല. കെട്ടിടനമ്പർ നൽകുമ്പോൾ നിർണയിക്കപ്പെട്ട നികുതി അടയ്ക്കണം. കെട്ടിടനിർമാണം പൂർത്തിയാക്കുകയോ താമസം തുടങ്ങുകയോ ചെയ്താൽ (ഏതാണോ ആദ്യം) 15 ദിവസത്തിനകം നികുതി നിർണയിക്കുന്നതിനുള്ള അപേക്ഷ നൽകണം.

കെട്ടിട നികുതി നിർണയത്തിൽ പരാതിയുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത്/നഗരസഭാസെക്രട്ടറി മുഖാന്തരം ധനകാര്യ സ്റ്റാൻഡിങ് കമ്മറ്റിക്ക് റിവിഷൻ ഹർജി സമപ്പിക്കാം. നികുതി നിർണയിച്ചുള്ള അറിയിപ്പ് ലഭിച്ച് 30 ദിവസത്തിനകം ഇത് നൽകണം. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളക്കടലാസിൽ അപേക്ഷിക്കണം. നികുതി അടച്ചതിന്റെ രസീതും ഒപ്പം വയ്ക്കണം.ഇതിൻമേൽ 20 ദിവസത്തിനകം നടപടി കൈക്കൊള്ളണമെന്നാണ് ചട്ടം. ഇതുകൂടാതെ നഗരസഭകളിൽ സെക്രട്ടറിക്കും ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് സെക്രട്ടറി മുഖാന്തരമോ നേരിട്ടോ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്കും അപ്പീൽ ഹർജി നൽകാം. വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, നികുതി നിർണയിച്ച അറിയിപ്പ് കൈപ്പറ്റിയ ശേഷം 30 ദിവസത്തിനകം ആയതിന്റെ പകർപ്പും കരമടച്ചതിന്റെ രസീതും സഹിതമാവണം സമർപ്പിക്കേണ്ടത്.

നിങ്ങളുടെ കാര്യത്തിൽ വ്യവസ്ഥകൾ അനുസരിച്ചാണോ ഈ വാടക നിർണയിച്ചതെന്ന് പരിശോധിച്ചറിയാവുന്നതാണ്.

---

**കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ഒരു ഏജൻസി എടുക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. അതിനുള്ള നടപടിക്രമം എന്താണ്? വ്യക്തികൾക്ക് ലോട്ടറി ഏജൻസി നൽകുമോ?**

**ടി. ദേവനായകം, പാലക്കാട്**

പതിനെട്ടു വയസു തികഞ്ഞ ഇന്ത്യൻ പൗരൻമാർക്ക് കേരള സംസ്ഥാന ലോട്ടറിയുടെ ഏജൻസി എടുക്കാവുന്നതാണ്. ഫോം നമ്പർ 1-ൽ രജിസ്ട്രേഷൻ ഫീസായ 400 രൂപയുടെ ഡിമാന്റ് ഡ്രാഫ്ട് ഉൾപ്പെടെ (സ്റ്റേറ്റ് ലോട്ടറി ഡയറക്ടറുടെ പേരിൽ മാറാവുന്നത്) സ്വന്തം ജില്ലയിലെ ജില്ലാ ലോട്ടറി ഓഫീസർക്കോ ലോട്ടറി ഡയറക്ടർക്കോ അപേക്ഷ സമർപ്പിക്കണം. കേരളീയരല്ലാത്തവർ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും അപേക്ഷയോടൊപ്പം നൽകണം. ജില്ലാ ലോട്ടറി ഓഫീസുകളിൽ നിന്ന് ഫോറം നമ്പർ 1 ലഭിക്കും. സർക്കാർ വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യാം.

*(സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക).*

## പൊതുനിരത്തിൽ തുപ്പുന്നത് നിരോധിച്ചു

**പൊ**തുനിരത്തുകളിലും പൊതു സ്ഥലങ്ങളിലും തുപ്പുന്നതും മൂക്കു ചീറ്റുന്നതും മുറുക്കിത്തുപ്പുന്നതും നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഹൈക്കോടതി നിർദേശത്തെ തുടർന്നാണിത്. ഇത്തരം ചെയ്തികളിലൂടെ പൊതു ജനങ്ങൾക്ക് അസൗകര്യവും മറ്റ് ഗുരുതരമായ ആരോഗ്യഭീഷണികളും ഉണ്ടാകുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് എല്ലാ വകുപ്പ് മേധാവികൾക്കും ഉത്തരവ് നൽകാനാണ് ഹൈക്കോടതി നിർദേശം.

പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും, ആഫീസ് പരിസരങ്ങളിലും തുപ്പുന്നതും മുറുക്കിത്തുപ്പുന്നതും മൂക്ക്ചീറ്റുന്നതും മൂക്കും വായും മൂടാതെ തുമ്മുന്നതും പൊതുജനാരോഗ്യത്തിന് ഹാനികരമാണ്.

കഫം, തുപ്പൽ തുടങ്ങിയവയിലൂടെ പകരുന്ന ക്ഷയം, ഇൻഫ്ളുവൻസ, ന്യുമോണിയ, ചിക്കൻ പോക്സ്, ഡിഫ്തീരിയ, എൻഡമിക് ഫീവർ, റിലാപ്സിംഗ് ഫീവർ, വില്ലൻ ചുമ തുടങ്ങിയ രോഗങ്ങളുടെ ബാക്ടീരിയ/വൈറസുകൾ മണിക്കൂറോളം അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നതിനാൽ ഇവയിലൂടെ രോഗം അതിവേഗം പടരുന്നു. ഇത്തരം അനാരോഗ്യ പ്രവണതകൾ വിനോദസഞ്ചാരികൾക്ക് അറപ്പുണ്ടാക്കുകയും ചെയ്യുന്നു.

പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും ആഫീസ് പരിസരങ്ങളിലും പൊതുജനങ്ങൾക്ക് തുപ്പുന്നതിന് ആവശ്യമായ സ്പിറ്റ്യൂണുകൾ സ്ഥാപിക്കാനും പൊതുസ്ഥലങ്ങളിൽ തുപ്പരുത് എന്ന ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിക്കാനും നിർദേശിച്ചിട്ടുണ്ട്. നോട്ടീസുകളും ലഘുലേഖകളും അച്ചടിച്ചു വിതരണം ചെയ്യാനും ദൃശ്യ-വാർത്താ മാധ്യമങ്ങളിലൂടെ ഇടവിട്ട് പരസ്യം നൽകാനും രാത്രി ദൃശ്യമാകുന്ന ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കാനും നിർദേശിച്ചു.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഇക്കാര്യത്തിൽ പൊതുജന ബോധവത്കരണം നടത്തും. ബന്ധപ്പെട്ട കോർപ്പറേഷൻ/പഞ്ചായത്ത്/നഗരസഭാ അധികാരികൾ അവരവർക്ക് കൈമാറിയിട്ടുള്ള ആഫീസുകൾ, അങ്കണവാടികൾ, സ്കൂളുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, മാർക്കറ്റുകൾ, സിനിമാ തിയേറ്ററുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിലും പൊതുജനബോധവത്കരണവും അനുബന്ധ പ്രവർത്തനങ്ങളും നടത്തും.

## റബ്ബറിന്റെ പട്ടമരപ്പിന് ഫലപ്രദമായ മരുന്ന് കണ്ടുപിടിച്ചിട്ടില്ല

**റ**ബ്ബറിന്റെ പട്ടമരപ്പ് മാറ്റുന്നതിനും ഉത്പാദനശേഷി വർധിപ്പിക്കുന്നതിനും സഹായിക്കുന്നു എന്നവകാശപ്പെട്ടുകൊണ്ട് ചില ഉത്പന്നങ്ങൾ അടുത്തനാളിൽ വിപണിയിലിറങ്ങിയതായി റബ്ബർ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പട്ടമരപ്പ് മാറ്റാനുതകുന്ന യാതൊരു ത്പന്നവും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. വിപണിയിലുള്ള ഇത്തരം പല ഉത്പന്നങ്ങളിലും എത്തഫോൺ അടങ്ങിയിട്ടുള്ളതുകൊണ്ട് ഉപയോഗിക്കുന്ന ആദ്യനാളുകളിൽ ഉത്പാദനം കൂടാനിടയുണ്ട്. എന്നാൽ ഇവ പട്ടമരപ്പിന് പരിഹാരമല്ല എന്നുമാത്രമല്ല, പലപ്പോഴും പുതിയതായി പട്ടമരപ്പ് ഉണ്ടാകാൻ കാരണമാകുകയും ചെയ്തേക്കാം. അതിനാൽ ഇത്തരം വ്യാജപ്രചാരണങ്ങളിൽ വഞ്ചിതരാകാതിരിക്കാൻ കർഷകർ ശ്രദ്ധിക്കണമെന്ന് റബ്ബർബോർഡ് അറിയിച്ചു.

## റേഷൻകടയിൽ നാടൻ കുത്തരി ലഭിച്ചില്ലെങ്കിൽ അറിയിക്കണം

**പാ**ലക്കാട്, കുട്ടനാട് മേഖലകളിൽ നിന്ന് സപ്ലൈകോ സംഭരിച്ച നാടൻ കുത്തരി പാലക്കാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലുള്ള റേഷൻകടകളിൽ വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ വിലയ്ക്ക് തന്നെയാണ് നാടൻ കുത്തരി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നത്. നാടൻ കുത്തരി ലഭിക്കാതിരിക്കുകയോ കൂടുതൽ വില ഈടാക്കുകയോ ചെയ്താൽ അക്കാര്യം അതത് ജില്ലാ കളക്ടർമാരെയോ, ജില്ലാ-താലൂക്ക് സപ്ലൈ ആഫീസർമാരെയോ അറിയിക്കണം.

പൊതുവിപണിയിൽ കിലോഗ്രാമിന് 15 രൂപവരെ വിലയുള്ള നാടൻ കുത്തരിയാണ് റേഷൻ കടകളിലൂടെ വില്പന നടത്തുന്നത്.

## ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷൻ

പള്ളിക്കര റെയിൽവേസ്റ്റേഷന്റെ പേര് ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷൻ എന്നാക്കി.

## 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചു

**സം**സ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികളും പൊതുവായുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും പരിഹരിക്കുന്നതിന്റെ ഭാഗമായി 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ, കുപ്പികൾ, കപ്പുകൾ തുടങ്ങിയവയുടെ ഉത്പാദനം, സംഭരണം, വിപണനം, ഉപയോഗം, കടത്തിക്കൊണ്ടുപോകൽ എന്നിവ നിരോധിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളും മറ്റും കൈവശമുള്ളവർ അത് 2007 ജനുവരി 20നകം കൈയൊഴിയുകയോ നശിപ്പിക്കുകയോ ചെയ്യണം. അതിനുശേഷം ഇവ കൈവശം വയ്ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നവരുടെ മേൽ നിയമാനുസൃതനടപടി സ്വീകരിക്കും. നിരോധനം നടപ്പിലാക്കാനുള്ള ചുമതല ജില്ലാ കളക്ടർമാർക്കും, പൊലീസ്, വാണിജ്യ നികുതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും മലിനീകരണ നിയന്ത്രണ ബോർഡിലെയും ഉദ്യോഗസ്ഥർക്കുമായിരിക്കും. പ്ലാസ്റ്റിക് നിർമാണവും, വില്പനയും ഉപയോഗവും സംബന്ധിച്ച ചട്ടം ലംഘിക്കുന്നവർക്ക് 1986-ലെ പരിസ്ഥിതി (സംരക്ഷണ) ചട്ടങ്ങൾക്കനുസൃതമായി 5 വർഷം വരെ തടവോ ഒരു ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാം.

## അംഗവൈകല്യമുള്ള സന്ദർശകർക്ക് പ്രത്യേക സൗകര്യം

ഒന്നിലധികം നിലകളുള്ള കെട്ടിടങ്ങളുടെ മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്ന റവന്യൂ/സർവെ ആഫീസുകളിൽ കയറിച്ചെല്ലാൻ ബുദ്ധിമുട്ടുള്ള സന്ദർശകർക്കും അംഗവൈകല്യമുള്ളവർക്കും അതത് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ കാത്തിരിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കണമെന്ന് റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ നിർദേശം നൽകി. ഇത്തരം സന്ദർശകരെ ഉദ്യോഗസ്ഥൻ അവിടെയെത്തി കാണുകയും പരാതി കേൾക്കുകയും നിവേദനങ്ങളും അപേക്ഷകളുമുണ്ടെങ്കിൽ അവ കൈപ്പറ്റുകയും ചെയ്യണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

ലെനിൻ അമ്പലംമുക്ക്

# ശുചിത്വ നഗരത്തിന് ഒരു സ്ത്രീ കൂട്ടായ്മ

ശുചിത്വം പാലിക്കേണ്ടത് ആരോഗ്യകരമായ ജീവിത സാഹചര്യത്തിന് അനിവാര്യമാണ്. പ്രത്യേകിച്ചും പകർച്ചവ്യാധികൾ പെരുകുന്ന ഈ കാലത്ത്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ നമ്മെ സഹായിക്കുന്ന സ്ത്രീ സംഘങ്ങളെക്കുറിച്ചാണീ ലേഖനം.

അനന്തപുരിയുടെ പ്രഭാതങ്ങളിൽ അതൊരു പതിവു കാഴ്ചയായിരുന്നു. കുളിച്ചൊരുങ്ങി നല്ല വേഷമണിഞ്ഞ കുടുംബംകാറുകളിലും സ്കൂട്ടറുകളിലുമൊക്കെയായി ഓഫീസിലേക്ക് പോകുന്നു. കയ്യിൽ ഭംഗിയുള്ള പ്ലാസ്റ്റിക് കവർ. പക്ഷേ, അതിനുള്ളിൽ തലേ ദിവസത്തെ വേയ്സ്റ്റാണെന്ന് മാത്രം. ആളൊഴിഞ്ഞ ഇടങ്ങളിൽ ആരും കാണാതെ അത് വഴിവക്കിൽ നിക്ഷേപിച്ച് അവർ ഒന്നുമറിയാത്ത ഭാവത്തിൽ യാത്ര തുടരുന്നു.



ശുചിത്വത്തിന് ഒരു പുതിയ മുഖം

ഈ കാഴ്ചയ്ക്ക് അറുതി വരുകയാണ് തിരുവനന്തപുരം നഗരത്തിൽ. മാലിന്യ നിർമാർജനത്തിന് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന നൂതനപദ്ധതി പുതിയ മാതൃക സൃഷ്ടിക്കുകയാണ്. അയൽക്കൂട്ടത്തിന്റെ സഹായത്താൽ സ്ത്രീസംഘങ്ങളെ ഉപയോഗിച്ചു കൊണ്ട് പകുതിയോളം വാർഡുകളിൽ ഇത് വിജയകരമായി നടപ്പിലാക്കിവരുന്നു.

പദ്ധതി നടപ്പിലാക്കുന്ന വാർഡുകളിൽ വിവിധ റസിഡൻസ് അസോസിയേഷനുകളിലെ ഓരോ പുലരിയും ഇന്നുണരുന്നത് വൃത്തിയും വെടിപ്പുമുള്ള നഗരവീഥിയിലേക്കാണ്. ഹൗസിങ് കോളനികളിലും ഫ്ളാറ്റുകളിലും താമസിക്കുന്നവർക്ക് ഭക്ഷണസാധനങ്ങളുടെയും മറ്റ് മാലിന്യങ്ങളുടെയും അവശിഷ്ടങ്ങൾ കളയാൻ ഇനി മറവ് ആവശ്യമില്ല. എല്ലാ വീട്ടുമുറ്റത്തും കുടുംബശ്രീയുടെ സ്ത്രീസംഘം രാവിലെ എത്തുന്നു. കോളനിയുടെ ആദ്യവീടിന്റെ പ്രവേശന കവാടത്തിലെത്തുമ്പോൾത്തന്നെ അടുക്കളയിൽ നിൽക്കുന്ന വീട്ടമ്മ വിസിൽ ശബ്ദം കേൾക്കുകയും തലേദിവസത്തെ ഭക്ഷണ അവശിഷ്ടങ്ങൾ ഒരു പ്ലാസ്റ്റിക് കവറിലാക്കി നൽകുകയും ചെയ്യുന്നു. ചിലപ്പോൾ വീടിനു മുന്നിലെ ഗേറ്റിൽ അവശിഷ്ടം പ്ലാസ്റ്റിക് കവറിലാക്കി തൂക്കിയിട്ടിരിക്കും. അതുമെടുത്ത് അടുത്ത കോളനിയെ ലക്ഷ്യമാക്കി അവർ കടന്നുപോകുന്നു. രാവിലെ പച്ചനിറത്തിലുള്ള യൂണിഫോം ധരിച്ച സ്ത്രീസംഘങ്ങൾ നഗരവീഥിയിലൂടെ നടന്നു നീങ്ങും. ഉത്സാഹപൂർവം വീടുവീടാന്തരം കയറിയിറങ്ങി ശേഖരിച്ച മാലിന്യങ്ങൾ മിനി പിക് അപ് വാഹനങ്ങളിൽ കയറ്റി അവർ തന്നെ ഓടിച്ചു പോകും. രാവിലെ ആറുമണിയോടു കൂടി ആരംഭിക്കുന്ന ജോലി പത്ത്-പതിനൊന്ന് മണിയോടെ അവസാനിപ്പിച്ച് അവരവരുടെ വീടുകളിലേയ്ക്ക് യാത്രയാകും. ഇത്തരം ഭക്ഷ്യ അവശിഷ്ടങ്ങൾ വീടുകളിൽ നിന്നും ശേഖരിയ്ക്കുന്നതിന് വീടൊന്നിന് മുപ്പതുരൂപ പ്രതിമാസം നൽകണം. ഒരു റെസിഡൻസ് അസോസിയേഷനിൽ രണ്ടു ഗ്രൂപ്പുകൾ വീതമുണ്ടാകും. പേരൂർക്കട ദേവപാലൻ നഗറിലെ ഗ്രൂപ്പ് ലീഡർ ലത ഇവരുടെ തൊഴിലിനെക്കുറിച്ച് ഇങ്ങനെ വിശദീകരിച്ചു:

"ഈ ഖര-മാലിന്യ നിർമാർജന പദ്ധതി നഗരവാസികൾക്ക് സഹായമാകുന്നതിനോടൊപ്പം സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ കൂടി സൃഷ്ടിക്കുകയാണ്. ഒപ്പം ഏതു തൊഴിലും അഭിമാനിക്കത്തക്കതാണെന്ന ഗാന്ധിയൻ സിദ്ധാന്തം ഞങ്ങളുടെ സേവനത്തിലൂടെ പ്രായോഗികമാവുകയാണ്". കേവലം ചുരുങ്ങിയ കാലയളവിൽ ഈ തൊഴിൽ വ്യാപകമായതിന്റെ പിന്നിൽ സ്ത്രീകളുടെ സന്നദ്ധതയും ആത്മാർത്ഥതയുമാണെന്ന് ലത കൂട്ടിച്ചേർത്തു.

മറ്റ് തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളെപ്പോലെ തന്നെ ഇവർക്കും കുടുംബപ്രശ്നങ്ങളും പരാതികളും ഏറെയുണ്ട്. കാഞ്ഞിരം പാറയിൽ നിന്നുമെത്തുന്ന ദീപ ഈ തൊഴിൽ രംഗത്ത് എത്തിപ്പെടാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് പറയുന്നതിങ്ങനെ:

□ഈ തൊഴിൽ ഏറ്റെടുക്കും മുമ്പ് സ്വന്തം വീട്ടുജോലിയും നോക്കി കഴിയുകയായിരുന്നു. പക്ഷേ കൂലിപ്പണിക്കാരനായ ഭർത്താവിന്റെ വരുമാനം കൊണ്ട് രണ്ട് പെൺകുട്ടികൾ അടങ്ങുന്ന കുടുംബത്തെ പോറ്റാൻ കഴിയാത്തതുകൊണ്ടും, എംപ്ലോയ്മെന്റു വഴി മറ്റു തൊഴിൽ കിട്ടാൻ സാധ്യതയില്ലാത്തതു കൊണ്ടുമാണ് ഒൻപതാം തരം വരെ മാത്രം പഠിച്ച ഞാൻ ഈ തൊഴിലിലേക്കിറങ്ങിയത്. ഇപ്പോൾ കുടുംബത്തിന് താങ്ങാണ് ഈ തൊഴിൽ□.

ഇങ്ങനെ എത്രയെത്ര ദീപമാർ ഇത്തരം തൊഴിൽ കൊണ്ട് കുടുംബം പോറ്റുന്നു.

പരിമിതികൾ മറി കടന്ന് മുഴുവൻ വാർഡുകളിലേക്കും പദ്ധതി വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് കോർപ്പറേഷൻ അധികൃതർ. ■

# ജോർജ് എം. തോമസ്
## നിയമസഭാംഗം



തിരുവമ്പാടി നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ജോർജ് എം. തോമസ് ഡിസംബർ 9 ശനിയാഴ്ച സഗൗരവപ്രതിജ്ഞ ചൊല്ലി നിയമസഭാംഗമായി. സ്പീക്കർ കെ. രാധാകൃഷ്ണൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത ചടങ്ങിൽ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മന്ത്രിമാരും എം.എൽ.എമാരും ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു.

സി.പി.എം. തിരുവമ്പാടി ഏരിയാ സെക്രട്ടറിയും കർഷകസംഘം കോഴിക്കോട് ജില്ലാ ജോയിന്റ് സെക്രട്ടറിയുമാണ്. മേക്കാട്ടുകുന്നേൽ പരേതരായ തോമസിന്റെയും അന്നയുടെയും മകൻ. കുളത്തുവയൽ സെന്റ് ജോർജ് ഹൈസ്കൂൾ, ബാംഗ്ലൂർ അൽഫോൺസ് കോളേജ്, മൈസൂർ ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം നേടി. മത്തായി ചാക്കോ അന്തരിച്ചതുമൂലമുണ്ടായ ഒഴിവിലേക്കാണ് ജോർജ് എം. തോമസ് തെരഞ്ഞെടുക്കപ്പെട്ടത്.

# കിൻഫ്രയുടെ അനിമേഷൻ സ്കൂൾ

സംസ്ഥാനത്ത് കിൻഫ്ര അനിമേഷൻ സ്കൂൾ ആരംഭിക്കുമെന്ന് വ്യവസായമന്ത്രി എളമരം കരിം പ്രസ്താവിച്ചു. കിൻഫ്രയും ഫിക്കി (□□□□□)യും ചേർന്ന് അനിമേഷൻ ഗെയിമിങ് ആന്റ് വിഷ്വൽ എഫക്ട്സ് എന്ന വിഷയത്തിൽ നടത്തിയ സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ അനിമേഷൻ സ്കൂൾ അന്താരാഷ്ട്രനിലവാരമുള്ളതായിരിക്കും. അനിമേറ്റേഴ്സിനും കഴിവുള്ള വ്യക്തികൾക്കും എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ സർക്കാരിന് കടമയുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടു കൂടി ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കമ്പനി തുടങ്ങാൻ സർക്കാർ തീരുമാനമായി. സർക്കാരിന്റെ ഓഹരി 26% വരെയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി ലോകോത്തര സൗകര്യങ്ങളും സ്ഥലവും കമ്പനി അക്വയർ ചെയ്യും. വിനോദവ്യവസായത്തിന്റെ പ്രാമുഖ്യം കണക്കിലെടുത്ത്, അനിമേഷൻ-ഗെയിമിങ് വ്യവസായങ്ങൾക്ക് വേണ്ടി ഒരു പ്രത്യേക സാമ്പത്തിക മേഖല വികസിപ്പിച്ചെടുക്കും. എയർ കണ്ടിഷൻ ചെയ്ത സ്റ്റുഡിയോ മോഡ്യൂളുകളും ഇൻക്യുബേഷൻ കേന്ദ്രങ്ങളും മോഷൻ കാപ്ചർ ലബോറട്ടറിയും ഒക്കെക്കൂടി മാതൃകാപരമായ അന്തരീക്ഷമായിരിക്കും ഇവിടെയുണ്ടാവുക. 5000 പേർക്ക് ഇവിടെ ജോലി നല്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അനിമേഷൻ വ്യവസായത്തിന് വേണ്ടി കിൻഫ്ര ഒരുക്കുന്ന പ്രത്യേക സാമ്പത്തിക മേഖല രാജ്യത്ത് ആദ്യത്തേതാണ്. SEZന് കേന്ദ്രസർക്കാർ ഇതിനകം തന്നെ അംഗീകാരം നല്കിക്കഴിഞ്ഞു.



കിൻഫ്ര അനിമേഷൻ സ്കൂൾ

ഈ മാസാവസാനത്തോടെ പുതിയ വ്യവസായ നയത്തിന് അന്തിമരൂപമാകും. കേരളത്തെ നിക്ഷേപ സൗഹൃദസംസ്ഥാനമാക്കി മാറ്റുന്നതിൽ സർക്കാർ ശ്രദ്ധാലുവാണ്.

അനിമേഷൻ ടെലിവിഷൻ ചാനലുകളുടെ വർധനയും ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് സാധ്യത കൂട്ടുന്നു. നിക്ഷേപകർക്ക് വേണ്ടത് മികവുറ്റ സൗകര്യങ്ങളും പ്രഗത്ഭരെയുമാണ്. അത്തരമൊരു വ്യവസായിക സംരംഭത്തിനു വേണ്ട വേദിയൊരുക്കാനും അതിനാവശ്യമായ സഹായം നല്കാനും സർക്കാരിന് കടമയുണ്ട് - മന്ത്രി വ്യക്തമാക്കി.

# കാർഷിക വായ്പ പലിശ ഒഴിവാക്കും

പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ കർഷകർ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 2006 ജൂലായ് ഒന്നിന് കുടിശികയായി നിൽക്കുന്നതുമായ എല്ലാ കാർഷിക വായ്പകളുടെയും പലിശ പൂർണമായും ഒഴിവാക്കും.

ഒഴിവാക്കപ്പെടുന്ന പലിശ സർക്കാർ തിരികെ നൽകും. 2006 ജൂലായ് ഒന്നിന് നിലവിലുള്ള കുടിശ്ശിക വായ്പയുടെ പലിശ ബാധ്യതയിൽ നിന്നും കർഷകരെ മോചിപ്പിക്കുകയും അവർക്ക് പുതിയ വായ്പകൾ ലഭ്യമാക്കുകയുമാണ് ഈ നടപടി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സഹകരണസംഘം രജിസ്ട്രാർ അറിയിച്ചു.

2006 ജൂലായ് ഒന്ന് വരെയുള്ള പലിശ ബാധ്യത ഒഴിവാക്കിയ ശേഷം കുടിശ്ശികയായ കാർഷിക വായ്പയെ മൂന്ന് മുതൽ അഞ്ച് വർഷം വരെ കാലാവധിയുള്ള പുതിയ കാർഷിക വായ്പയായി പരിവർത്തനം ചെയ്തു നല്കും. പരിവർത്തനം ചെയ്തു നൽകുന്ന കാർഷിക വായ്പയ്ക്ക് ആദ്യ ഒരു വർഷം മൊറട്ടോറിയം അനുവദിക്കും. ഈ കാലയളവിൽ വായ്പക്കാരൻ മുതലോ പലിശയോ തിരിച്ചടയ്ക്കേണ്ടതില്ല. പരിവർത്തനം ചെയ്തു നല്കുന്ന വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച പലിശ നിരക്ക് മാത്രമേ ഈടാക്കാവൂ എന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദേശിച്ചു.

# മന്ദാകിനി നാരായണൻ



പോരാട്ടത്തിന്റെ പെൺവഴികളിൽ മാതൃകാ സാന്നിധ്യമായിരുന്ന മന്ദാകിനി നാരായണൻ (83) നിര്യാതയായി. 'മാ' എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന മന്ദാകിനി നാരായണൻ ഗുജറാത്തിലെ ഭവനഗറിലാണ് ജനിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 'വാനരസേന' യിലൂടെ പൊതുപ്രവർത്തന രംഗത്ത് വന്നു. തുടർന്ന് കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടയായി സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെയും ഫ്രണ്ട്സ് ഓഫ് സോവിയറ്റ് യൂണിയന്റെയും പ്രവർത്തനങ്ങളിൽ സജീവമായി. അക്കാലത്ത് പ്രസ്ഥാനത്തിലുണ്ടായിരുന്ന കുന്നിക്കൽ നാരായണനുമായുള്ള പരിചയം വിവാഹത്തിൽ കലാശിച്ചു. തുടർന്ന് കേരളത്തിലെത്തി മലബാറിലെ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനങ്ങളിൽ മുഴുകി. തുടർന്ന് കോഴിക്കോട് ഗുജറാത്തി സ്കൂളിൽ അധ്യാപികയായി. നക്സലൈറ്റ് പ്രസ്ഥാനങ്ങളിൽ കുന്നിക്കൽ നാരായണനും മകൾ അജിതയ്ക്കുമൊപ്പം സജീവ പങ്കു വഹിച്ചു. 1979-ൽ കുന്നിക്കൽ നാരായണൻ മരിച്ചതിനുശേഷം സജീവ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്നും പിൻമാറി ചിന്തയുടെയും വായനയുടെയും ലോകത്തിൽ ഒതുങ്ങിക്കഴിയുകയായിരുന്ന 'മാ' പ്രകടനപരതയിൽ നിന്നും ഒഴിഞ്ഞു നിൽക്കുമ്പോഴും ധൈഷണിക മണ്ഡലത്തിന് തന്റേതായ സംഭാവനകൾ നൽകാൻ ശ്രദ്ധിച്ചിരുന്നു.

# കുടുംബശ്രീ യൂണിറ്റുകൾക്ക് സപ്ലൈകോയുടെ കൺസൽട്ടൻസി സെൽ

കുടുംബശ്രീ യൂണിറ്റുകളുടെ ഉത്പന്നങ്ങൾ ഗുണനിലവാരം ഉറപ്പാക്കി രാജ്യത്തെ ഏറ്റവും വിപുലമായ വില്പന ശൃംഖലയുള്ള സപ്ലൈകോ വഴി വില്പന നടത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ കൺസൽട്ടൻസി സെൽ രൂപീകരിച്ചു. കുടുംബശ്രീ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉത്പാദനം എന്നിവ മെച്ചപ്പെടുത്തുന്നതിനും, സപ്ലൈകോ വില്പനശാല വഴി അവയുടെ ഫലപ്രദമായ മാർക്കറ്റിങ് ഉറപ്പാക്കുന്നതിനുമാണ് സപ്ലൈകോ എറണാകുളം ആസ്ഥാനത്ത് കുടുംബശ്രീ മാർക്കറ്റിങ് കൺസൽട്ടൻസി സെൽ രൂപീകരിച്ചിട്ടുള്ളത്.

കൺസൽട്ടൻസി സെല്ലിൽ നിന്ന് പ്രോഡക്റ്റ് ഡിസൈൻ, പാക്കേജിങ്, യന്ത്ര സാമഗ്രികൾ, പരസ്യം, മാർക്കറ്റിങ്, ഗുണനിലവാരം, നിയമവശങ്ങൾ, ധനകാര്യം, പ്രവർത്തനഘടന, മാർക്കറ്റ് സർവെ എന്നിവയിൽ മാർഗ നിർദേശം ലഭിക്കും. ഇതു സംബന്ധിച്ച അപേക്ഷാഫോറങ്ങൾ മാവേലി സ്റ്റോറുകൾ, സപ്ലൈകോയുടെ പെട്രോൾ ബങ്കുകൾ, പാചകവാതക വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ലഭിക്കും. അപേക്ഷാഫോറം അവിടെത്തന്നെ തിരിച്ചേല്പിക്കണം.

സംസ്ഥാനത്ത് നിലവിൽ 20000ത്തോളം കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്ക്. ഇവയിൽ പലതും അവശ്യവസ്തുക്കളുടെ ഉത്പാദനമേഖലയിലും വിപണനത്തിലും ഏർപ്പെടുന്നുണ്ട്. എന്നാൽ സാങ്കേതിക പരിശീലനത്തിന്റെ അഭാവം മൂലം കുടുംബശ്രീ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും പുതിയ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കാനും കഴിയാറില്ല. സപ്ലൈ കോയുടെ എല്ലാ വില്പനശാലകളിലും കുടുംബശ്രീ ഉത്പന്നങ്ങൾക്കായി പ്രത്യേക റാക്ക് അനുവദിക്കാനും തീരുമാനിച്ചു.

കൺസൽട്ടൻസി സെല്ലിന്റെ സഹായം ലഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ 0484-2206792 നമ്പറിൽ ബന്ധപ്പെടണം.



# ഡ്രിപ്, സ്പ്രിങ്ക്ളർ

## ജലസേചനസൗകര്യങ്ങൾക്ക് 80 കോടിയുടെ പദ്ധതി

സൂക്ഷ്മ ജലസേചന സംവിധാനങ്ങളായ കണിക ജലസേചനവും സ്പ്രിങ്ക്ളർ ജലസേചനവും വ്യാപകമാക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ് കേന്ദ്രസഹായത്തോടെ 80 കോടി രൂപയുടെ പദ്ധതി നടപ്പാക്കി തുടങ്ങി. മൊത്തം പദ്ധതിച്ചെലവിന്റെ 50% കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതവും ബാക്കി 50% ഗുണഭോക്തൃ വിഹിതവുമായാണ് വക കൊള്ളിച്ചിരിക്കുന്നത്. ഡ്രിപ്, സ്പ്രിങ്കളർ ജലസേചന സൗകര്യങ്ങൾക്ക് ഹെക്ടറിന് യഥാക്രമം പരമാവധി 20000 രൂപയും 7500 രൂപയും ധനസഹായമായി അർഹതപ്പെട്ട കർഷകർക്ക് ലഭിക്കും.

ഓരോ കർഷക കുടുംബത്തിനും പരമാവധി അഞ്ചു ഹെക്ടർ ഭൂമിക്ക് വരെ ധനസഹായത്തിന് അപേക്ഷ നൽകാം. സംസ്ഥാനത്തെ കൃഷിഭവനുകൾ മുഖേന 18542 ഹെക്ടറിൽ ഡ്രിപ്പ് ജലസേചന സൗകര്യം 6666 ഹെക്ടറിൽ സ്പ്രിങ്ക്ളർ സൗകര്യവും വ്യാപിപ്പിക്കാനാണ് ലക്ഷ്യം. തെങ്ങ്, പഴം-പച്ചക്കറി, വാഴ, കശുമാവ്, ഔഷധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനവിളകൾ, അടയ്ക്ക, കൊക്കോ മുതലായ വിളകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവരത്തിന് അടുത്ത കൃഷിഭവനുമായി ബന്ധപ്പെടാം.

# രണ്ടു സന്ദർശനങ്ങൾ



വ്യത്യസ്ത മേഖലകളിൽ പ്രഗത്ഭരും ഉന്നതപദവികൾ വഹിക്കുന്നവരുമായ രണ്ടുപേർ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനുമായി നടത്തിയ കൂടിക്കാഴ്ച വ്യത്യസ്ത അനുഭവമായി. യുണൈറ്റഡ് നേഷൻസ് അണ്ടർ സെക്രട്ടറി ജനറലും പ്രശസ്ത എഴുത്തുകാരനുമായ പ്രവാസി മലയാളി ശശി തരൂരും അമേരിക്കൻ സെനറ്റർ ആർലൻസ്പെക്ടറുമാണ് ആ രണ്ടു പേർ.

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനുമായുള്ള ശശി തരൂരിന്റെ കൂടിക്കാഴ്ച ഊഷ്മളതയും ഗൃഹാതുരത്വവും നിറഞ്ഞതായിരുന്നു. ചന്ദന നിറമുള്ള ജൂബ്ബയും മുണ്ടും ധരിച്ച് സുസ്മേരവദനനായി എത്തിയ ശശി തരൂരിനെ വർഷങ്ങൾക്ക് മുമ്പ് പാലക്കാട്ടുള്ള അദ്ദേഹത്തിന്റെ വസതിയിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചത് ഓർമിച്ചുകൊണ്ടാണ് മുഖ്യമന്ത്രി എതിരേറ്റത്. തന്റെ മാതൃഭാഷാ പ്രയോഗത്തിൽ തെറ്റുവന്നേക്കാം എന്ന മുന്നറിയിപ്പോടെയാണ് ശശി തരൂർ സംഭാഷണമാരംഭിച്ചത്. കേരളത്തിലെ കാർഷിക പ്രതിസന്ധി, അതിനിടയാക്കിയ കാരണങ്ങൾ എന്നിവയെപ്പറ്റിയായി തുടർന്നുള്ള ചർച്ച. ആഗോളവത്കരണ നയത്തിന്റെ ഭാഗമായി ചുങ്കം ചുമത്താതെ ഭക്ഷ്യോത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതാണ് കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നതെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. കേരളത്തിന്റെ പരിമിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാനായി കാർഷിക കടാശ്വാസ ബിൽ ഉടൻ നിയമസഭയിൽ അവതരിപ്പിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. പല രംഗങ്ങളിലും കേരളത്തിന്റെ മാറ്റം അതിവേഗവും വിസ്മയകരവുമാണ്. ഏറെക്കാലത്തിനുശേഷം മലയാളക്കരയ്ക്ക് കാലം വരുത്തിയ മാറ്റത്തിന് മുന്നിൽ ശശി തരൂർ വിനയാന്വിതനായി.

പതിനാറ് വർഷത്തിലേറെയായി ന്യൂയോർക്കിൽ താമസമാണെങ്കിലും കേരളവും മലയാളിയുമാണ് എന്നും തന്റെ രചനകളിൽ നിറഞ്ഞുനിന്നിട്ടുള്ളതെന്ന് ശശി തരൂർ ഓർമിച്ചു.

അമേരിക്കൻ സെനറ്റർ ആർലൻസ്പെക്ടറുടെ മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയും ഹൃദ്യമായിരുന്നു. ഔദ്യോഗിക സന്ദർശനത്തിന്റെ ഗൗരവം ഉൾക്കൊണ്ടുതന്നെ ഇരുവരും സരസ സംഭാഷണത്തിലേർപ്പെട്ടു. കേരളത്തിലെ യാത്രാനുഭവങ്ങളെക്കുറിച്ചും, ഭക്ഷണരീതികളെക്കുറിച്ചും അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് മുഖ്യമന്ത്രി സംഭാഷണത്തിന് തുടക്കമിട്ടത്. തികച്ചും ആസ്വാദ്യകരം എന്നതായിരുന്നു അതിനുള്ള മറുപടി. ഔദ്യോഗിക തിരക്കുകൾക്കിടയിലും ഊർജസ്വലതയും നർമബോധവും വിടാത്ത മുഖ്യമന്ത്രിയെ അഭിനന്ദിച്ച സെനറ്റർക്ക് അറിയേണ്ടിയിരുന്നത് പ്രധാനമായും സംസ്ഥാനത്തെ ഭരണ സംവിധാനത്തെപ്പറ്റിയായിരുന്നു.

ആരോഗ്യവിദ്യാഭ്യാസ രംഗങ്ങളിൽ ഇന്ത്യയ്ക്ക് തന്നെ മാതൃകയായ സംസ്ഥാനത്തിന്റെ നേട്ടങ്ങൾക്ക് പിന്നിലെ ചരിത്ര-സാമൂഹിക പശ്ചാത്തലമായിരുന്നു സെനറ്റർ അതീവ താത്പര്യത്തോടെ ആരാഞ്ഞത്. കേരളത്തിലെ നവോത്ഥാന നായകരെയും, പ്രസ്ഥാനങ്ങളെയും, ഭൂപരിഷ്കരണ നിയമത്തിലൂടെ പിന്നോക്കം നിന്നിരുന്ന ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞതിനെയും കുറിച്ചെല്ലാം മുഖ്യമന്ത്രി സന്ദർശകരെ ധരിപ്പിച്ചു.

അമേരിക്കയിൽ താമസിക്കുന്ന മലയാളികളുടെ ജീവിതത്തെക്കുറിച്ചും പ്രവാസി മലയാളികളോട് അമേരിക്കൻ ഭരണകൂടത്തിന്റെ സമീപനവും മുഖ്യമന്ത്രി സെനറ്ററോട് ചോദിച്ചറിഞ്ഞു.

അന്തർദേശീയ രംഗത്ത് അമേരിക്ക നടത്തുന്ന പല നീക്കങ്ങളോടും മുഖ്യമന്ത്രി തന്റെ വിയോജിപ്പ് പ്രകടിപ്പിക്കാനും മറന്നില്ല. ഇറാഖിലെ സംഭവവികാസങ്ങളും സദ്ദാം ഹുസൈന്റെ വധശിക്ഷയും മുഖ്യമന്ത്രിയുടെ സംഭാഷണത്തിൽ കടന്നുവന്നു. അമേരിക്കൻ ഭരണകൂടത്തിന്റെ ചെയ്തികളിൽ അനിഷ്ടം പ്രകടിപ്പിച്ചപ്പോഴും അമേരിക്കൻ ജനതയോട് ഐക്യദാർഢ്യം പുലർത്തുകയാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

അമേരിക്കൻ സംഘത്തിൽ സെനറ്ററെ കൂടാതെ കോൺസൽ ജനറൽ ഡേവിഡ് ഹോപ്പർ, പബ്ലിക് അഫയേഴ്സ് ഓഫീസർ ഫ്രെഡ് കപ്ലാൻ എന്നിവരാണ് ഉണ്ടായിരുന്നത്. പ്രിൻസിപ്പൽ സെക്രട്ടറി ഷീലാ തോമസ്, പൊളിറ്റിക്കൽ സെക്രട്ടറി കെ.എൻ. ബാലഗോപാൽ, ഇന്ത്യൻ കോൺസലേറ്റിലെ ഫിന്നി ജേക്കബ് എന്നിവരും സംബന്ധിച്ചു.

**പ്രവീൺ. എസ്. ആർ.**
എ.ഐ.ഒ., ഐ&പി.ആർ.ഡി.

# മുഖങ്ങൾ തേടി ആർട്ടിസ്റ്റ് രാധാകൃഷ്ണൻ



ആർട്ടിസ്റ്റ് രാധാകൃഷ്ണൻ പോർട്രെയിറ്റുകൾക്കൊപ്പം

ഒൻപതിനായിരത്തി അഞ്ഞൂറ് മുഖങ്ങളെ പെയിന്റ് ചെയ്ത ഒരു റിക്കാർഡ്. കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ഭരണിക്കാവിലെ ആർട്ടിസ്റ്റ് രാധാകൃഷ്ണനാണ് പോർട്രെയിറ്റ് രചനയിലൂടെ ശ്രദ്ധേയനാവുന്നത്.

രാഷ്ട്രീയ സാമൂഹിക-സാംസ്കാരിക രംഗത്തെ ഒട്ടുമിക്ക പ്രമുഖരുടെയും മുഖങ്ങൾ രാധാകൃഷ്ണൻ ക്യാൻവാസിലാക്കിക്കഴിഞ്ഞു. അക്കൂട്ടത്തിൽ രാഷ്ട്രപതി, പ്രധാനമന്ത്രി, മുഖ്യമന്ത്രി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ളവർ ഉൾപ്പെടെയുണ്ട്.

കുട്ടികളെ ചിത്രരചന പഠിപ്പിക്കുന്നതിലേക്ക് ഗവൺമെന്റ് ഏർപ്പെടുത്തിക്കൊടുത്ത കലാക്ഷേത്രം എന്ന സ്ഥാപനത്തിൽ തൊണ്ണൂറോളം കുട്ടികളെ ചിത്രരചന പഠിപ്പിക്കുന്നുമുണ്ട് രാധാകൃഷ്ണൻ. ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം കൂടി ലഭിച്ചാൽ ഏറെ സഹായകമാകുമെന്ന് രാധാകൃഷ്ണൻ പറയുന്നു.

## ദൂരം അളക്കുന്ന ഉറുമ്പുകൾ



ദൂരം അളക്കുന്നതൊരു വാർത്തയൊന്നുമല്ല, അതു മനുഷ്യരാണ് അളക്കുന്നതെങ്കിൽ. പക്ഷെ ഇത്തിരിക്കുഞ്ഞനുറുമ്പുകൾക്ക് ദൂരം അളക്കാനുള്ള കഴിവുണ്ടെന്ന് പറഞ്ഞാൽ വിശ്വാസം വരില്ല. അതു സത്യമാണെന്ന് ജർമനിയിലെ ഊം യൂണിവേഴ്സിറ്റിയിലെയും സൂറിച്ച് സർവകലാശാലയിലെയും ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു. എത്ര ചുവടുവച്ചു എന്നു മനസ്സിലാക്കിയാണത്രെ ഇവ ദൂരം അളക്കുന്നത്. ആഹാരത്തിന് വേണ്ടി ചുറ്റിവളഞ്ഞ് ദീർഘദൂരം സഞ്ചരിക്കുന്ന ഉറുമ്പുകൾ മടക്കയാത്രയിൽ എളുപ്പത്തിൽ തിരികെ എത്താനുള്ള മാർഗത്തിൽ കൂടി സഞ്ചരിക്കുന്നുവെന്നതാണ് കൗതുകകരമായ വസ്തുത. ഇവയുടെ കാലിൽ പൊയ്ക്കാൽ വച്ചുകെട്ടിയും ഭാഗികമായി കാലു മുറിച്ചുകളഞ്ഞുമാണ് പരീക്ഷണം നടത്തിയത്. സഹാറ മരുഭൂമിയിലുള്ള ഉറുമ്പുകളെയാണ് ഇതിനുപയോഗിച്ചത്.

## പ്രതിരോധശേഷിയുമായി ആസ്പിരിൻ

ആസ്പിരിൻ എന്ന പേര് കേൾക്കാത്തവരുണ്ടാവില്ല. രക്തത്തിൽ ഉയർന്ന കൊളസ്ട്രോളിന് മരുന്ന് കഴിക്കുന്നവർക്ക് ആസ്പിരിന്റെ സാന്നിധ്യം രക്തം കട്ടപിടിക്കാനുള്ള സാധ്യത കുറയ്ക്കാൻ സഹായിക്കും. മാത്രവുമല്ല കൊറോണറി ഹൃദ്രോഗം ഉള്ളവർക്ക് ആസ്പിരിനിൽ നിന്ന് ആന്റി-കൊയാഗുലന്റ് എഫക്ട്സും ലഭിക്കുമെന്ന് പുതിയ കണ്ടെത്തൽ. രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് സാധാരണഗതിയിൽ ആയിരിക്കണമെന്ന് മാത്രം. ഹൃദ്രോഗം അതിജീവിച്ചവർ, അൺസ്റ്റേബിൾ അൻജൈന ഉള്ളവർ, ബൈപാസ് ശസ്ത്രക്രിയ കഴിഞ്ഞവർ, ഉയർന്ന കൊളസ്ട്രോൾ ഉള്ളവർ ഇവർക്കൊക്കെ പ്രതീക്ഷയാവുകയാണ് ആസ്പിരിൻ നല്കുന്ന പ്രതിരോധം. പോളണ്ടിലെ പ്രൊഫ. ആൻഡ്രു ഷെഡെക്ലിക്കും പടിഞ്ഞാറൻ ആസ്ട്രേലിയയിലെ പ്രൊഫ. ഗ്രേംഹാങ്കിയുമാണ് ഈ കണ്ടെത്തലിന് പിന്നിൽ.






## മിഡ്ജുകൾ


അമേരിക്കയിലെ ചില ഒറ്റപ്പെട്ട സ്ഥലങ്ങളിലുള്ള ശുദ്ധജലതടാകങ്ങളിൽ കണ്ടുവരുന്ന പ്രാണിയാണ് മിഡ്ജ്. ഇവയ്ക്ക് കാലാവസ്ഥയിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് സന്ദേശം നൽകാൻ കഴിയുമത്രെ. മിഡ്ജ്സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നമ്മുടെ ഭൂഗോളത്തിന് ചൂട് കൂടുന്നു എന്നതിന് വ്യക്തമായ അധിക തെളിവാണെന്ന് പുതിയ ഗവേഷണ മതം. പടിഞ്ഞാറൻ അമേരിക്കയിലെ ആറ് പർവതങ്ങളിൽ സ്ഥിതി ചെയ്യുന്ന തടാകങ്ങളിലുള്ള മിഡ്ജുകളെയാണ് പഠനവിധേയമാക്കിയത്. കാഴ്ചയ്ക്ക് കൊതുകിനെപ്പോലെയാണ് എങ്കിലും ഇവ സാധാരണ ആരെയും കടിയ്ക്കാറില്ല. ഭൂമിയുടെ ചൂട് കഴിഞ്ഞ രണ്ടു ദശകങ്ങളിലേതിനെക്കാളും കൂടി വരുന്നു എന്ന് ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ തെളിയിക്കുന്നതായി ഓഹിയോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ജ്യോഗ്രഫി പ്രൊഫസർ ഡേവിഡ് പൊറിഞ്ചു പറയുന്നു.

## ഇന്റലിജന്റ് സ്പൂൺ

സ്പൂണിനെക്കുറിച്ച് കേൾക്കാത്തവരും അറിയാത്തവരുമുണ്ടാവില്ല. അതിന്റെ ഉപയോഗത്തിന്റെ സാധ്യത തുച്ഛമാണ് എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ സ്പൂണിന് ഇന്ദ്രിയജ്ഞാനം കൈവന്നാലോ? ഉപ്പും പുളിയും എരിവും ചൂടും ഒക്കെ പാകമാണോ എന്ന് നോക്കിപ്പറയും കോണിചെങ്ങും ലിയോനാർഡോ ബോനാന്നിയും കൂടി കണ്ടു പിടിച്ച ഇന്റലിജന്റ് സ്പൂൺ. ഇതെങ്ങനെയാണെന്നോ? ഒരു കേബിൾ വഴി ഈ സ്പൂൺ കംപ്യൂട്ടറിലേക്ക് ഘടിപ്പിച്ചിട്ടുണ്ട്. പാകം ചെയ്യുന്ന ആഹാരത്തിന്റെ വിശദ വിവരങ്ങൾ സ്പൂണിൽ ഘടിപ്പിച്ചിട്ടുള്ള സെൻസറുകൾ കംപ്യൂട്ടറിലേക്ക് അയയ്ക്കുന്നു. രുചി നോക്കുന്നത് കംപ്യൂട്ടറും വിളിച്ചുപറയുന്നത് സ്പൂണും എന്ന് ചുരുക്കം. ഇനിയിപ്പോ എരിവും പുളിയും ഉപ്പും കൂടുമോ എന്നാലോചിച്ച് തല പുകയ്ക്കണ്ട എന്നാണോ? രക്ഷയില്ല. ഈ കുഞ്ഞുവീരന് നമ്മുടെ രാജ്യത്തേക്കിതുവരെ 'വിസ' ഓകെ ആയിട്ടില്ല.



## അനിൽകുമാർ നായർ



സിങ്കപ്പൂർ സർക്കാരിന്റെ അംബാസഡറായി അനിൽകുമാർ നായർ നിയമിതനായി. സിങ്കപ്പൂർ വിദേശകാര്യ സർവീസിൽ ഏതെങ്കിലുമൊരു രാജ്യത്ത് അംബാസഡറാകുന്ന ആദ്യത്തെ ഇന്ത്യാക്കാരനാണിദ്ദേഹം. മലയാളിയായ അനിൽകുമാർനായർ 1993ലാണ് സിങ്കപ്പൂർ വിദേശകാര്യ സർവീസിൽ ചേർന്നത്.

## 2006ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്



2006ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിന് ചെറുകഥാവിഭാഗത്തിൽ ചുവന്ന ചിഹ്നങ്ങൾ എന്ന കഥ അർഹമായി. എം. സുകുമാരനാണ് കഥാകൃത്ത്. അമ്പതിനായിരം രൂപയും ശില്പവും പ്രശസ്തിപത്രവും ലഭിക്കും.

# ഏഷ്യൻ ഗെയിംസ്

## ഏഷ്യൻ ഗെയിംസ്

എഷ്യൻ ഗെയിംസിൽ 4 X 400 മീറ്റർ വനിതാ റിലെയിൽ ഇന്ത്യ അഭിമാനാർഹമായ വിജയം നേടി. മലയാളിയായ ചിത്ര കെ. സോമൻ, പിങ്കി പ്രമാണിക്,. എസ്. ഗീത, മഞ്ജിത്കൗർ എന്നിവരാണ് ഇന്ത്യയ്ക്ക് വേണ്ടി സ്വർണം നേടിയത്.






## പാർക്ക് തേ-ഹ്വാൻ

ദക്ഷിണകൊറിയയുടെ പാർക്ക് തേ-ഹ്വാൻ ഏഷ്യൻ ഗെയിംസിലെ മികച്ച താരമായി തെരഞ്ഞെടുക്കപ്പെട്ടു. മൂന്ന് സ്വർണവും ഒരു വെള്ളിയും മൂന്ന് വെങ്കലവുമടക്കം 7 മെഡലുകളാണ് നേടിയത്. 17 വയസ്സുള്ള സ്കൂൾ വിദ്യാർത്ഥിയാണ് ഈ നീന്തൽ താരം. 200, 400, 1500 മീറ്റർ ഫ്രീസ്റ്റൈൽ ഇനങ്ങളിലാണ് സ്വർണം നേടിയത്. കൂടാതെ 1500 മീറ്ററിൽ 15 മിനിറ്റിനുള്ളിൽ നീന്തിയെത്തിയ ആദ്യ ഏഷ്യാക്കാരനും ഹ്വാൻ ആണ്.

## ആറന്മുള പൊന്നമ്മയ്ക്ക് ജെ.സി ദാനിയേൽ അവാർഡ്



ചലച്ചിത്രരംഗത്ത് സമഗ്രസംഭാവന നൽകിയവർക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ജെ.സി ദാനിയേൽ അവാർഡ് മലയാള സിനിമയുടെ തറവാട്ടമ്മയായ ആറന്മുള പൊന്നമ്മയ്ക്ക് ലഭിച്ചു. ഈ അവാർഡ് നേടുന്ന ആദ്യവനിതയാണിവർ. 65 വർഷമായി മലയാള സിനിമാരംഗത്ത് സജീവ സാന്നിധ്യമാണ് ഈ അഭിനേത്രി. നടനും സാഹിത്യകാരനുമായ മുതുകുളം രാഘവൻപിള്ള രചിച്ച ഭാഗ്യലക്ഷ്മി എന്ന നാടകത്തിലൂടെയാണ് ആറന്മുള പൊന്നമ്മ കലാജീവിതം ആരംഭിച്ചത്. ശശിധരൻ എന്ന ചിത്രത്തിൽ മിസ്. കുമാരിയുടെ അമ്മയായിട്ടാണ് സിനിമാജീവിതത്തിൽ കടക്കുന്നത്. തുടർന്ന് ഇരുന്നൂറിലേറെ ചിത്രങ്ങളിൽ അഭിനയിച്ചു. അനേക വർഷങ്ങളായി മലയാള ചലച്ചിത്രവേദിക്ക് നല്കി വരുന്ന സംഭാവനകൾ പരിഗണിച്ചാണ് ഈ അവാർഡിന് ആറന്മുള പൊന്നമ്മയെ തെരഞ്ഞെടുത്തത് എന്ന് മന്ത്രി എം.എ. ബേബി അറിയിച്ചു. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനും ഫാസിൽ, കെ.പി.എ.സി. ലളിത, സാംസ്കാരിക വകുപ്പ് സെക്രട്ടറി ശാരദാമുരളീധരൻ, ചലച്ചിത്ര അക്കാദമി ചെയർമാൻ കെ.ആർ. മോഹനൻ എന്നിവർ അംഗങ്ങളുമായ സമിതിയാണ് അവാർഡ് നിശ്ചയിച്ചത്. ഒരു ലക്ഷം രുപയും പ്രത്യേകം രൂപകല്പന ശില്പവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.